Date of publication: 9 ഫെബ്രുവരി 2015
വോള്യം 9 / ലക്കം 2 / വില 15 ₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത

## ലൈംഗിക സദാചാരസംഹിതകളും സ്ത്രീകളും - പി.ലിസ







# സംഘടിത

ഫെബ്രുവരി 2015 |വോള്യം 9 |ലക്കം 2


# ഉള്ളടക്കം


11. സംസ്കാരവും സദാചാരവും - ഡോ.പ്രിയ .പി
13. ഓർമ്മക്കല്ല് (കവിത)സുനിതാ തോപ്പിൽ
14. സംസ്ക്കാരവും സദാചാരവും- ഡോ.സി.അജിത
20 ശരീരം അപകോളനീകരിക്കപ്പെടുമ്പോൾ - ഡോ.സജിത കിഴിനിപ്പുറത്ത്
23. സദാചാരംഒരു ആചാരം -ഡോ.നിമ്മി എ.എ
25. ഒരു കണക്ക് (കവിത)നന്ദിത വിസ്മയ
26. ലൈംഗികസദാചാരസംഹിതകളും സ്ത്രീകളും - പി.ലിസ
31. പ്രാചീന കേരളവും സംസ്ക്കാരവും -വിജിത.പി.
35. സാഹിത്യവും സാഹിത്യനിരൂപണവും : സ്ത്രീപക്ഷം - മായ.എസ്
37. ഉപ്പുംമുളകും - ഗീത
39. പുഴകൾ പഴങ്കഥകൾ - മൈന ഉമൈബാൻ
43. കഥ പറയുന്ന സുമതി - അമ്പിളി സുധീർ
45. യാത്രാവസാനം (കവിത) - സന്ധ്യ.ഇ
46 നഗരം (കഥ) - പ്രിയ ഉണ്ണികൃഷ്ണൻ
48. സദാചാരം (കവിത) -ഹിമ വി.സി
49. റൂബെല്ല വാക്സിന്റെ സ്ത്രീവിരുദ്ധരാഷ്ട്രീയം -സൗമ്യ പി.ആർ.
53. ആദിവാസി ഗ്രാമസഭ നിയമത്തിനുവേണ്ടി ആദിവാസി പാർലമെന്റ്
55. ഇമാലിന്യങ്ങളുടെ രസതന്ത്രം-സീമ ശ്രീലയം
57. അന്വേഷി 'ഷോർട്ട് സ്റ്റേ ഹോം' ഉദ്ഘാടനം
തയ്യാറാക്കിയത് : അമ്പിളി സുധീർ





7


**സമരവും സംസ്ക്കാരവും ചില സമാന്തര ചിന്തകൾ**
- ഡോ.കലമോൾ ടി.കെ





17

**സംസ്കാരം മർദ്ദനോപാധിയാകുമ്പോൾ –** ഡോ. രാജശ്രീ എം.


29

**ജീവിതം ഒരു സദാചാരപ്രശ്നമാണ്–**
ശോഭിത ജോയ്



| | | |
|---|---|---|
| എഡിറ്റർ | : | സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | റീന എ.എം |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, സി.എസ്. മീനാക്ഷി, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. കെ.എം. ഷീബ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com



## എഡിറ്റോറിയൽ



സാറാജോസഫ്

*പ്രിയപ്പെട്ട വായനക്കാരോട്*

*സംഘടിതയുടെ തുടക്കം മുതൽക്ക് ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരുന്നു. സംഘടിത പോലെ ഒരു സ്ത്രീപ്രസിദ്ധീകരണം നിലനിൽക്കേണ്ടത് അനിവാര്യമായ ആവശ്യമാണെന്ന തിരിച്ചറിവാണ് താങ്ങാനാവുന്നതിനേക്കാൾ അധികം അധ്വാനഭാരം വഹിക്കുമ്പോഴും സംഘടിതക്കുവേണ്ടി ജോലി ചെയ്യാൻ എന്നെ പ്രേരിപ്പിച്ചത്. എന്നാൽ ഇപ്പോൾ വ്യക്തിപരമായി സംഘടിതയുടെ ഉത്തരവാദിത്വത്തിൽ നിന്ന് കുറച്ചൊന്ന് മാറി നിൽക്കാൻ ഞാൻ നിർബന്ധിതയായിരിക്കുന്നു. ബാലാരിഷ്ടതകൾ മറികടന്നിട്ടുണ്ട് സംഘടിത എന്നാണ് എന്റെ വിശ്വാസം. ഏറ്റവും പരിമിതമായ സാഹചര്യങ്ങളിലും നാലുവർഷങ്ങളായി ഒരൊറ്റ ലക്കം പോലും മുടങ്ങാതെ സംഘടിത പുറത്തിറങ്ങിയത് അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നവരുടെ നിസ്വാർത്ഥമായ കഠിനാദ്ധ്വാനം കൊണ്ടാണ്. ഇന്ന് കേരളസമൂഹത്തിൽ സ്ത്രീകളുടെ പ്രതീക്ഷയുടെ പ്രതിനിധാനമായി സംഘടിത വേരുറപ്പിച്ചു കഴിഞ്ഞു. വളർച്ചയിലേക്ക് കുതിക്കുന്ന സംഘടിതക്ക് എല്ലായ്പ്പോഴും എന്റെ സ്നേഹവും കരുതലും ഉണ്ടാവും.*

*എന്നോട് സഹകരിച്ച സംഘടിതയുടെ പ്രവർത്തകർക്കും പ്രിയവായനക്കാർക്കും എന്റെ നന്ദിയും സ്നേഹവും.*

*സ്വന്തം സാറാടീച്ചർ*

## ഗസ്റ്റ് എഡിറ്റേഴ്സ നോട്ട്



**റീന എ.എം.**

**കേ**രളീയ പൊതുമണ്ഡലത്തിൽ ഇന്ന് സദാചാരം ഒരു പ്രധാന ചർച്ചാ വിഷയമാണ്. ചുംബനസമരത്തെ മുൻനിർത്തി പ്രണയവും രതിയും സംസ്ക്കാരവും പുനർവിചിന്തനം ചെയ്യപ്പെടുന്ന സാംസ്ക്കാരിക സന്ദർഭം കൂടിയാണിത്. വ്യവസ്ഥാപിതമായ എല്ലാ മൂല്യങ്ങളും കീഴ്മേൽ മറിയ്ക്കപ്പെടുന്നു. ഉറച്ചുപോയ ശരിതെറ്റുകളുടെ അളവുകോലുകൾ പുതിയ കാലത്തിന് ചേരുന്നതാണോ എന്ന് ആഴത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. മതം, ദേശീയത, സദാചാരം, പാരമ്പര്യം ഇവയുടെ ബന്ധവ്യവസ്ഥകൾ ഒരു ജനതയെ അധികാരത്തിന്റെ സ്വരൂപങ്ങളിൽ ഞെരുക്കിയെടുക്കുന്നു എന്നതിന്റെ വിശകലനം കൂടിയായി തീരുന്നു ഇത്. അതിനാൽ ഇന്ന് ചുംബനം ഒരു സ്വാഭാവിക ജീവശാസ്ത്രപ്രശ്നമല്ല. അത് ഒരു പുതിയ സാമൂഹനിർമ്മിതിയുടെ ശാസ്ത്രീയകവാടമായി തീരുന്നുണ്ട്.

സംസ്ക്കാരത്തിന്റെ വിശകലനമെന്നനിലയിൽ പുതിയ തലമുറ ഉയർത്തിയ ഫാഷിസ്റ്റ് വിരുദ്ധസമരരൂപമെന്ന നിലയിൽ ചുംബനസമരം ആഴത്തിലുള്ള പരിശോധനകൾ അർഹിക്കുന്നുണ്ട്. സംസ്ക്കാരത്തെ സംബന്ധിക്കുന്ന അത്തരം നാനാതരത്തിലുള്ള അന്വേഷണമാണ് 'സംഘടിത' ഈ ലക്കം വിഭാവനം ചെയ്തത്.

ഓരോ ജനസമൂഹവും അവരുടെ നിലനിൽപ്പിനുവേണ്ടി സൃഷ്ടിച്ചെടുത്ത മൂല്യവ്യവസ്ഥയാണ് സദാചാരം. അത് സംസ്ക്കാരത്തിന്റെ അധികാരസ്വരൂപമാണ്. എല്ലാ കാലത്തിനും ദേശത്തിനും സ്വീകാര്യമായ നിയമവ്യവസ്ഥയല്ല സദാചാരം. സംസ്ക്കാരം പോലെ കാലദേശാധിഷ്ഠിതമായ രൂപാന്തരങ്ങൾ സദാചാരത്തിൽ ദൃശ്യമാണ്. സമൂഹത്തിന്റെ അധികാരഘടനയിൽ നിന്ന് ഉരുത്തിരിയപ്പെടുന്നതാണ് സദാചാരനിയമങ്ങൾ. പുരുഷമേധാവിത്ത സമൂഹത്തിൽ സ്ത്രീയെ അടക്കിനിർത്താൻ വേണ്ടി തന്നെയാണ് സദാചാരനിയമങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

ആദികാലം മുതലേ സ്ത്രീസ്വത്വനിർമ്മിതി നിർവ്വഹിച്ചിരുന്നത് പുരുഷന്മാരായിരുന്നു. ബഹുവിധമായ അറിവുസമാർജ്ജനത്തിലൂടെ സ്ത്രീകൾ സ്വയം പുനർനിർമ്മിക്കാൻ തുടങ്ങിയ കാലഘട്ടം മുതൽ വ്യവസ്ഥാപിത സമൂഹത്തിന്റെ അഴിച്ചുപണി ആരംഭിക്കുന്നു. വിദ്യാഭ്യാസ സ്വാതന്ത്ര്യത്തോടൊപ്പം സാമ്പത്തികസ്വാതന്ത്ര്യവും സ്ത്രീചിന്തകളിൽ നിർണ്ണായകസ്വാധീനം ചെലുത്തി. നവോത്ഥാനാനന്തരകാലഘട്ടം ഇരട്ട ഉത്തരവാദിത്വമാണ് സ്ത്രീക്ക് നൽകിയത്. സാധാരണരീതിയിൽ കുടുംബത്തിനകത്ത് സ്ത്രീ നിർവ്വഹിച്ചിരുന്ന വേതനമില്ലാത്ത ജോലിയോടൊപ്പം പുറത്തുപോയി ചെയ്യേണ്ട വേതനമുള്ള ജോലിയും തുല്യപരിഗണനയോടെ ഏറ്റെടുക്കേണ്ടി വന്നു. ഇതിലേതെങ്കിലുമൊന്നിൽ അനാസ്ഥകാണിക്കാതെ സൂക്ഷ്മമായി ചെയ്തുതീർക്കേണ്ട ഞാണിൻമേൽക്കളിയായി ആധുനിക സ്ത്രീ ജീവിതം.

മതസമൂഹത്തിൽ സ്ത്രീശരീരം മതചിഹ്നങ്ങളുടെ പ്രകടസ്ഥലമായിരുന്നു. ആധുനികസമൂഹത്തിലും സ്ത്രീശരീരം മതചിഹ്നങ്ങൾക്ക് വിശ്രമിക്കാനുള്ള ഇടം തന്നെ. പുരുഷാധിപത്യസമൂഹത്തിൽ തെരുവിലിറങ്ങുന്ന സ്ത്രീ എക്കാലവും വിലക്കപ്പെടേണ്ടവളായിരുന്നു. സ്വതന്ത്രത പൂർണ്ണമായും അവകാശപ്പെടാൻ സാധിക്കില്ലെങ്കിലും വ്യക്തിപരവും ജോലിസംബന്ധവുമായി പൊതുഇടങ്ങളിലുള്ള സ്ത്രീസാന്നിദ്ധ്യം ഇന്ന് ദൃശ്യമാണ്. ആധുനിക സമൂഹം അംഗീകരിക്കുന്നുണ്ട്. എന്നാൽ ആത്മാവിഷ്കാരപരമായ രാഷ്ട്രീയ ഇടപെടലിനെ സമൂഹം ഗുണപരമായിട്ടായിരുന്നില്ല നോക്കിക്കണ്ടത്. ചുംബനസമരത്തെ അംഗീകരിക്കാത്തവർ പോലും പ്രത്യക്ഷമോ പരോക്ഷമോ ആയ പീഡനത്തെ നിശ്ശബ്ദമായി അംഗീകരിച്ച് നിർവൃതിയടയുകയാണ്.

ചുംബനം സാർവ്വകാലികമായ ഒരു സ്നേഹപ്രകടനമാണ്. “രണ്ടുപേർ ചുംബിക്കുമ്പോൾ ലോകമാണ് മാറുന്നത്.” പീഡനങ്ങൾ അരങ്ങേറുന്ന പുതിയ കാലത്ത് പീഡകർക്കെതിരെക്കൂടിയാണ് തെരുവിൽ ചുംബിച്ചവർ പ്രതികരിച്ചത്. ഈ ലോകം ഇങ്ങനെത്തന്നെ നിൽക്കണമെന്നാണ് ചിലർ ആഗ്രഹിക്കുന്നത്. ചുംബനം ലൈംഗികചേഷ്ട മാത്രമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ നമ്മുടെ ലൈംഗികസങ്കല്പങ്ങൾ മാറേണ്ടതുണ്ട്. പരിമിതമായ മണ്ഡലത്തിൽ നിന്നുകൊണ്ടാണ് നാം ഇത്തരം പ്രതീകാത്മകസമരങ്ങളെ വിലയിരുത്തുന്നത്.

സംസ്ക്കാരമെന്നത് നമുക്കെവിടെയെങ്കിലും തളച്ചിടാവുന്ന ഒന്നല്ല. അത് ഒഴുകുന്ന ഒരു നദിപോലെയാണ്. കാലദേശങ്ങൾക്കനുസരിച്ച് ഓരോ ജനസമൂഹവും സ്വീകാര്യമെന്ന് തോന്നുന്നത് കൂട്ടിച്ചേർക്കുകയും അനുദിനം പരിഷ്കരിക്കുകയും ചെയ്തുകൊണ്ടു മാത്രമേ ഏതൊരു സംസ്ക്കാരത്തിനും നിലനിൽക്കാനാകൂ. നാം കടന്നുവന്ന ഒരു സംസ്ക്കാരത്തിന്റെ പുനരുത്ഥാനം ആഗ്രഹിക്കുന്ന ഒരു ചെറുന്യൂനപക്ഷമാണ് പ്രാകൃതം എന്ന് വിശേഷിപ്പിക്കാവുന്ന ആശയധാരയുടെ വക്താക്കളായി ഇന്ന് തെരുവിലിറങ്ങി ഒരു സമരരൂപത്തെപ്പോലും കയ്യേറ്റം ചെയ്യാനൊരുങ്ങുന്നത്. സംസ്ക്കാരത്തെ ഇങ്ങനെ പ്രാകൃതാവസ്ഥയിലേക്ക് കൊണ്ടുപോകുമ്പോഴൊക്കെ അതിനെതിരെയുള്ള പ്രതിരോധവും ഉണ്ടാകാറുണ്ട്. നമുക്ക് മുന്നോട്ട് മാത്രമേ പോകാനാകൂ. സ്ത്രീസ്വത്വത്തെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളൊക്കെ ചരിത്രം സദാചാരവിരുദ്ധമായാണ് കണ്ടിരുന്നത്. പിന്നീട് ഇത്തരം ശ്രമങ്ങളെല്ലാം തന്നെ സംസ്ക്കാരത്തിന്റെ ഭാഗമായി തീരുകയും ചെയ്തു. ആത്മാവിഷ്ക്കാരപരമായ ഇടപെടലുകൾ പൊതുജീവിതത്തിന്റെ ഭാഗമായിത്തീരുന്ന ഒരു സമയം വരുകതന്നെ ചെയ്യും. ചരിത്രം അതാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

കവർസ്റ്റോറി



# സമരവും സംസ്ക്കാരവും
## ചില സമരാനന്തര ചിന്തകൾ



ഡോ.കലമോൾ ടി.കെ

**നി**രന്തരമായ തിരുത്തലുകൾക്ക് വിധേയമായി രൂപപ്പെട്ടുവരുന്ന സവിശേഷ സാമൂഹ്യാവസ്ഥയാണ് കേരളത്തിലേത്. സ്വകാര്യമെന്നും പരസ്യമെന്നും രണ്ടു പ്രധാന കള്ളികളിലൊതുക്കി നിർവ്വചിക്കാവുന്ന മലയാളിജീവിതത്തെ പിടിച്ചുലയ്ക്കുന്ന സമരങ്ങൾ കോളനിയനന്തര കാലഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. മിക്കവയും പുരുഷൻ നേതൃത്വം നൽകിയവ. സ്ത്രീകളുടേതായി രേഖപ്പെടുത്തപ്പെട്ട ആദ്യകാലസമരങ്ങൾ ചീമേനിയിലെ 'തോലുവിറകു സമര' വും കണ്ടുംകൈയ്യിലെ 'മേച്ചിൽ പുല്ലു സമര'വും ആയിരുന്നു. കേരളത്തിന്റെ പൊതുസംസ്ക്കാര രൂപീകരണത്തിൽ സാമ്രാജ്യത്വാധിനിവേശം നിർണ്ണായകമായ സ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ട്. വിക്ടോറിയൻ സദാചാര സങ്കൽപ്പത്തിലധിഷ്ഠിതമായ പുരുഷമേധാവിത്വ കുടുംബവ്യവസ്ഥ അതിലൊന്നുമാത്രം. തികച്ചും അവ്യവസ്ഥിതമായ രീതിയിൽ നിറവേറിയിരുന്ന ബന്ധങ്ങളെ ശാശ്വതവും നിയമപരവുമാക്കി തീർക്കാനുള്ള ശ്രമങ്ങളായിരുന്നു നവോത്ഥാന കാലം മുതൽക്കേ കണ്ടു വന്നിരുന്നത്. കേരള സമൂഹം അതിൽ ഏറെക്കുറെ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

വസ്ത്രം വ്യക്തിത്വത്തിന്റെ പ്രഘോഷണമെന്ന് കൊണ്ടാടപ്പെടുന്നതിനുമുമ്പ് ജാതിയുടെ മാത്രം അടയാളമായിരുന്നു. കീഴ്ജാതിക്കാർ എന്ത്, എങ്ങിനെ ഉടുക്കണമെന്ന് മേലാളർ ശഠിച്ചി



രുന്നു. 'മാറുമറയ്ക്കൽ സമരം' എന്നുകൂടി വിളിക്കപ്പെട്ട 'ചാന്നാത്തില ഹള' യോടെ ശരീരം എവിടെയൊക്കെ മറയ്ക്കണമെന്ന സ്വയം ബോധം സ്ത്രീക്കുണ്ടാവാൻ തുടങ്ങിയിരിക്കാം. വസ്ത്രം പിന്നീട് അനേകം ബാധ്യതകളിലേക്ക് സ്ത്രീകളെ കൊണ്ടെത്തിച്ചതിന് ചരിത്രം സാക്ഷി. ഇന്നും തങ്ങളുടെ പെണ്ണുങ്ങളെ എന്തുടുപ്പിക്കണമെന്നത്, പിഞ്ചുകുഞ്ഞുങ്ങൾ പോലും ലൈംഗികചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ചൂടേറിയ ചർച്ചകൾക്ക് പുരുഷന്മാരെ നിർബന്ധിക്കുന്നു. ബലാൽക്കാരമല്ല, വസ്ത്രമാണ് വിഷയം.

നാടോടുമ്പോൾ നടുവെ ഓടാത്ത ചില ന്യൂനപക്ഷചിന്തകളാണ് എന്നും ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ടിരുന്നത്. ഒരു കാലത്ത് കേൾക്കുന്നവർക്ക് ഭ്രാന്തമെന്ന് തോന്നിയിരുന്ന ആശയങ്ങൾ ചരിത്രത്തിലെ നിർണ്ണായകസംഭവങ്ങളായി ഇന്ന് അടയാളപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നേതാവോ നേതാക്കളോ നയിക്കുന്ന പ്രക്ഷോഭങ്ങൾ മുഖ്യധാരയിൽ നിന്നു പിന്മാറിയിരിക്കുകയാണ്. അടുത്ത കാലത്ത് രൂപം കൊണ്ട ചില സമരങ്ങൾ ഏകനേതൃകേന്ദ്രീകൃതാവസ്ഥയിൽ നിന്ന് വ്യതിരിക്തമായി അണികളുടെ സംഘപ്രകടനത്തെ ആശ്രയിച്ച് ജനശ്രദ്ധ പിടിച്ചുപറ്റിയവയാണ്. ചില രാഷ്ട്രീയമുന്നേറ്റങ്ങളിൽ നേതാവു വിസ്മരിക്കപ്പെട്ടുപോയ അവസ്ഥയും സംജാതമായി. ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങൾ ചുവരെഴുത്ത്, പോസ്റ്റൊറൊട്ടിക്കൽ, കവല പ്രസംഗം, പഠനക്ലാസ്സുകൾ ഇവയ്ക്കൊക്കെ ചെലവഴിക്കുന്ന സമയം

സ്ത്രീകൾ പുരുഷന്മാരോടൊപ്പം തുല്യപങ്കാളിത്തം ഉറപ്പാക്കിയ ചുംബനസമരത്തിന്റെ അലയൊലികൾ ഇനിയുമടങ്ങിയിട്ടില്ല. ഭരണകൂടം നിർവ്വഹിക്കേണ്ട ചില തീർപ്പുകൾ സ്വകാര്യസ്വംഘങ്ങൾ ഏറ്റെടുത്തു വിധിക്കുമ്പോൾ എതിർപ്പുകൾ ഉണ്ടാവുക സ്വാഭാവികമാണ്. പുരുഷാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ കുടുംബം, മതം, ഭരണം എന്നീ വ്യവസ്ഥകൾക്കെതിരെ സ്ത്രീകൾ ശബ്ദമുയർത്തുമ്പോൾ ജനശ്രദ്ധ വർദ്ധിക്കുന്നു.

ലാഭിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽ കാര്യസാദ്ധ്യത്തിലെത്താൻ സഹായകമായെന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

ഇത്തരം സമരങ്ങളുടെ ഒരു പ്രത്യേകത അതിവൈകാരിക പ്രകടനങ്ങളും അതിവേഗ തീരുമാനങ്ങളുമാണ്. വിചാരപരമായ പ്രതികരണങ്ങളേക്കാൾ അവ മാധ്യമശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്യുന്നു. സ്ത്രീകൾ പുരുഷന്മാരോടൊപ്പം തുല്യപങ്കാളിത്തം ഉറപ്പാക്കിയ ചുംബനസമരത്തിന്റെ അലയൊലികൾ ഇനിയുമടങ്ങിയിട്ടില്ല. ഭരണകൂടം നിർവ്വഹിക്കേണ്ട ചില തീർപ്പുകൾ സ്വകാര്യസ്വംഘങ്ങൾ ഏറ്റെടുത്തു വിധിക്കുമ്പോൾ എതിർപ്പുകൾ ഉണ്ടാവുക സ്വാഭാവികമാണ്. പുരുഷാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ കുടുംബം, മതം, ഭരണം എന്നീ വ്യവസ്ഥകൾക്കെതിരെ സ്ത്രീകൾ ശബ്ദമുയർത്തുമ്പോൾ ജനശ്രദ്ധ വർദ്ധിക്കുന്നു. ഫ്യൂഡൽമതമൂല്യങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന വർത്തമാന കുടുംബബന്ധങ്ങളിൽ സ്ത്രീയുടെ ഇടങ്ങളും ഇടപെടലുകളും  വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീയുടെ ആരോപിത സാമൂഹ്യസ്വത്വത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്ന പ്രവൃത്തികൾ യാഥാസ്ഥിതിക സമൂഹത്തിന്റെ കടുത്തവിമർശനത്തിനു കാരണമാകാറുമുണ്ട്. അതുകൊണ്ട് ചുംബനസമരത്തിലെ സ്ത്രീപങ്കാളിത്തം ചർച്ചകളുടെ കേന്ദ്രവിഷയമായി മാറുന്നു.

പരമ്പരാഗതമായി സ്ത്രീകൾ സ്വതന്ത്രവ്യക്തികളായി കണക്കാക്കപ്പെട്ടിരുന്നില്ലെന്ന് ചരിത്രം നമ്മോടു പറയുന്നു. പെങ്ങളോ മകളോ അമ്മയോ ഭാര്യയോ ആയി–സ്വത്വബോധമില്ലാത്തവരായി–മാത്രം ജീവിക്കുക. ഇന്ന് വീട്ടകങ്ങൾ പോലും സുരക്ഷിതമല്ലാതിരിക്കുമ്പോൾ 'വീട്ടിൽ പോടീ' ന്നു ശകാരിക്കുന്ന അസഹിഷ്ണുക്കൾ നിറഞ്ഞ പൊതുസമൂഹമാണുള്ളത്. തങ്ങൾ നിർണ്ണയിച്ച 'ലക്ഷ്മണരേഖകൾ' കവച്ചുകടക്കുന്ന സ്ത്രീകൾ നേരിടേണ്ടിവരുന്നത് ആത്മാഭിമാനം

തകർക്കുന്ന തരത്തിലുള്ള സത്വര പ്രതികരണങ്ങളാണ്. വലിയ രാഷ്ട്രീയമാനമുള്ള വസ്തുതയാണ്, സ്ത്രീകളും പുരുഷന്മാരും പങ്കെടുത്ത സമരത്തിൽ എന്തുകൊണ്ട് സ്ത്രീ നിരന്തരമായി വേട്ടയാടപ്പെടുന്നു എന്നത്. ശരീരം മാത്രമായി സ്ത്രീ വീണ്ടും തരംതാഴ്ത്തപ്പെടുന്നു. സ്വാതന്ത്ര്യപൂർവ്വ ഘട്ടത്തിൽ 'സാധനം' എന്നും പിന്നീട് ചരക്ക്, പീസ് എന്നുമൊക്കെ വ്യവഹരിക്കപ്പെട്ടു പോന്ന ഒരേയൊരു ജീവിവർഗ്ഗം മലയാളി സ്ത്രീയാണെന്നഭിമാനിക്കാം!

അന്തർജ്ജനങ്ങൾക്കും ചുംബിക്കാനറിയാമെന്ന ഞെട്ടലുണ്ടാക്കുന്ന വസ്തുത, വി.ടി.ഭട്ടതിരിപ്പാട് കഥ എന്ന മാധ്യമത്തിലൂടെ നമ്പൂതിരി പുരുഷന്മാർക്ക് തെളിയിച്ചുകൊടുത്തു. തത്തയ്ക്കാരും കൂടു തുറന്നുകൊടുക്കില്ല, തത്ത അതിന്റെ കൊക്കുകൊണ്ട് കൂടുകൊത്തിപ്പൊളിച്ച് പുറത്തുവരണമെന്ന് പ്രേംജി പ്രോത്സാഹിപ്പിച്ചു. സമകാലകേരളത്തിൽ പക്ഷേ, പരസ്യമായ സ്നേഹപ്രകടനം ഒരാഭിചാര കർമ്മമാണ്. സമൂഹത്തിന്റെ സന്തുലിതാവസ്ഥ ആഗ്രഹിക്കുന്ന സദാചാരനിരതരുടെ ദൃഢവിശ്വാസങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

1. ചുംബനമെന്നത് ലൈംഗിക പ്രക്രിയയുടെ ആദ്യപടിയാണ്.
2. ചുംബനത്തിന്റെ പവിത്രതയും ആസ്വാദ്യതയും സ്വകാര്യതയിലാണ്.
3. ഇന്ന് തെരുവിൽ ചുംബനം, നാളെ തുറന്ന ലൈംഗിക ബന്ധം സമരമുറയാക്കുമോ?
4. എന്തുകൊണ്ട് ചുംബനം എന്ന സമരമുറ? നിരാഹാരമോ മെഴുകുതിരി കത്തിക്കലോ ആവാമല്ലോ.

ചുംബിക്കുന്നവരുടെ മാനസികനിലയാണ് അതിന്റെ വിവിധമാനങ്ങൾ നിർവ്വചിക്കുന്നത്. ഇവിടെ പരസ്യചുംബനമെന്നത് കേവലമൊരു ആസ്വാദനോപാധിയല്ല, പകരം ശക്തമായ ഒരു സമരമുറ എന്ന തലത്തിലേക്കത് മാറ്റി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഒളിയിടങ്ങളിൽ സാധാരണമായവ പൊതുഇടങ്ങളിലെത്തുമ്പോൾ അസാധാരണമാവുക സ്വാഭാവികം. സ്വന്തം ശരീരം എന്ന മാധ്യമത്തെ വ്യക്തികേന്ദ്രിതമായ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കുക എന്നത് വെല്ലുവിളി നിറഞ്ഞ പ്രവൃത്തിയാണ്. കേരളസമൂഹം ഇന്ന് സ്വസ്ഥവും ഭദ്രവുമെന്ന് പരസ്പരം സമാധാനിപ്പിക്കുന്ന കപടസദാചാരനിഷ്ഠയിൽ ബന്ധിതമാണ്. സമൂഹത്തിന്റെ കപട സുഭദ്രതയെ പിടിച്ചുലയ്ക്കുന്ന ഈ സമരമുറയിൽ പവിത്രത, ആസ്വാദ്യത പോലുള്ള ധർമ്മങ്ങൾ ആരോപിക്കുന്നതിലർത്ഥമില്ല. ചുംബനം ഇവിടെ ഒരു പ്രകടനമാണ്. ഒരു വിശാലമായ അരങ്ങിലെ അഭിനേതാക്കൾ സ്വയമഭിരമിച്ചു നിൽക്കുക എന്നത് അനിവാര്യതയല്ലല്ലോ. കേരളത്തിലെത്തുന്നതിനു മുമ്പുതന്നെ ചുംബനസമരം ലോകരാജ്യങ്ങളിൽ പലയിടത്തും ജനശ്രദ്ധപിടിച്ചെടുത്ത ഒരു സമരമുറയാണ്. അവിടങ്ങളിലെങ്ങും രണ്ടാം ഘട്ട സമരമുറ തുറന്ന ലൈംഗിക ബന്ധമായിരുന്നെന്ന് കേൾവിയി

സ്വന്തം ശരീരം എന്ന മാധ്യമത്തെ വ്യക്തികേന്ദ്രിതമായ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കുക എന്നത് വെല്ലുവിളി നിറഞ്ഞ പ്രവൃത്തിയാണ്. കേരളസമൂഹം ഇന്ന് സ്വസ്ഥവും ഭദ്രവുമെന്ന് പരസ്പരം സമാധാനിപ്പിക്കുന്ന കപടസദാചാരനിഷ്ഠയിൽ ബന്ധിതമാണ്.



ല്ല.

ഒരാണും പെണ്ണും ഒന്നിച്ചിരിക്കുന്നിടത്ത് ലൈംഗികത മാത്രമാണ് ഉൽപ്പാദിപ്പിക്കപ്പെടുക എന്ന മലയാളിപൊതുബോധത്തെ ഭയന്ന് ബോധപൂർവ്വം പല ആരോഗ്യകരമായ എതിർലിംഗ സൗഹൃദങ്ങളും ഒഴിവാക്കുന്നവരാണ് ഭൂരിപക്ഷവും. സൗഹൃദങ്ങൾ വിടർത്തുന്ന സർഗ്ഗാത്മകത കലാലയങ്ങൾക്കുള്ളിലെങ്കിലും സംഭവിക്കുന്നുണ്ടെന്ന് സമാധാനിക്കാം.

മെഴുകുതിരി കത്തിച്ചും നിരാഹാരം കിടന്നും പ്രതീകാത്മക സമരങ്ങൾ നടത്താം. സാഹചര്യമാവശ്യപ്പെടുന്നതാണ് ഓരോ കാലത്തും സംഭവിക്കുന്നത്. മാധ്യമശ്രദ്ധ ലഭിക്കാതെ കടന്നുപോകുന്ന എത്രയോ സമരങ്ങളുണ്ട്. അവയുടെ ഉദ്ദേശ്യശുദ്ധി മാനിക്കപ്പെടേണ്ടതു തന്നെ. പക്ഷേ പുതുകാലം ഇത്തരം ഞെട്ടലുകൾ ആവശ്യപ്പെടുന്നു. മനുഷ്യസംസ്ക്കാര രൂപീകരണത്തിൽ ഒരു വ്യവസ്ഥയും സ്ഥിരമായി നിലനിന്നിട്ടില്ല. നിരന്തരം പുതുക്കിപ്പണിയലുകൾക്കു വിധേയമാകുന്തോറും സംസ്ക്കാര ചിന്തകൾ നവീനമാക്കപ്പെടുന്നു, വിശാലമാക്കപ്പെടുന്നു. സമാധാനപരമായ സമരത്തിലേർപ്പെടുന്നവർക്കു നേരെ ഒരു വലിയ വിഭാഗം ആൾക്കാർ ആർത്തിപിടിച്ച കാഴ്ചക്കാരും അസഹിഷ്ണുത നിറഞ്ഞ എതിരാളികളുമായി നീങ്ങുന്ന കാഴ്ച ചർച്ചകൾക്കു കാരണമായി മാറിയെന്നതിൽ അത്ഭുതപ്പെടാനില്ല.

മലയാളിയുടെ ഭൂരിപക്ഷമനഃസ്ഥിതിയുടെ പ്രതീകമാണ് ആ കാഴ്ചക്കൂട്ടം. അത്തരം ലൈംഗികതൃഷ്ണകൾക്ക് ആരോഗ്യകരമായ പരിണാമം സംഭവിക്കാത്തിടത്തോളം കാലം പൊതുമനസ്സ് രോഗാതുരമാണെന്ന് സമ്മതിക്കേണ്ടി വരും. സദാചാരത്തിന്റെ നാൾവഴിപ്പുസ്തകം ഇവരിലാരുടെ കൈയിലാണ് കൂടുതൽ ഭദ്രമായിരിക്കുക എന്ന ചോദ്യത്തിന് സ്വതന്ത്രചിന്തയുള്ള സഹിഷ്ണുതശാലികളായ മലയാളികൾ ഉത്തരം പറയട്ടെ.

കവിത

**ജിനി കെ.**

# ചരിത്രത്തിൽ ഇടമില്ലാത്തതെന്തുകൊണ്ട്?



**ജീ**വചൈതന്യം
വെള്ളത്തിൻ
മുകളിൽ
ചലിച്ച കാലം
തൊട്ട്
സമസ്തവും
അവന്റേതായിരുന്നു;
ഇനിയുമെന്നേയ്ക്കും.
അപ്പോഴാണ്,
അവൾ
ചരിത്രത്തിലേക്ക്
കാലെടുത്ത്
വയ്ക്കാനാഞ്ഞത്
തല്ലിയൊടിച്ച്,
നുറുക്കി-
വീതം വെച്ചെടുത്തു.
അടിക്കുറിപ്പ്:
ചരിത്രം
എഴുതുന്നത്
അവന്റെ മാത്രം
കഥയാണ്
അവളുടെ കഥ
അമ്മയുടെ ഗർഭപാത്രം
വിടുന്ന നിമിഷം
എഴുതി തീർത്തിരിക്കും

കവർസ്റ്റോറി



# സംസ്കാരവും സദാചാരവും

ഡോ.പ്രിയ .പി

സദാചാരം അനിവാര്യമോ എന്നത് ഇന്നത്തെ സമൂഹത്തിൽ ഒരു ചോദ്യചിഹ്നമാണ്.എന്നാൽ ഒരു സമൂഹം ആർജ്ജവത്തോടെ മുന്നോട്ട് പോവണമെങ്കിൽ സദാചാരം കൂടിയേ തീരൂ. സദാചാരികൾക്ക് ഒരിക്കലും ധനാത്മകമായ ധൈര്യം ഉണ്ടാകില്ല. ഋണാത്മകമായ കരുത്ത സമൂഹത്തിന് എന്നും നാശമേ വിതച്ചിട്ടുള്ളൂ.

സംസ്കാരം ഒരു നാടിന്റെ പൈതൃകവും സദാചാരം അതിന്റെ കാവൽക്കാരനും ആണ്. അതിനാൽ ഇവ തമ്മിൽ അഭേദ്യമായ ഒരു ബന്ധം നിലനിൽക്കുന്നു എന്നത് നിസ്സംശയം തന്നെ.

യദ്യദാചരതി ശ്രേഷ്ഠം തത്തദേ വേദരോ ജനഃ

സയത് പ്രമാണം കുരുതേ ലോക സ്തദനുവർത്തതേ

എന്ന ഭഗവദ് ഗീത ശ്ലോകം അനുസരിച്ച് ശ്രേഷ്ഠൻമാർ ഏതേത് മൂല്യങ്ങളെ ആചരിക്കുന്നുവോ അത് പ്രമാണമാക്കി മറ്റുള്ളവർ അതിനെ ആചരിക്കുകയും ചെയ്യും എന്ന് ഭഗവാൻ കൃഷ്ണൻ അർജ്ജുനനെ ധരിപ്പിക്കുന്നുണ്ട്. നാമെല്ലാവരും ശ്രേഷ്ഠൻമാർ എന്നത് കൊണ്ട് തന്നെ നമ്മുടെ ആചാരങ്ങളും ശ്രേഷ്ഠമാവേണ്ടതുണ്ട്.

അവനവനാത്മ സുഖത്തിനാചരിക്കുന്നവയപരനു സുഖത്തിനായ് വരേണം.

എന്ന ശ്രീനാരായണ ഗുരുദേവന്റെ വരികൾ നമ്മെ വലിയൊരു സത്യത്തിലേക്ക് ശ്രദ്ധ ചെലുത്താൻ പ്രേരിപ്പിക്കുന്നു. കാരണം ഇന്ന് മിക്കപേരും അവനവന്റെ ആത്മസുഖത്തിന് ആചരിക്കുന്ന കാര്യങ്ങൾ ഒട്ടുമിക്കതും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുളവാക്കുന്നതാണ് എന്ന് പറയേണ്ടതില്ലല്ലോ.

ഒരു പീഢയെറുമ്പിനും വരു -
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും.

അനുകമ്പാ ദശകം എന്ന തന്റെ ഉദ്ബോധന ഗീതത്തിൽ ശ്രീ

നാരായണ ഗുരുദേവൻ പറയുന്നത് ഇവിടെ ചിന്തനീയമാണ്. അറിഞ്ഞോ അറിയാതെയോ ഒരു ഉറുമ്പിനെ പോലും വേദനിപ്പിക്കരുതെന്ന തരത്തിലുള്ള അനുകമ്പ എല്ലാവരിലും ഉണ്ടായാൽ ഇവിടെ സദാചാരം നിലനിർത്താൻ പറ്റും. സദാചാരം അനിവാര്യമോ എന്നത് ഇന്നത്തെ സമൂഹത്തിൽ ഒരു ചോദ്യചിഹ്നമാണ്.എന്നാൽ ഒരു സമൂഹം ആർജ്ജവത്തോടെ മുന്നോട്ട് പോവണമെങ്കിൽ സദാചാരം കൂടിയേ തീരൂ. സദാചാരികൾക്ക് ഒരിക്കലും ധനാത്മകമായ ധൈര്യം ഉണ്ടാവില്ല. ഋണാത്മകമായ കരുത്ത് സമൂഹത്തിന് എന്നും നാശമേ വിതച്ചിട്ടുള്ളൂ.

ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്
ആത്മൈവഹ്യാത്മനോ ബന്ധുഃ ആത്മൈവരിപുരാത്മനാ.

എന്ന് ഗീത നമ്മെ ഉദ്ബോധിപ്പിക്കുന്നത് നാം ഒരിക്കലും നമ്മെ തരം താഴ്ത്താൻ പാടില്ല മറിച്ച് നമ്മെ ഉയർത്താൻ ശ്രമിച്ചുകൊണ്ടേയിരിക്കണം. ഞാൻ ഒന്നിനും കൊള്ളില്ല, എനിക്ക് കഴിയില്ല എന്ന ചിന്ത മനുഷ്യജന്മം സിദ്ധിച്ച നമുക്ക് പാടില്ല.

ഇന്നത്തെ സമൂഹം പാശ്ചാത്യ സംസ്കാരത്തിന്റെ പിറകെ ഓടുമ്പോൾ പല മേഖലകളിലും മൂല്യച്യുതി സംഭവിച്ചു എന്നത് വാസ്തവം തന്നെ.സദാചാരത്തിന്റെ നിലനിൽപിന് ഏറ്റവും പ്രധാനം ബന്ധങ്ങൾക്ക് സംഭവിച്ച പാളിച്ചകൾ ആണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.ഏത് തരം ബന്ധങ്ങൾക്കും ആത്മാർത്ഥതയില്ലാതായതിനു കാരണം ആശയവിനിമയത്തിൽ വന്ന തകരാറ് ആണ് എന്ന് പ്രസിദ്ധ അമേരിക്കൻ മനശ്ശാസ്ത്രജ്ഞനും ആശയവിനിമയ അപഗ്രഥനത്തിന്റെ ഉപജ്ഞാതാവുമായ ഡോ.എറിക് ബേൺ പറയുന്നുണ്ട്. ഓരോ വ്യക്തിയും തന്റെ സത്തയെ തിരിച്ചറിയാതെ പലതരം ഹീനതയാലും ജീവിച്ചു തീർക്കുമ്പോൾ അവൻ ദുരാചാരി ആയിത്തീരുന്നു.ഇതിനു നാം ആരെ കുറ്റപ്പെടുത്തും. ആർക്കൊക്കെയോ വേണ്ടി ആരുടെയൊക്കെയോ കയ്യിലെ പാവയായി ആരെയൊക്കെയോ കാണിക്കാൻ വേണ്ടി നാം ജീവിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മിലെ ദിവ്യത്വത്തെ നാം അറിയാതെ പോവുന്നു.നാം ഓരോരുത്തരേയും ഈ പ്രകൃതിയിലെ മറ്റുള്ളവർ അറിഞ്ഞോ അറിയാതെയോ അനുകരിക്കുന്നുണ്ട്. ഈ ഒരു കാരണത്താൽ തന്നെ നാം ദുരാചാരികൾ ആവാൻ പാടില്ല.

സദാചാരത്തെയും ദുരാചാരത്തെയും വേണമെങ്കിൽ നമുക്ക് ആപേക്ഷികം എന്ന് പറയാം. കാരണം ഒരാളുടെ സദാചാരം മറ്റാളുകൾക്ക് ദുരാചാരമായിരിക്കും. എങ്കിലും ഏറെക്കുറെ അവയെ നമുക്ക് വേർതിരിക്കാൻ സാധിക്കും.അവനവന്റെ മനസ്സിന് ശാന്തിയും ആനന്ദവും ഒപ്പം നിർഭയവുമായ ഏതൊരു പ്രവൃത്തിയും സദാചാരവും അശാന്തിയും ഭയവും ദുഃഖവും തരുന്നത് ദുരാചാരവും ആണ്. എല്ലാ മനുഷ്യന്റെ ഉള്ളിലും കരുണ, ദയ, സ്നേഹം, കൃപ തുടങ്ങിയ ധനാത്മകമായ ഗുണങ്ങൾ ഏറെ ഉണ്ട്. എന്നാൽ നിഷേധാത്മകങ്ങളായ അസൂയ, കോപം, അഹങ്കാരം, തുടങ്ങിയവയും ഉണ്ടല്ലോ. ഇവയെ വേർതിരിക്കാൻ പലപ്പോഴും മനുഷ്യന് കഴിയാറില്ല.ഏതൊരു വ്യക്തിയും തെറ്റു ചെയ്തു കഴിയുമ്പോൾ പശ്ചാത്താപവും കുറ്റബോധവും ഉണ്ടാവുന്നുണ്ട്. അതിൽ ചിലപ്പോഴൊക്കെ അവർ വേദനിക്കുന്നുമുണ്ട്.ചെറുപ്പത്തിലെ എഴുതപ്പെട്ട ഓരോ തിരക്കഥ


## ആർക്കൊക്കെയോ വേണ്ടി ആരുടെയൊക്കെയോ കയ്യിലെ പാവയായി ആരെയൊക്കെയോ കാണിക്കാൻ വേണ്ടി നാം ജീവിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മിലെ ദിവ്യത്വത്തെ നാം അറിയാതെ പോവുന്നു.നാം ഓരോരുത്തരേയും ഈ പ്രകൃതിയിലെ മറ്റുള്ളവർ അറിഞ്ഞോ അറിയാതെയോ അനുകരിക്കുന്നുണ്ട്. ഈ ഒരു കാരണത്താൽ തന്നെ നാം ദുരാചാരികൾ ആവാൻ പാടില്ല.



ക്കനുസരിച്ച് മനുഷ്യൻ ജീവിക്കാൻ നിർബന്ധിതനാവുമ്പോൾ ഒട്ടുമിക്കപേരും അവനവന്റെ തിരക്കഥ അറിവുകൊണ്ട് മാറ്റാനോ തിരുത്തി എഴുതാനോ മെനക്കെടാതെ അങ്ങനെ അങ്ങ് ജീവിച്ചു പോവുകയാണ്.ഈ അവസരത്തിൽ ആണ് സദാചാരം പ്രസക്തമാവുന്നത്. ധനാത്മകമായ പ്രവൃത്തി സമൂഹത്തിൽ ധനാത്മകമായ ചലനങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്യും.

സമീപകാലത്ത് സദാചാരസംരക്ഷകൻമാർ എന്ന വ്യാജേന പ്രവർത്തിക്കുന്നവർ നിർബന്ധപൂർവ്വ സദാചാരത്തെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് വളരെയധികം ചർച്ചകൾക്കും സംഘർഷങ്ങൾക്കും വിധേയമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സദാചാരം അതിന്റെ സ്വാഭാവികമായ പ്രക്രിയയിലൂടെ മാത്രമേ നിലനിർത്താൻ സാധിക്കൂ എന്ന തിരിച്ചറിവാണ് നാം ഓരോരുത്തർക്കും വേണ്ടത്. അതിനായി ഒരു ജനതയെ സംസ്കാരസമ്പന്നരാക്കാൻ അതിന്റെ അനിവാര്യതയെ ഉദ്ബോധിപ്പിക്കാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

**സുനിതാ തോപ്പിൽ**



# ഓർമ്മക്കല്ല്

ഇപ്പോൾ തന്നെ ഉരുണ്ടുവീഴും
എന്ന് പേടിപ്പെടുത്തിക്കൊണ്ട്
പുരയ്ക്കുമേൽ വളർന്നു നില്പുണ്ട്
പാറക്കെട്ടുകൾ.

മണ്ണില്ലാത്ത വിള്ളിലിൽ
ഒരു അരളിപോലെ
ഒരിക്കലും പൂക്കാതെ
പറ്റിപ്പിടിച്ചു നിന്നു,
താഴോട്ട് പന്നൽ ചെടികൾ
അവയ്ക്കൊപ്പം ഞങ്ങളും
കളിച്ചുവളർന്നു.

തോട്ടുപുറം പോക്കിലും
വഴിയില്ലാ മലയിടുക്കിലുമായി
സ്വന്തക്കാരും
കൂട്ടുകാരും
അടിഞ്ഞു.

ഒന്നും വളർന്നില്ല
ഞങ്ങളുടെ പറമ്പുകളിൽ
ഉരുളപോലെ പാത്രത്തിൽ
പാറമാത്രം നിറഞ്ഞു.

വളവുകൾ തിരിഞ്ഞ് കയറി
അണലി പാമ്പുകൾ മലകയറുപോലെ
മലയിറങ്ങിവരുന്ന കമാന്റർ ജീപ്പുകൾ
റബ്ബർക്കറ ചതച്ച്
അട്ടിവെച്ച് കേറ്റിപ്പോകും
മഴക്കാലം പൊതിഞ്ഞുതന്ന
വിശപ്പും ചൂടാക്കി
ആൾക്കാരാരും
പുറത്തിറങ്ങാതിരുന്ന
ഒരു രാത്രി ഉരുളപൊട്ടി
കീഴ്നാട്ടുകാർക്കൊരു
കാട്ടാറ് കൊടുത്തു.

ആറിന്റെ ഗർഭത്തിൽ
വീടുവച്ചതിനാലാവണം
കുട്ടിയമ്മ ചേച്ചിയും കുഞ്ഞുമക്കളും
പിറവിക്കൊപ്പം
ഒഴുകിപ്പോയത്

കുട്ടിയമ്മചേച്ചിയുടെ
വീടൊഴുകിപ്പോയ മുറ്റത്ത്
ഞങ്ങൾ അന്ന് ദൈവം കളിച്ച
ഒറ്റപ്പാറ മാത്രം
അതിന്റെ വിടവിൽ
പറ്റിച്ചേർന്ന്
ചതഞ്ഞരഞ്ഞ വേരുകൾ
മുളപൊട്ടിയൊരു അരളിപ്പാലകൂടി...



ഡോ.സി.അജിത

# സദാചാരത്തിന്റെ ഭിന്നമുഖങ്ങൾ

ഒരു ജനതയുടെ സംസ്ക്കാരം എന്നത് അവരുടെ ജീവിതത്തിൽ നിന്നും അടർത്തിമാറ്റി പരിശോധിക്കാനാവുന്ന ഒന്നല്ല. കാരണം സംസ്കാരം എന്നത് ഭാഷയാണ്, വേഷമാണ്, ആഹാരമാണ്, ആചാരമാണ്. അങ്ങനെയങ്ങനെ ജനനം മുതൽ മരണം വരെ എല്ലാമെല്ലാമാണ്. വാസ്തവത്തിൽ സംസ്ക്കാരം എന്നത് രൂപപ്പെടുത്തുകയല്ല മറിച്ച് രൂപപ്പെടുകയാണ് ചെയ്യുന്നത്. ഭാരതീയർ വിശേഷിച്ചും കേരളീയർ സംസ്ക്കാരത്തിന്റെ കാര്യത്തിൽ എന്നും ഉള്ളതിലധികം ഊറ്റംകൊള്ളുന്നവരാണ്.

സാംസ്കാരികമായി മുന്നോട്ട് നിൽക്കുന്ന കേരളം, സാംസ്കാരിക തലസ്ഥാനം, സാംസ്കാരിക നായകൻ... അങ്ങനെ എന്തിലുമേതിലും 'സംസ്ക്കാര'ത്തിന്റെ മുഴക്കം നമ്മെ കുറച്ചൊന്നുമല്ല സ്വാധീനിക്കുന്നത്. ആചാരങ്ങളും രീതികളും എന്നും സംസ്കാരത്തിന്റെ ഭാഗമാണെന്നിരിക്കെ അതിലെ നന്മയും തിന്മയും അല്ലെങ്കിൽ നല്ലതും ചീത്തയും വേർതിരിച്ചെടുക്കാൻ നാം നിർബന്ധിതരാണ്.

> എന്താണ് സദാചാരം, അത് സംസ്ക്കാരവുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടു കിടക്കുന്നുവെന്നതിനെക്കുറിച്ച് നമുക്കൊന്ന് ചിന്തിച്ച് നോക്കാം. പൊതുസ്ഥലങ്ങളിൽ മാന്യവും അന്തസുള്ളതുമായ ചില പെരുമാറ്റ രീതികൾ നാം അനുവർത്തിക്കേണ്ടതുണ്ട്.

എന്താണ് സദാചാരം, അത് സംസ്ക്കാരവുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടു കിടക്കുന്നുവെന്നതിനെക്കുറിച്ച് നമുക്കൊന്ന് ചിന്തിച്ച് നോക്കാം. പൊതുസ്ഥലങ്ങളിൽ മാന്യവും അന്തസ്സുള്ളതുമായ ചില പെരുമാറ്റ രീതികൾ നാം അനുവർത്തിക്കേണ്ടതുണ്ട്. ഇതിനെയാണ് സദാചാരമായി നാം കണക്കാക്കുന്നത്. പക്ഷേ നമ്മുടെ പെരുമാറ്റരീതികളെ നല്ലതെന്നോ ചീത്തയെന്നോ വേർതിരിച്ചറിയാനുള്ള



സ്വാതന്ത്ര്യവും അവകാശവും നമുക്ക് മാത്രമാണ്. അതിനുള്ള വിവേകം നമ്മളിൽ ഉണ്ടാകേണ്ടതും അത്യാവശ്യം തന്നെയാണ്. അങ്ങനെയൊരു ചുറ്റുപാടിൽ മാത്രമേ സദാചാരങ്ങൾ സംസ്‌ക്കാരത്തിന്റെ ഭാഗമായി മാറുകയുള്ളൂ.

കേരളത്തിൽ സദാചാരത്തെ സംസ്‌ക്കാരവുമായി ബന്ധിപ്പിക്കാനും അതിനുവേണ്ടി ചില സദാചാരഫോർമുലകൾ ഉണ്ടാക്കിയെടുക്കാനുമൊക്കെയുള്ള ഒരു വലിയ ജനവിഭാഗത്തിന്റെ ആകാംക്ഷയുടെ അല്ലെങ്കിൽ ആവേശത്തിന്റെ പിന്നാമ്പുറങ്ങൾ വിശദമായി പരിശോധിക്കേണ്ടവ തന്നെയാണ്.

സംസ്‌ക്കാരമെന്നത് ഒരിക്കലും സ്ഥിരമായി നിൽക്കുന്ന ഒന്നല്ല. അതിനു കാലാകാലങ്ങളിൽ മാറ്റങ്ങളുണ്ടായിക്കൊണ്ടേയിരിക്കും. പൈതൃകസംസ്‌ക്കാരമെന്നൊക്കെ നാം അഭിമാനിക്കാറുണ്ടെങ്കിലും കാലം വരുത്തുന്ന മാറ്റത്തിന്റെ മിനുക്കുപണികൾ അതിലൊക്കെ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. സ്ത്രീകൾ മാറുമറയ്ക്കാതെ നടക്കുന്നത് ഒരു കാലഘട്ടത്തിലെ ആചരണമായിരുന്നു. ജന്മിത്വസംസ്‌ക്കാരത്തിന്റെ ഇരകളായി ഇങ്ങനെ കീഴാളസംസ്‌ക്കാരം രൂപപ്പെട്ടുവന്നു. കാലത്തിന്റെ തിരിച്ചറിവിൽ സ്ത്രീകൾ മാറുമറയ്ക്കാൻ തുടങ്ങുകയും അങ്ങനെ മറ്റൊരു സംസ്‌ക്കാരം രൂപപ്പെട്ടുവരുകയും ചെയ്തു. തന്നെ ഒരു ആചാരത്തിനോ ആചരണത്തിനോ പെരുമാറ്റരീതിക്കോ ഒരിക്കലും ഒരു കാവലാൾ ആവശ്യമില്ലെന്നുള്ളത് വസ്തുതയാണ്. ഓരോ കാലഘട്ടത്തിന്റേയും ആവശ്യങ്ങൾക്കനുസരിച്ച് സംസ്‌ക്കാരത്തിലും മാറ്റമുണ്ടാവുന്നുണ്ട്.

ഞാൻ എന്തുധരിക്കണം, എങ്ങനെ നടക്കണം, എങ്ങനെ പെരുമാറണം എന്നതൊക്കെ തികച്ചും എന്റെ സ്വാതന്ത്ര്യം മാത്രമാകുന്നിടത്ത് സംസ്‌ക്കാരത്തിന്റെ കാവലാളുകൾ നടത്തുന്ന ഇടപെടലുകൾ തികച്ചും അനാവശ്യവും പ്രതിഷേധാർഹവുമാണ്. ജീൻസ് ധരിച്ചുപോകുന്ന പെൺകുട്ടിയെ നോക്കി 'അവൾ കേരളീയവേഷമായ സെറ്റ്മുണ്ടുടുക്കുന്നതാണ് ഐശ്വര്യം' എന്നൊക്കെ മറ്റൊരാൾക്ക് അഭിപ്രായം പറയാം. അങ്ങനെ അഭിപ്രായപ്പെടാൻ പാടില്ലെന്നും അയാളുടെ വായ മുടിക്കെട്ടണമെന്നും പറയുന്നത് ന്യായമല്ല. നമ്മുടെ ഗാനഗന്ധർവ്വൻ യേശുദാസ് വേഷത്തെക്കുറിച്ച് നടത്തിയ അഭിപ്രായപ്രകടനം കേരളക്കരയെ കുറച്ചൊന്നുമല്ല രോഷം കൊള്ളിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായസ്വാതന്ത്ര്യത്തിനെതിരെ എന്തിനാണ് ഇത്രയും കോലാഹലങ്ങൾ? മറിച്ച് കേരളത്തിലെ സ്ത്രീകൾ കേരളീയവസ്ത്രരീതികൾ മാത്രമേ സ്വീകരിക്കാവൂ എന്നും മറ്റുള്ളതൊക്കെ സംസ്‌ക്കാരത്തെ മുറിപ്പെടുത്തുന്നവയാണെന്നുമൊക്കെയുള്ള കപടസദാചാരികളുടെ ദുശ്ശാഠ്യങ്ങൾക്ക് കടിഞ്ഞാണിട്ടേപറ്റൂ. കാരണം ഞാൻ ജീൻസോ മറ്റു പാശ്ചാത്യവസ്ത്രമോ ധരിക്കുമ്പോൾ നോട്ട

രണ്ടുംമൂന്നും വയസ്സുള്ള പെൺകുഞ്ഞുങ്ങൾ പീഡനത്തിന് ഇരയാകുന്നത് അവർ ഉടുപ്പിടാതെ നടക്കുന്നത് കൊണ്ടാണെന്ന് വരെ സമർത്ഥിക്കുന്ന സദാചാരകാവലുകൾ തികച്ചും സമൂഹത്തിന്റെ സഹതാപം മാത്രമാണ് അർഹിക്കുന്നത്. വൈകല്യമുള്ള പുരുഷസമൂഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് മാറ്റം വരാത്തിടത്തോളം നമ്മുടെ സ്ത്രീകൾ പാശ്ചാത്യവേഷം ധരിച്ചാലും പൗരസ്ത്യവേഷം ധരിച്ചാലും തീർച്ചയായും പീഡനങ്ങൾക്ക് വിധേയരായിത്തീരുമെന്നതിന് സംശയമില്ല.





ത്തിൽ അശ്ലീലം കലർത്തുന്നത് നിങ്ങളാണെങ്കിൽ നിങ്ങളുടെ കാഴ്ചപ്പാടിന്റെ വൈകല്യമല്ലേ മാറ്റേണ്ടത്?

രണ്ടുംമൂന്നും വയസ്സുള്ള പെൺകുഞ്ഞുങ്ങൾ പീഡനത്തിന് ഇരയാകുന്നത് അവർ ഉടുപ്പി ടാതെ നടക്കുന്നത് കൊണ്ടാ ണെന്ന് വരെ സമർത്ഥിക്കുന്ന 'സദാചാരകാവലാളുകൾ, തികച്ചും സമൂഹത്തിന്റെ സഹ താപം മാത്രമാണ് അർഹിക്കുന്ന ത്. വൈകല്യമുള്ള പുരുഷസമൂ ഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് മാറ്റം വരാത്തിടത്തോളം നമ്മുടെ സ്ത്രീകൾ പാശ്ചാത്യവേഷം ധരി ച്ചാലും പൗരസ്ത്യവേഷം ധരി ച്ചാലും തീർച്ചയായും പീഡന ങ്ങൾക്ക് വിധേയരായിത്തീരുമെന്ന തിന് സംശയമില്ല.

ലോവെയ്സ്റ്റ് പാന്റ്സിട്ട് 'ജോക്കി' ഇന്നർവെയർ പാതിയും പുറത്ത് കാണിച്ച്, ടീഷർട്ടുകളിൽ തികഞ്ഞ അശ്ലീലവാചകങ്ങളും ചിത്രങ്ങളുമായി നടക്കുന്നവന് നേരെ എന്തുകൊണ്ട് ഈ സദാ ചാരസാംസ്കാരിക കാവലാളു കൾ പടവാളുയർത്തുന്നില്ല...? അതേ അന്നും ഇന്നും എന്നും സ്ത്രീകളെ മാത്രമേ നല്ല വഴിക്ക് നടത്തേണ്ടതുള്ളൂ. 'മനുസ്മൃതി' യിൽ പറഞ്ഞിട്ടുള്ള സ്ത്രീയുടെ സംരക്ഷണം ഇതായിരിക്കാം.

കേരളത്തിലേത് പോലെ ഇത്രയും കപടസദാചാര സമൂഹം മറ്റൊരു സംസ്ഥാനത്തും ഉണ്ടെന്നു തോന്നുന്നില്ല. സാക്ഷര കേരളമെന്ന് അഭിമാനിക്കുന്ന നമ്മൾ ഇന്നും മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് കടന്നുകയറ്റം നടത്താൻ വെമ്പി നിൽക്കുന്നവ രാണ് എന്നത് ലജ്ജാകരം തന്നെ യാണ്. ഒരാണും പെണ്ണും ബസ് സ്റ്റോപ്പിലോ റോഡിലോ നിന്ന് പത്തുമിനിറ്റ് സംസാരിച്ചാൽ പോലും അത് അനാശാസ്യമായി തീരുന്ന ദയനീയമായ സ്ഥിതിവി ശേഷമാണ് ഇവിടെയുള്ളത്. കൈയ്യും കാലും കണ്ണുമില്ലാതെ ഒരു നേരത്തെ വിശപ്പടക്കാൻ പിച്ചതെണ്ടുന്ന എത്രയോ സാധു ക്കളെ നാം കാണുന്നേയില്ല. പകരം നമ്മുടെ കണ്ണുകൾ തിരയു ന്നത് ഒന്നിച്ചിരുന്ന് സംസാരി ക്കുന്ന അല്ലെങ്കിൽ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന ആണി നേയും പെണ്ണിനേയുമാണ്. ഹാ കഷ്ടം! അതിനുമപ്പുറത്ത് എന്തുപറയാൻ!!

നമ്മുടെ സമൂഹത്തിൽ പകൽവെളിച്ചത്തിൽ ഒരു പെൺകുട്ടിക്കൊപ്പം പാർക്കിൽ പോകനോ, ബീച്ചിൽപോകാനോ, ഭക്ഷണം കഴിക്കാനോ തയ്യാറാ വുന്ന ചെറുപ്പക്കാരെ വാസ്തവ ത്തിൽ അഭിനന്ദിക്കുകയാണ് വേണ്ടത്. കാരണം മറ്റാരും കാണാതെ അറിയാതെ ഏത് പെൺകുട്ടിയുമായും സൗഹൃ ദമോ അതിലധികമോ ആകാ മെന്നും എന്നാൽ സമൂഹത്തിന് മുമ്പിൽ 'എക്സ്ട്രാ ഡീസന്റ്' ആകണമെന്നും വിചാരിക്കുന്നവ രാണ് നമ്മുടെ പുരുഷസമൂഹ ത്തിൽ പാതിയിലധികവും അവരേ യാണ് സമൂഹം കൈകാര്യം ചെയ്യേണ്ടത്.

ഈയ്യിടെ കോയമ്പത്തൂരിൽ പഠിക്കുന്ന ഒരു കോളേജ് സ്റ്റുഡന്റ് ഹരി സംസാരത്തിനിട യിൽ പറഞ്ഞു. "കേരളത്തിലല്ലേ ഗേൾസിനൊപ്പം സിനിമക്ക് പോയാലൊക്കെ പ്രശ്നം... ഇവിടെ ബോറടിക്കുമ്പോൾ ഗേൾസാണ് ഞങ്ങളെ സിനിമക്ക് കൂട്ടിക്കൊണ്ട് പോകുന്നത്." അതേ... കേരളത്തിൽ എല്ലാം പ്രശ്നമാണ്. ബസ്സിലെ സീറ്റിൽ ഒന്നിച്ചിരുന്നാൽ; ഒന്നിച്ച് ഭക്ഷണം കഴിച്ചാൽ; ഒന്നിച്ച് സിനിമക്ക് പോയാൽ ഒക്കെ പ്രശ്നം!!

ഇവിടെ നമ്മുടെ കാഴ്ചപ്പാട് തന്നെയാണ് മാറേണ്ടത്. നാം നമ്മുടെ കുട്ടികളെ ആൺ-പെൺ വ്യത്യാസമില്ലാതെ സ്വതന്ത്രരായി വളരാൻ, കൂട്ടുകൂടാൻ സ്നേഹി ക്കാൻ ഒക്കെ പഠിപ്പിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ സമൂഹ ത്തിൽ ആൺ-പെൺസൗഹൃദ ങ്ങൾ ഒറ്റപ്പെട്ടവയായിത്തീരില്ല. സർവ്വസാധാരണമാകുമ്പോൾ ആരും അതിന് പുറകേ പോകാനോ സദാചാരകാവലാളാ കാനോ മെനക്കെടാത്ത അവസ്ഥ സ്വയം സംജാതമാകും.

അടുത്തനാളുകളിലായി നമ്മുടെ സമൂഹത്തെ ചൂടുപിടിപ്പി ച്ചുകൊണ്ടിരിക്കുന്ന 'ചുംബനസമ രങ്ങളേയും' നമുക്ക് ഈ 'സംസ്ക്കാരവും സദാചാരവും' എന്നതിനോട് കൂട്ടിവായിക്കാം. 'ചുംബനം' സ്നേഹത്തിന്റെ പ്രതീകമാണോ, ലൈംഗികത യുടെ അടയാളമാണോ എന്ന തൊന്നും ഇവിടെ പ്രസ ക്തമേയല്ല. ഇതൊരു 'വിപ്ലവാ ത്മക പ്രതിഷേധം' എന്ന നിലക്ക് കപടസദാചാരസമൂഹത്തിനെ തിരെയുള്ള ഒരു വെല്ലുവിളി തന്നെയായിരുന്നു. പക്ഷേ ഇതൊരു സമരമുറയായി സ്വീക രിച്ച് മുന്നോട്ട് പോകുന്നതിൽ കഴ മ്പില്ല. സദാചരകാവലാളുകളെ പ്രകോപിപ്പിച്ച് വായടപ്പിക്കുന്നതി നേക്കാൾ, ഇത്തരം ചില ഷോക്ക് ട്രീറ്റ്മെന്റുകൾക്കപ്പുറം തീർത്തും തുറന്ന പെരുമാറ്റങ്ങളിലൂടെ, സമീപനങ്ങളിലൂടെ നമുക്ക് നിർഭ യരായി സമൂഹത്തിലേക്ക് ഇറങ്ങി ച്ചെല്ലാം.

ഡോ. രാജശ്രീ എം.

# സംസ്കാരം മർദ്ദനോപാധിയാകുമ്പോൾ

സംസ്കാരം, സദാചാരം എന്നിവയെ സംബന്ധിച്ച് വിചിന്തനവും വിനിർമ്മിതിയും ആവശ്യപ്പെടുന്ന കാലമാണിത്. സദാചാര പ്പോലീസിനെതിരായി അടുത്ത കാലത്ത് കേരളമൊന്നാകെ രൂപം കൊണ്ട പുതുസമരരീതികൾ നവസാമൂഹിക പ്രസ്ഥാനങ്ങളുടെ രൂപവത്കരണവും നവസാംസ്കാരിക പഠനങ്ങൾക്ക് കൈവന്ന പ്രാധാന്യവും, എന്നിങ്ങനെ ഈ വിഷയത്തെ പ്രധാനമാക്കിയ പശ്ചാത്തലം പലതാണ്. കപട സദാചാര മൂല്യങ്ങൾക്കെതിരെയുള്ള പ്രത്യക്ഷ പ്രതിഷേധ രീതിയായിരുന്നു ചുംബന സമരം. ഇതിനെ എതിർത്തും അനുകൂലിച്ചുമുള്ള ചർച്ചകളാൽ ആനുകാലികങ്ങൾ സജീവമായി. ചിലർക്ക് ഈ സമരത്തിന് പിന്നിലുള്ള ആശയത്തോടാണ് എതിർപ്പെങ്കിൽ മറ്റുചിലർക്ക് സമരരീതിയോടാണ് പ്രതിഷേധം. എന്തായാലും എതിർക്കുന്നവരും അനുകൂലിക്കുന്നവരും വ്യക്തിസ്വാതന്ത്ര്യം, മനുഷ്യാവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതാണെന്ന അഭിപ്രായത്തിൽ എതിരാവാനിടയില്ല എന്നത് ആശ്വാസം.



സംസ്കാരം വ്യക്തിക്കും സമൂഹത്തിനും വേണ്ടിയുള്ള ഒരു നിർമ്മിതി ആയതിനാൽ തന്നെ അതിന്റെ സൃഷ്ടിക്കും നിലനിൽപ്പിനും വിലക്കുകളും അനിവാര്യമാണ്. കൂട്ടായ്മയുടെ നന്മയ്ക്കായി വ്യക്തി താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവണയോടൊപ്പം അതിനെ കവച്ചുകടക്കാനുള്ള പ്രവണതയും മനുഷ്യനിലുണ്ട്.



തനിക്ക് ലഭിക്കാത്തത് മറ്റൊരുത്തൻ നേടിയെടുക്കുന്നതിന്റെ അസൂയാകൽപിതമായ പരപീഡന താൽപ്പര്യം അബോധതലത്തിൽ വർത്തിക്കുന്നുണ്ടാവാം. സമൂഹം മൊത്തത്തിൽ അധാർമ്മികമാവുമ്പോൾ  ധാർമ്മികത ശിക്ഷാരൂപേണ അടിച്ചേൽപ്പിക്കേണ്ടിവരുന്നത്. മാനവ സമൂഹത്തിന് തന്നെ അപമാനകരമാണ്.

'നിഗ്രഹോത്സുകം സ്നേഹവ്യഗ്രമെങ്കിലും ചിത്തം' എന്ന് സഹ്യന്റെ മകനിൽ വൈലോപ്പിള്ളി കുറിച്ചിട്ടത് പരിഷ്കൃത ലോകത്തെകൂടി കണ്ടാണല്ലോ. ഈ സമൂഹബോധമനസ്സിന്റെ വെളിച്ചത്തിൽ വേണം സംസ്കാരസദാചാര ചർച്ചകൾക്ക് തുടക്കമിടാൻ. ബൈബിളിൽ വിലക്കപ്പെട്ട കനിഭുജിച്ച ആദം / ഹവ്വയുടെ കഥയും ഹൈന്ദവ പുരാണങ്ങളിലെ വിചിത്ര കഥകളെയും ഈ പശ്ചാതലത്തിൽ വേണം മനസ്സിലാക്കാൻ.

ഈ വിധത്തിൽ ചട്ടങ്ങളും വിലക്കുകളും ചേർന്നുള്ള നിയമവത്കരണത്തെ മറികടന്നവരെ സംസ്കാരഹീനരെന്ന മുദ്രകുത്തി സമൂഹം പകയോടെ അകറ്റി നിർത്തുന്നു. തനിക്ക് ലഭിക്കാത്തത് മറ്റൊരുത്തൻ നേടിയെടുക്കുന്നതിന്റെ അസൂയാകൽപിതമായ പരപീഡന താൽപ്പര്യം അബോധതലത്തിൽ വർത്തിക്കുന്നുണ്ടാവാം. സമൂഹം മൊത്തത്തിൽ അധാർമ്മികമാവുമ്പോൾ ധാർമ്മികത  ശിക്ഷാരൂപേണ അടിച്ചേൽപ്പിക്കേണ്ടിവരുന്നത് മാനവ സമൂഹത്തിന് തന്നെ അപമാനകരമാണ്. വാഹനാപകടത്തിൽ പെട്ടവരെയും കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരെയും രക്ഷപ്പെടുത്തുന്നത് ദൃക്സാക്ഷിയുടെ ധാർമ്മികതയാവേണ്ടത് പരീക്ഷയുടെ ഭീഷണ സ്വരത്തിൻ കീഴിലല്ലല്ലോ.


ഇന്നത്തെ തലമുറ പിറന്നു വീഴുന്നതു തന്നെ പ്രലോഭനങ്ങൾ മാടിവിളിക്കുന്ന ചുറ്റുപാടിലാണ്. നന്മ / തിന്മകളും ശരി / തെറ്റുകളും നിർണ്ണയിക്കാനാവാത്ത വിധം അവനവന്റെ തല ച്ചോർപോലും പണയപ്പെടുത്തേണ്ട വിഭ്രാത്മകമായ അവസ്ഥാ വിശേഷങ്ങളിലേക്കാണ് മാധ്യമ കേന്ദ്രീകൃത ലോകം യുവതലമുറയെ എത്തിച്ചിരിക്കുന്നത്. മാത്സര്യ ബുദ്ധിയും  ചുറുചുറുക്കും (smartness) കാഴ്ചയിലെ സൗന്ദര്യവുമാണ് ഉള്ളു പൊള്ളയായ ഇന്നത്തെ സാംസ്കാരത്തിന്റെ പുതു മൂല്യങ്ങൾ. സ്ത്രീയെന്നാൽ വശ്യമായ ശരീരം എന്ന് നവമാധ്യമസംസ്കാരം ആവർത്തിച്ച് സ്ഥാപിക്കുന്നു. ഇത്തരം സാഹചര്യത്തിലാണ് ധാർമ്മിക ശിക്ഷണം, മൂല്യസ്ഥാപനം തുടങ്ങിയ വാക്കുകൾ പ്രസക്തമാവുന്നത്. നഷ്ടപ്പെട്ട ധാർമ്മികബുദ്ധിയും ജീവിത മൂല്യങ്ങളും നാം വീണ്ടെടുക്കേണ്ടത് കപട സദാചാരത്തിന്റെയോ എന്തെങ്കിലും ശാസ്ത്രത്തിന്റെയോ ഭാഗമായല്ല, മറിച്ച് ഓരോ വ്യക്തിയുടെയും വ്യക്തികൾ ചേർന്ന് രൂപപ്പെടുന്ന സമൂഹത്തിന്റെയും പൊതുനന്മയ്ക്കു വേണ്ടിത്തന്നെയാണ്

എന്നാൽ സംസ്കാര പരിരക്ഷണം ഒരു കൂട്ടരുടെ മാത്രം ബാധ്യതയായി മാറുമ്പോഴാണ് സംസ്കാര നിർമ്മാതാക്കളും പരിരക്ഷകരും വേർതിരിയുന്നത്. അവിടെ സംസ്കാര / സദാചാര ലക്ഷ്യം തെറ്റുകയും അടിമ / ഉടമ വ്യവസ്ഥിതി സംജാതമാകുകയും ചെയ്യുന്നു. അവിടെ സംസ്കാരം നിർമ്മിതി അധികാര വർഗ്ഗത്തിന്റെയും അതിന്റെ സംരക്ഷണം അടിമ വർഗ്ഗത്തിന്റെയും അടിച്ചേൽപ്പിക്കലും ബാധ്യതയുമായി നിറം മാറുന്നു. പുരുഷാധിപത്യ ലോകത്ത് സദാചാര സംരക്ഷണം മുഖ്യമായും സ്ത്രീയുടെ ബാധ്യതയായി മാറുന്നത് അങ്ങനെയാണ്. വസ്ത്രധാരണം, സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസം തുടങ്ങിയ പ്രാഥമിക അവകാശങ്ങൾ പോലും അവൾക്ക് നിഷേധിക്കപ്പെടുന്നു. ഇത്തരം വിലക്കുകളെ മറികടന്നവർക്കും അല്ലാത്തവർക്കും അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ ഏകപക്ഷീയമായി ന്യായീകരിക്കപ്പെടുന്നു. ഇന്നും സ്ത്രീപീഡന ചർച്ചകളിൽ അവളുടെ വസ്ത്രധാരണം, സഞ്ചാരസ്വാതന്ത്ര്യം എന്നിവയെയൊക്കെയല്ലേ മിക്കപ്പോഴും

പ്രതിസ്ഥാനത്ത് നിർത്തപ്പെടുന്നത് ! സ്ത്രീശാക്തീകരണം, സ്ത്രീകൾക്കുള്ള ബോധവത്ക രണ ക്ലാസുകൾ തുടങ്ങിയ പഴകി പ്പതിഞ്ഞ പദാവലികളേക്കാൾ ഫലപ്രദം നവജാതു ശിശുക്കൾ പോലും ഉൾപ്പെടുന്ന സ്ത്രീ സമൂ ഹത്തെ ഒട്ടാകെത്തന്നെ കേവലം മാംസപിണ്ഡമെന്ന രീതിയിൽ മാത്രം കാണുന്ന ആൺമനസ്സിന്റെ വൈകൃതങ്ങൾക്കുള്ള ബോധ വൽക്കരണ ക്ലാസുകളാണ് എന്ന കാര്യം വിസ്മൃതമാക്കപ്പെടുക യാണ്. ചികിത്സ നൽകേണ്ടത് യഥാർത്ഥ രോഗിക്കാണ്. കൂട്ടുവ ന്നവർക്കല്ല. മാത്രമല്ല ഇത്തരം നിലപാടുകൾ സ്വന്തം ശരീരത്തെ ക്കുറിച്ചും സമൂഹപദവിയെക്കു റിച്ചും സ്ത്രീയിൽ വീണ്ടും വീണ്ടും അപകർഷതാബോധം ജനിപ്പിക്കാനേ ഉതകൂ. സ്ത്രീയെ അപമാനിക്കുകയും അവഹേളി ക്കുകയും ചെയ്യുന്ന പരസ്യങ്ങളും ദൃശ്യമാധ്യമങ്ങളിലെ മറ്റു പരിപാ ടികളും നിയമം മൂലം നിയന്ത്രി ക്കാനോ നിരോധിക്കാനോ ആവ ശ്യപ്പെടാതെ കുറ്റം മുഴുവൻ സ്ത്രീയുടെ തലയിൽ കെട്ടിവെ ക്കുന്ന പ്രവണതയാണ് സമൂഹ ത്തിൽ കണ്ടുവരുന്നത്. ഏറെ ചലനസ്വാതന്ത്ര്യം നൽകുന്നതും പ്രവൃത്തിവേളകളിൽ സൗകര്യപ്ര ദവുമായ ജീൻസ് പോലുള്ള വസ്ത്രങ്ങൾ ഉപേക്ഷിച്ച്, വിജ്ഞാനവിസ്ഫോടനത്തിന്റെ ഈ യുഗത്തിൽ ഇന്റർനെറ്റും മൊബൈൽ ഫോണും പോലുള്ള ആധുനിക സാങ്കേതിക വിദ്യക ളിൽ നിന്നും അകറ്റി നിർത്തപ്പെട്ട് വീടിന്റെ നാലു ചുവരുകൾക്കു ള്ളിൽ സുരക്ഷിതമായി കഴിയണം സ്ത്രീ എന്ന ആശയം എത്ര മേൽ ഏകപക്ഷീയവും പ്രത്യയ ശാസ്ത്രപരവും ആധിപത്യമനോ ഭാവവും കലർന്നതാണ്! നമ്മുടെ സാംസ്കാരിക നായകന്മാർ ഒരു കാലത്ത് അടുക്കളയിൽ നിന്നും അരങ്ങിലെത്തിച്ച അവളെ വന്ന വഴിയേ തിരിച്ചോടിക്കുകയാണ് പുതുകാലത്തിന്റെ സദാചാര കാവൽക്കാർ.

ചുരുക്കിപ്പറഞ്ഞാൽ സദാചാര നിയമത്തിൽ വ്യക്തിസ്വാതന്ത്ര്യ ത്തിന്റെ നിയന്ത്രണങ്ങളുണ്ടെ ങ്കിലും അതൊരിക്കലും വെറു ക്കപ്പെടേണ്ടതോ സമൂഹത്തിന് അനാവശ്യമോ ആയ ഒന്നല്ല. വ്യക്തിയുടെയും സമൂഹത്തി ന്റെയും നന്മയ്ക്കായി ഓരോ രുത്തരും വിദ്യാഭ്യാസത്തിലൂ ടെയും ചുറ്റുപാടുകളിൽ നിന്നും സ്വാഭാവികമായി ആർജ്ജിച്ചെടു ക്കേണ്ട പക്വതയാണ് സദാ ചാരം. സംസ്കാരത്തിന്റെ നെടുംതൂൺ തന്നെയായ സദാ ചാരം ഈയർത്ഥത്തിൽ വ്യക്തി സ്വാതന്ത്ര്യനിഷേധമാകുന്നില്ല. എന്നാൽ ഏകപക്ഷീയമായി ഒരു കൂട്ടർ മറ്റൊരു കൂട്ടർക്കുമേൽ അടിച്ചേൽപ്പിക്കുകയും അവ യെല്ലാം സംസ്കാരസംരക്ഷണ ത്തിന്റെ പേരിൽ ന്യായീകരിക്കപ്പെ ടുകയും ചെയ്യുമ്പോൾ അത് മർദ്ദ നോപാധിയായി മാറുന്നു. അത്തരം നിയമനിർമ്മാണവും സദാചാര സംരക്ഷണവും തീർച്ച യായും വ്യക്തിക്കും സമൂഹ ത്തിനും ബാധ്യതമായി മാറും – എതിർക്കപ്പെടേണ്ടത് അത്തരം പ്രവണതകളാണ്.

*സ്ത്രീശാക്തീകരണം, സ്ത്രീകൾക്കുള്ള ബോധവ ത്കരണ ക്ലാസുകൾ തുടങ്ങിയ പഴകിപ്പതിഞ്ഞ പദാ വലികളേക്കാൾ ഫലപ്രദം നവജാതു ശിശുക്കൾ പോലും ഉൾപ്പെടുന്ന സ്ത്രീ സമൂഹത്തെ ഒട്ടാകെ ത്തന്നെ കേവലം മാംസപിണ്ഡമെന്ന രീതിയിൽ മാത്രം കാണുന്ന ആൺമനസ്സിന്റെ വൈകൃത ങ്ങൾക്കുള്ള ബോധവൽക്കരണ ക്ലാസുകളാണ് എന്ന കാര്യം വിസ്മൃതമാക്കപ്പെടുകയാണ്. ചികിത്സ നൽകേണ്ടത് യഥാർത്ഥ രോഗിക്കാണ്. കൂട്ടുവന്ന വർക്കല്ല.*



കവർസ്റ്റോറി



# ശരീരം അപകോളനീകരിക്കപ്പെടുമ്പോൾ



ഡോ.സജിത കിഴിനിപ്പുറത്ത്

ശരീരത്തെ രാഷ്ട്രീയമായ ഉപാധിയായി പരിഗണിക്കുകയായിരുന്നു കേരളീയ നവോത്ഥാനം ചെയ്തത്. ഈഴവന്റെ ശരീരത്തിൽ ശിവനാവാം എന്നാണ് അരുവിപ്പുറം പ്രതിഷ്ഠയുടെ അർത്ഥം. ശരീരത്തെ അപ്രധാനമാക്കി ആത്മാവിന്റെ വിളയാട്ടമായി ലോകത്തെ വ്യാഖ്യാനിച്ച ബ്രാഹ്മണതത്ത്വചിന്തയ്ക്കെതിരെയുള്ള അബ്രാഹ്മണസമൂഹത്തിന്റെ ആത്മീയതത്ത്വവിചാരം കൂടിയായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ. അരൂപമല്ല സ്വരൂപമാണ് ഈശ്വരൻ എന്നാണ് അതിന്റെ അന്തരാർത്ഥം. “സ്വസ്വരൂപ മനുസന്ധാനം ഭക്തിരിത്യഭീധീയതേ” (സ്വന്തം രൂപം അനുസന്ധാനം ചെയ്യുന്നതിനെയാണ് ഭക്തിയെന്നു പറയുന്നത്) എന്ന് ശങ്കരാചാര്യർ തന്നെയും സമ്മതിച്ചിട്ടുണ്ട്. സത്യാന്വേഷണത്തിനുള്ള ഉപാധിയാണ് ശരീരം എന്നും അതിനെ പട്ടിണിക്കിടുന്നത് വിഡ്ഢിത്തമാണെന്നും ബുദ്ധൻ തിരിച്ചറിയുന്നുണ്ട്.

ശരീരങ്ങൾ തമ്മിലുള്ള സ്പർശത്തെയാണ് നവോത്ഥാനം തുടർന്ന് അഭിസംബോധന ചെയ്തത്. സഹോദരത്വം എന്ന പരികൽപന നവോത്ഥാനത്തിന്റെ അന്തരാർത്ഥമായത് അതിനാലാണ്.

“ ഒന്നല്ലി നാമയി സഹോദര
രല്ലി പൂവേ
ഒന്നല്ലി കയ്യിഹ രചിച്ചതു
നമ്മെയെല്ലാം”

എന്ന് ആശാൻ എഴുതുന്നുണ്ട്.

“ഒരു ജാതി ഒരു മതം ഒരു
ദൈവം മനുഷ്യന്”

"ഒരു യോനി ഒരാകാശമൊരു ഭേദവുമില്ലതിൽ" എന്ന് ജാതി മീമാംസയിൽ ശരീരത്തെത്തന്നെ നാരായണഗുരു ആധാരമാക്കി.

ശരീരത്തെ അയിത്തത്തിൽ നിന്നും മോചിപ്പിക്കാൻ അവയുടെ ഉത്ഭവം ഒരിടത്തു നിന്നാണെന്ന വസ്തുതയിൽ നവോത്ഥാനം ഊന്നി. ചുരുക്കത്തിൽ ഋഗ്വേദത്തിലെ പുരുഷസൂക്തത്തിന്റെ വർണ്ണ വിഭജനത്തിന് ആധാരമായ സങ്കല്പത്തിന്റെ നിരാകരണം കൂടിയായിരുന്നു ഇതെന്നു കാണാം. ശരീരമാണ് കേന്ദ്രം എന്നത് സ്ഥാപിച്ചു.

ശരീരത്തിന്റെ വിശുദ്ധി സങ്കല്പങ്ങൾക്കുമേലാണ് സ്ത്രീകളും കീഴാളരും മുഖ്യധാരാജീവിതത്തിൽ നിന്നു പിന്തള്ളപ്പെട്ടത്.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ.....

ഒട്ടല്ല ഹോ ജാതിക്കോമരങ്ങൾ"

എന്ന് ആശാൻ

ഈ ശരീരത്തെ അതിന്റെ വിവിധ തരം ജാതി നിയമങ്ങളിൽ നിന്ന് വിമോചിപ്പിക്കാനാണ് നവോത്ഥാനം ശ്രമിച്ചത്.

വിധവയുടെ ശരീരത്തെ, കീഴാളരുടെ ശരീരത്തെ, അത് വെളിച്ചത്തേക്ക് കൊണ്ടുവന്നു.

ശരീരത്തിൻ മുകളിലുള്ള വ്യക്തിയുടെ സ്വയം നിർണ്ണയാവകാശം എന്ന ആശയം അങ്ങനെ നവോത്ഥാനത്തിൽ വേരാഴ്ന്നു നിൽക്കുന്ന ഒന്നായിത്തീർന്നു.

ശരീരം വിപണിയുടെ പരസ്യവാചകമായിത്തീരുന്നത് മുതലാളിത്ത വികാസത്തിന്റെ ഭാഗമായാണ്. ശരീരത്തെ അത് എല്ലാതരത്തിലുമുള്ള രാഷ്ട്രീയ സാമൂഹ്യ സാധ്യതകളിൽ നിന്നും വ്യത്യസ്തമായി ഉല്പന്നങ്ങളുടെ ഉപഭോഗസ്ഥലമാക്കി സ്ഥാപിച്ചെടുത്തു. വ്യക്തിയെ അപ്രസ്ക്തമാക്കി മുതലാളിത്തം ഉപഭോക്താവിനെ സൃഷ്ടിച്ചു. ജൈവശരീരം, സാമൂഹ്യശരീരം എന്നിവക്കൊന്നും പ്രാധാന്യമില്ലാത്ത പരസ്യശരീരമായിത്തീർന്നു വിപണീകൃത മനുഷ്യൻ. തലയില്ലാത്ത ഉടലുകൾ ടെക്സ്റ്റൈൽ ഷോപ്പുകളിൽ നിരന്നു തുടങ്ങി. ശരീരം ലൈംഗികശരീരം മാത്രമായിത്തുടങ്ങി. അവയെ ഉത്തേജിപ്പിക്കുന്നതാക്കി സ്വയം സ്ത്രീപുരുഷ ശരീരങ്ങളെ വാർത്തെടുത്തു. തൊട്ടതെല്ലാം ലൈംഗികമായി.

ശരീരം വിപണിയുടെ പരസ്യവാചകമായിത്തീരുന്നത് മുതലാളിത്ത വികാസത്തിന്റെ ഭാഗമായാണ് ശരീരത്തെ അത് എല്ലാതരത്തിലുമുള്ള രാഷ്ട്രീയ സാമൂഹ്യ സാധ്യതകളിൽ നിന്നും വ്യത്യസ്തമായി ഉല്പന്നങ്ങളുടെ ഉപഭോഗ സ്ഥലമാക്കി സ്ഥാപിച്ചെടുത്തു. വ്യക്തിയെ അപ്രസ്ക്തമാക്കി മുതലാളിത്തം ഉപഭോക്താവിനെ സൃഷ്ടിച്ചു.

നവോത്ഥാനം സൃഷ്ടിച്ച രാഷ്ട്രീയ ശരീരത്തെ നിരാകരിച്ച് മുതലാളിത്തം സൃഷ്ടിച്ച ഉപഭോഗ ശരീരത്തെ മതമാണ് പിന്നീട് പിടികൂടിയത്. അവ താരതമ്യേന എളുപ്പമായിരുന്നു. ഓരോദേശത്തു നിന്നും സ്വന്തം മതശരീരത്തെ അന്യമാക്കി നിർത്താൻ സവിശേഷ വസ്ത്രധാരണം സൃഷ്ടിച്ച് ആഗോള ഇസ്ലാം അതിന്റെ കറുത്ത വസ്ത്രം സ്ത്രീകൾക്കു മേൽ പതിപ്പിച്ചു. ഹിന്ദുക്കൾ പലതരം ആചാരങ്ങളിലൂടെ ശരീരത്തെ മതാധീനമാക്കി മെരുക്കിയെടുത്തു.

'മയ്യത്തും' 'ശവ'വുമായി പ്രളയത്തിൽ ഒഴുകിപ്പോവുന്ന മനുഷ്യശരീരം മാറിപ്പോവുന്നതിനെക്കുറിച്ച് ദശാബ്ദങ്ങൾക്കു മുമ്പ് കെ.ടി.മുഹമ്മദ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആൺ പെൺ എന്ന് വിഭജിച്ച പള്ളിക്കൂടങ്ങൾ, മതവിദ്യാഭ്യാസസ്ഥാപനങ്ങൾ, ജാതിമതപാർട്ടികൾ ഇവയെല്ലാം ഈ ശരീരവിഭജനത്തിൽ മുഖ്യ പങ്കുവഹിച്ചു. ദേശീയതയെ മതകേന്ദ്രിതമായി നിർവചിക്കുന്നതിലൂടെ അവ കൂടുതൽ ഊർജസ്വലമായി.

ആത്മാവ് അഥവാ ജീവൻ നഷ്ടപ്പെട്ട ശരീരം കാണാൻ നാം മരണവീടുകളിൽപ്പോവുന്നത്, ജനങ്ങൾ എത്രയോമണിക്കൂർ കാത്തിരുന്ന് നേതാക്കളുടെ മൃതശരീരം കാണാൻ നിൽക്കുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ആത്മാവില്ലാത്ത ശരീരത്തെ ശില്പമായി പുനഃസൃഷ്ടിച്ച് ആരാധിക്കുന്നത് എന്തിനാണെന്ന് ആലോചിച്ചിട്ടുണ്ടോ?

ശരീരം കൊണ്ടുള്ള വിനിമയം മനുഷ്യസമൂഹത്തിന് അത്രമേൽ പ്രധാനമായതുകൊണ്ടാണ്. ഇസഡോറഡങ്കൻ എന്ന ഡാൻസർ ശരീരം കൊണ്ട് നെയ്തെടുത്ത കാലവും താളവും കലാചരിത്രത്തിന്റെ ഭാഗമാണ്.

അഗാധമായതെല്ലാം ആവിഷ്ക്കരിക്കപ്പെടുന്നത് ശരീരം കൊണ്ടാണ്.

"മണ്ണു ചവിട്ടിക്കുഴച്ച്  
വിതക്കുന്നവരെ  
മൺവിരിപ്പിൽത്തന്നെ  
ഉറങ്ങുന്നവരെ  
കാലിന്നടിയിലെ മണ്ണ്  
ഊർന്ന് പോവുമ്പോൾ  
ജീവൻ കൊണ്ട്  
കെട്ടിപ്പിടിച്ച് കിടക്കുന്നവരെ  
ആയവരെപ്പറ്റിയെല്ലാം  
ഭൂമിയോടു ചോദിച്ചാൽ  
കതിരിട്ടും തളിരിട്ടും  
കാണിക്കും  
വാക്കുകിട്ടാത്ത അതിന്റെ  
അവസാനത്തെ ആനന്ദം."  
(ഭൂമിയോടു ചോദിച്ചാൽ)

എന്ന് വീരാൻ കുട്ടിയുടെ കവിതയിൽ ഇറോം ഷർമിള സ്വന്തം ശരീരത്തെ സമരോപാധിയാക്കി. ഗാന്ധിജി സ്വന്തം ശരീരം

കൊണ്ടാണ് മഹാസാമ്രാജ്യത്വ ത്തിനെതിരായ പ്രതിരോധം സൃഷ്ടിച്ചത്. ശരീരത്തെ അദ്ദേഹം പട്ടിണിക്കിട്ടു.

ശരീരത്തിനുമേൽ സൃഷ്ടിച്ച വിലക്കുകളിലൂടെയാണ് ചരിത്രം അതിന്റെ ആദ്യത്തെ അധികാരം പ്രകടിപ്പിച്ചത്. വഴി നടക്കാനുള്ള സ്വാതന്ത്ര്യം തടയുക, അമ്പല ത്തിലേക്കുള്ള ചില ശരീരങ്ങ ളുടെ പ്രവേശനം തടയുക, നോക്കൂ-

സംസ്ക്കാരം വിലക്കുകൾ കൊണ്ടു കൂടി നിർമ്മിക്കപ്പെട്ടതാ ണ്.

അധികാരം സൃഷ്ടിച്ച വിലക്കു കളെ ഭാവനകൊണ്ടാണ് ഇരകൾ നേരിട്ടത്. അങ്ങനെ കലകളുണ്ടാ യി. ഗലീലിയോയുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചത് ഈ ഭാവനയെ നശിപ്പിക്കാനായിരുന്നു. ഭൂമിയെ ക്കുറിച്ചുതന്നെയുള്ള സങ്കല്പം മാറ്റിയതിന് അദ്ദേഹത്തിന് മത പൗരോഹിത്യവും അധികാരവും നൽകിയ ശിക്ഷ. എന്നാൽ അട ഞ്ഞുപോയ ആ കണ്ണിൽനിന്നു പിൽക്കാലം വെളിച്ചമുണ്ടായി.

ശാസ്ത്രവും ചരിത്രവുമെല്ലാം ഇങ്ങനെ ഉറച്ചുപോയ ധാരണക ളുടെ കെട്ടുപാടുകളിൽ നിന്ന് വിമോചിപ്പിക്കപ്പെടുമ്പോഴാണ് വിപ്ലവപരമായിത്തീരുന്നത്.

ചുണ്ട് ഒരു ലൈംഗികോപകര ണമാണ് എന്ന ചിന്തയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കാനാണ് ചുംബനസമരം നടന്നത്. കൈകൾ ലൈംഗികോപകരണ മാണെന്ന് ഇസ്ലാം കരുതുന്നതു കൊണ്ടാണ് അവയ്ക്ക് ഗ്ലൗസ് ഇടണമെന്ന് അനുശാസിച്ചത്. എന്നാൽ ഇന്ന് ഹസ്തദാനം സ്വാഭാവികമായിരിക്കുന്നു. ജാതി സ്വാഭാവികമായിരുന്നപ്പോൾ നമുക്ക് കേരളത്തിൽ ഹസ്ത ദാനം സാധ്യമായിരുന്നില്ലെ ന്നോർക്കണം. അതിനാൽ കൈകൾ ജാതിയിൽ നിന്നും രതി യിൽ നിന്നും മോചിപ്പിക്കപ്പെട്ട് ഒരു വിനിമയോപാധിയായി മാറി യെന്നതാണ് പ്രധാനം.

ചുണ്ട് ഇനിമേൽ ലൈംഗിക



വിനിമയത്തിന് മാത്രമായുള്ള ഉപാധിയല്ല എന്ന ബോധം സൃഷ്ടിക്കപ്പെടും എന്നതാണ് ഏറ്റവും ഗുണകരമായിരിക്കുന്നത്. രതിയുടെ ഒളിത്താവളമായി ഇനി ചുണ്ട് നിലനിൽക്കില്ല. കൈകൊണ്ട് സ്പർശിക്കും പോലെ സ്വാഭാവികമായിത്തീരും അത്.

ലൈംഗികശരീരം ഒരു സംസ്ക്കാരനിർമ്മിതിയാണ്. അതിൽ നിന്ന് ഓരോ ഭാഗവും മോചിപ്പിക്കപ്പെടും. നിങ്ങൾ ഒറ്റ ത്തവണ ഡെസ്മണ്ട് മോറിസിനെ വായിക്കുക. മാറി മാറി വന്ന ലൈംഗിക താല്പര്യജന്യങ്ങളായ ശരീരഭാഗങ്ങളെക്കുറിച്ച് 'നഗ്നനാരി"യിൽ കാണാം. പാദ ങ്ങൾ മുതൽ നാസിക വരെ ഏതേതെല്ലാം സന്ദർഭത്തിൽ ലൈംഗികമാനം നേടുന്നുവെന്ന് വിശദീകരിക്കുന്നുണ്ടവ.

രണ്ടുപേർ ചുംബിക്കുന്നത് രതി കൊണ്ടാണെങ്കിൽ അതിൽ മൂന്നാമതൊരാൾക്ക് കാര്യമെന്ത്? എന്ന തുറന്ന സമൂഹം നമുക്ക് സങ്കല്പിക്കാൻ കഴിയില്ലേ.

സ്ത്രീയെ ലൈംഗികശരീരം മാത്രമായിക്കണ്ട നമ്മുടെ സാഹി ത്യവും കലകളും അടഞ്ഞ സാമൂ ഹ്യബന്ധങ്ങളുടെ പാപഭാരം പേറു ന്നുണ്ട്. ലൈംഗികശരീരം എന്ന നിലയിൽ നിന്ന് സ്ത്രീശരീര ത്തിന്റെ രാഷ്ട്രീയമായ ശരീരമെന്ന നിലയിലേക്കുള്ള സ്വതന്ത്രമാക ലിന്റെ നിലയിലാണ് പുതിയ ന്യൂജനറേഷൻ ശ്രമങ്ങളെ കാണേണ്ടത്.

നമ്മുടെ പാരമ്പര്യത്തില തുണ്ടോ എന്നല്ല നാം നോക്കേ ണ്ടത്. നമ്മുടെ ഭാവിയിലതുണ്ടാ കുമോ എന്നാണ്. ഏതോ നൂറ്റാ ണ്ടിലെഴുതപ്പെട്ട ഗ്രന്ഥങ്ങൾ നോക്കി സ്വന്തം ശരീരത്തെയും പ്രവൃത്തികളെയും ക്രമപ്പെടു ത്തുന്ന മതമൗലികവാദികളുടെ കൂടെയാണോ, ഭാവിയിലേക്കു സ്വതന്ത്രമായി ജീവിക്കാൻ പുതി യ ആകാശവും ഭൂമിയും അന്വേ ഷിക്കുന്നവരെയാണോ നാം പിന്തുണക്കേണ്ടതെന്ന ചോദ്യ മാണ് നമ്മുടെ വാതിൽക്കൽ മുട്ടി വിളിക്കുന്നത്. സമയമില്ല നോക്കൂ. ഒരു വിഷയലമ്പടന്റെ ചുണ്ടല്ല വാതിലിനുപുറത്ത്, ഒരു മകന്റെ, സുഹൃത്തിന്റെ,വാത്സല്യ മുള്ള അച്ഛന്റെ, മകളുടെ സ്നേഹത്തിന്റെ വിശുദ്ധമായ ഊഷ്മളതയാണ് വേഗമാകട്ടെ.... വേഗമാകട്ടെ....

കവർസ്റ്റോറി



# സദാചാരം ഒരു ആചാരം

ഡോ.നിമ്മി എ.എ

ഒരു ദേശത്തിന്റെയോ, വർഗ്ഗത്തിന്റെയോ, സമൂഹത്തിന്റെയോ ക്രമമായ വളർച്ച പരിശോധിച്ചുനോക്കിയാൽ അതിന് കാരണമായ വിലമതിക്കപ്പെട്ട ഒരു മൂലതത്വമുണ്ടെന്ന് കാണാം. അത് അവിടെ പുലർന്നു പോന്ന ജീവിത രീതികൾ, കലാചാതുര്യം, വസ്ത്രധാരണം, ഭാഷ, ആചാരങ്ങൾ, വിനോദങ്ങൾ, വിശ്വാസരീതികൾ തുടങ്ങിയവയാണ്. ഇവയുടെയെല്ലാം ആകെ തുകയെ ആ സമൂഹത്തിന്റെ സംസ്കാരം എന്ന് പറയാം. മററൊരു തരത്തിൽ പറഞ്ഞാൽ ജീവിതം നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനും മനുഷ്യർ നടത്തുന്ന ശ്രമങ്ങളുടെ ആകെ തുകയാണ് സംസ്കാരം. സംസ്കാരങ്ങൾ ദേശത്തിനും, കാലത്തിനും, മതങ്ങൾക്കുമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. സംസ്കാരമെന്നുള്ളത് ആപേക്ഷികമാണ്. ഒരു സമൂഹത്തിലെ സംസ്കാരത്തെ പുറത്തുനിന്നും വീക്ഷിക്കുന്നവർക്ക് അനുഭവപ്പെടുന്നതുപോലെയാകില്ല ആ സമൂഹത്തിനകത്തുള്ളവർക്ക് അത് അനുഭവപ്പെടുന്നത്.

പക്ഷേ എന്താണ് സദാചാരം? സദാചാരം എങ്ങനെയുണ്ടായി? ചരിത്രത്തിൽ ആദ്യമായി സദാചാരത്തെക്കുറിച്ച് പ്രതിപാദിച്ചത് സോക്രട്ടീസാണെന്നാണ് കരുതപ്പെടുന്നത്. സോക്രട്ടീസ് അക്കാലത്തെ ഒരു പ്രവാചകനായ യൂത്തിഫ്രോ പ്രോസ്പാൾട്ടയോട് ചോദിക്കുന്നു 'ദൈവം ആജ്ഞാപിച്ച കാര്യങ്ങളായത് കൊണ്ടാണോ അവ സദാചാരമായത്. അതോ, അത്

സദാചാരമായത് കൊണ്ടാണോ അക്കാര്യങ്ങൾ ദൈവം മനുഷ്യനോട് ആജ്ഞാപിച്ചത്.

ലോകത്തിലെ എല്ലാ മതങ്ങളും അവരവരുടെ ദർശനങ്ങളിലൂടെ മനുഷ്യൻ എങ്ങനെ ജീവിക്കണം എന്ന് പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഒരു സമൂഹത്തിന്റെ വളർച്ച ഉറപ്പുവരുത്തുന്നതിലും അതിന്റെ പുരോഗതി ത്വരിതപ്പെടുത്തുന്നതിലും സദാചാര നിഷ്ഠയുള്ള ജീവിതം വലിയ പങ്കാണ് വഹിക്കുന്നത്. സംസ്കാര ബോധമോ സദാചാര വിചാരങ്ങളോ ഇല്ലാത്ത ഒരു ജനത, അവരെത്രതന്നെ മുന്നേറിയാലും ഒരുതരം ശൂന്യതാ ബോധം അവരെ വേട്ടയാടിക്കൊണ്ടിരിക്കും.

പക്ഷേ ഇന്ന് നാം കാണുന്ന സദാചാരം മതത്തോട് ചേർന്നുനിൽക്കുന്ന ഒരു മനുഷ്യ സൃഷ്ടിയായ ആചാരം മാത്രമാണ്. യഥാർത്ഥത്തിൽ അതിന് മതവുമായി യാതൊരു ബന്ധവുമില്ല. മാത്രവുമല്ല അത് നമ്മുടെ താൽപര്യങ്ങൾക്കും, സാഹചര്യങ്ങൾക്കും, ആവശ്യ ങ്ങൾക്കുമനുസരിച്ച് എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാവുന്ന ഒന്നായി മാറിയിട്ടുണ്ട്. സദാചാരം നല്ലത് തന്നെയാണ്. ഓരോരുത്തരും പഠിച്ചറിഞ്ഞ സദാചാരം മറ്റൊരാൾക്ക് മുകളിൽ അടിച്ചേല്പ്പിക്കാൻ തുടങ്ങുമ്പോൾ ആണ് സദാചാരം പരിധി കടക്കുന്നത്. ഇങ്ങനെ പരിധിക്ക് പുറത്തുപോകുന്ന സദാചാരം അപകടംതന്നെയാണ്. ഒരാണും പെണ്ണും കൂടി ഒരുമിച്ച് യാത്ര ചെയ്താലോ സംസാരിച്ചാലോ തകരുന്നതല്ല യഥാർത്ഥ സദാചാരം. അതേ സമയം ഇവിടെ സദാചാര മൂല്യങ്ങൾക്ക് എന്ത് പ്രസക്തി എന്ന് വെല്ലുവിളിച്ചുകൊണ്ട് എന്ത് ആഭാസത്തരങ്ങളും കാണിച്ച് കൂട്ടുന്ന വർഗ്ഗത്തിനോട് പുച്ഛവും തോന്നുന്നു.



സദാചാരം നല്ലത് തന്നെയാണ്. ഓരോരുത്തരും പഠിച്ചറിഞ്ഞ സദാചാരം മറ്റൊരാൾക്ക് മുകളിൽ അടിച്ചേല്പ്പിക്കാൻ തുടങ്ങുമ്പോൾ ആണ് സദാചാരം പരിധി കടക്കുന്നത്. ഇങ്ങനെ പരിധിക്ക് പുറത്ത്പോകുന്ന സദാചാരം അപകടംതന്നെയാണ്. ഒരാണും പെണ്ണും കൂടി ഒരുമിച്ച് യാത്ര ചെയ്താലോ സംസാരിച്ചാലോ തകരുന്നതല്ല യഥാർത്ഥ സദാചാരം.

വീട്ടിൽനിന്ന് റയിൽവേസ്റ്റേഷനിലേക്കുള്ള യാത്രക്കിടയിൽ ഭാര്യയുടെ സീററിനടുത്ത് ഒഴിഞ്ഞുകിടക്കുന്ന സീററ് കണ്ട് ഒന്നുമാലോചിക്കാതെ അവിടെകയറിയിരുന്ന പുറംനാട്ടിലെവിടെയോ പഠനംകഴിഞ്ഞുവന്ന പയ്യനെതിരെ ഭർത്താവ് കയർക്കുകയും പിടിച്ചു തള്ളുകയും, ബാക്കികാര്യം ജനങ്ങൾ ഏററെടുക്കുകയും, പയ്യന്റെ ഭാഗ്യത്തിന് പരിക്കുകളില്ലാതെ രക്ഷപെടുകയും ചെയ്തതിന് കാരണം അന്യപുരുഷനുമായി ചേർന്നിരിക്കാൻ പാടില്ല എന്ന സദാചാരം ഭർത്താവ് കൂടെ കരുതിയത് കൊണ്ടാണ്. അതേ ഭർത്താവ് തന്നെ തീവണ്ടിയിൽ കയറിയപ്പോൾ പുരുഷന്മാർക്കിടയിൽ കണ്ട സീററിൽ ഭാര്യയെ ഇരുത്തിയതിന് കാരണം പഴയ സദാചാരം കയ്യിലില്ലാഞ്ഞിട്ടല്ല. തീവണ്ടിയിലും ബസ്സിലും വേറേ വേറേ സദാചാരമായിട്ടുമല്ല, ദീർഘദൂരയാത്രയാണ് നിന്നാൽ കാലുകഴക്കും എന്നറിഞ്ഞിട്ടുതന്നെയാണ്. ഇതാണ് അവസരവാദ സദാചാരം.

അത് പോലെ സ്ത്രീകൾ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗം മറയ്ക്കണമെന്നും, പുരുഷന്മാർ പൊക്കിളിന് മുകൾ ഭാഗം മുതൽ കാൽമുട്ടിന് താഴെ വരെ മറയ്ക്കണമെന്നും, തൊലിയുടെ നിറവും ശരീരത്തിന്റെ ആകൃതിയും പുറത്തറിയിക്കാത്ത വസ്ത്രം ധരിക്കണമെന്നും ഉള്ളതാണ് ഇസ്ലാമിക സംസ്കാരം. എന്നാൽ കയ്യും മുഖവും മൂടിക്കെട്ടിയ നിലയിൽ പർദ്ദ ധരിച്ച ഭാര്യയെയും, ഇൻസെർട്ട് ചെയ്ത് പെൻസിൽ ഫിറ്റ് പാന്റ്സും ടീ–ഷർട്ടും ധരിച്ച

ഭർത്താവിനെയും നമുക്ക് കാണാൻ കഴിയുന്നത് അവർക്ക് ഇസ്ലാമികസംസ്കാരം അറിയാഞ്ഞിട്ടല്ല. അവർ പിൻതുടരുന്ന സദാചാരം കാരണമാണ്. ശരീരത്തിന്റെ ആകൃതി പുറത്ത് കാണിക്കാതിരിക്കലല്ലേ ഇസ്ലാമിക സംസ്കാരം എന്ന് ചോദിച്ചാൽ അത് സ്ത്രീകൾക്കാണ് എന്നതാവും മറുപടി. ഇതാണ് സദാചാരത്തിലെ ലിംഗ വിവേചനം.

സായിപ്പിന്റെ സദാചാരം എന്നത് പുകവലിക്കുകയും, ജീൻസ് ധരിക്കുകയും, മദ്യപിക്കുകയുമൊക്കെയാണെങ്കിൽ അത് അനുകരിക്കുന്ന പുരുഷന്മാരെ നമ്മുടെ സമൂഹം അംഗീകരിക്കുകയും സ്ത്രീയെ ബഹിഷ്കരിക്കുകയുമാണ് ചെയ്യുന്നത്. സായിപ്പിന്റെ സദാചാരത്തോടല്ല, അത് ചെയ്യുന്ന സ്ത്രീയോട് മാത്രമാണ് നമുക്ക് വെറുപ്പ്. സദാചാരം നമ്മുടെ സംസാരത്തിൽ മാത്രമാണുള്ളത്, മനസ്സിലില്ല. നമ്മുടെ സമൂഹത്തിൽ സദാചാര നിഷ്ഠ കുറഞ്ഞുവരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പൊതുജനമദ്ധ്യത്തിൽ പോലും സ്ത്രീകൾ അപമാനിക്കപ്പെടുന്നു. ജനജീവിതത്തിന് കാവൽ നിൽക്കേണ്ടവരും സമാധാനജീവിതം ഉറപ്പുവരുത്തേണ്ടവരുമായ ഭരണാധികാരികളും നിയമപാലകരും തന്നെ തോന്ന്യാസങ്ങൾക്ക് പിടിക്കപ്പെടുന്നു. അറിവും അക്ഷരവും പകരേണ്ട അദ്ധ്യാപകരാൽ തന്നെ അക്ഷരം നുണയാൻ വന്ന കുരുന്നുകൾക്ക് ഗർഭം പേറേണ്ടി വരുന്നു. പലരും പിടിക്കപ്പെടുന്നു. പലരും അഭംഗുരം തുടരുന്നു.

സദാചാരവും സംസ്കാരവുമെല്ലാം ജീവിതത്തിന്റെ വെളിച്ചമാണ്. അത് കെട്ടുപോയാൽ ജീവിതം ഇരുട്ടിൽ തപ്പിത്തടയും. നമ്മുടെ സംസ്കാരജീവിതത്തിന് സമഗ്രതയും വളർച്ചയും ഉണ്ടാകുന്നത് നമ്മുടെതന്നെ മനോഭാവത്തിനനുസരിച്ചായിരിക്കും. സദാചാരവിരുദ്ധപ്രവർത്തനങ്ങൾ കുടിവരുന്ന ആധുനിക ചുററുപാടിൽ സദാചാരജീവിതത്തിന്റെയും ധാർമ്മികനിലപാടുകളുടെയും സാംസ്കാരികാവബോധത്തിന്റെയും നല്ല പാഠങ്ങൾ അറിയുവാനും മററുള്ളവരിലേക്ക് പകർന്ന് നൽകുവാനും നാം ബാദ്ധ്യസ്ഥരാണ്.

# 10-12

കാദർക്ക ഇരുമ്പുവടി കൈയ്യിലെടുത്തു
കാത് തുളയുന്നപോലെ
കടലാസുകൾ മറിയുന്നു, മടങ്ങുന്നു, നിവരുന്നു
പേനകളുടെയും പെൻസിലുകളുടെയും
സ്വകാര്യം പറച്ചിലുകൾ...
വലത്തോട്ടും ഇടത്തോട്ടും പായുന്ന കണ്ണുകൾ...
അവിടവിടെയായി നിശ്വാസങ്ങൾ, ആശ്വാസങ്ങൾ
കരിഷ്മാസാരി നിലത്തുരസുന്ന,
ചിപ്സിന്റെ ചെരുപ്പ് നിലത്തുടക്കുന്ന ശബ്ദം

മൂന്നാമത്തെ ബെഞ്ചിൽ,
വലത്തെ അററത്ത്,
മേൽപ്പോട്ട് നോക്കി ഞാനും.





**നന്ദിത വിസ്മയ**
ജി.എച്ച്.എസ്.എസ് എടപ്പാൾ, 8ാതരം വിദ്യാർത്ഥിനി

# ഒരു കണക്ക്

ഒന്നിലൊക്കെ, ഞാനും നീയും നമ്മളും
മാത്രം
രണ്ടിൽപ്പിന്നെ, കുരിശും വടിയുമായിരുന്നു,
അങ്ങോട്ടുമിങ്ങോട്ടും ബഹുരസം!

മൂന്നിൽ, രേഖയായിരുന്നു താരം
നാലീന്നായിരുന്നു, അവന്റെ വരവ്
കുരിശിനെ ചരിച്ചിട്ടപോലെ
പിന്നാലെ വന്നൂ, വടിയും രണ്ടു കുത്തും
പിന്നങ്ങനായീ, ഇങ്ങനായീ,
ഉറക്കം തൂങ്ങി...

അഞ്ചു കഴിഞ്ഞപ്പോഴാണ്
കുരിശും വടിയും അപ്പാടെ മാറിയത്
ഒരുത്തൻ ഇടത്തോട്ടു പോയി. മററവൻ വല
ത്തോട്ടും
ഇതിനിടയിൽ
ഞാൻ വെറും വട്ടപ്പൂജ്യം!



# ലൈംഗികസദാചാരസംഹിതകളും സ്ത്രീകളും



പി.ലിസ

കേരളത്തിലെ സ്തീകളെ ആരാണ് നിർവചിക്കുന്നത് എന്ന ചോദ്യം സ്ത്രീകൾ സ്വയം ചോദിക്കുകയും സമകാലീന സംഭവങ്ങളിൽ അതിന് ഉത്തരം കണ്ടെത്തുകയും ചെയ്യേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. വർത്തമാനകാലത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന ചുംബിലാബ് വിളികളുടെ പശ്ചാത്തലത്തിൽ കേരളസ്ത്രീകളുടെ ലൈംഗികസദാചാരത്തെ ഒന്നടുത്തു പരിശോധിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.
ഒരു ജനാധിപത്യ സമൂഹത്തിൽ സ്ത്രീപുരുഷൻമാർ പരസ്പരം അടുത്തിടപഴകുന്ന സന്ദർഭങ്ങളിൽ കേരളീയസംസ്കാരവും സദാചാരവുമായി ബന്ധിപ്പിച്ച് വ്യക്തി സ്വാതന്ത്ര്യത്തിനുമേൽ ഉണ്ടായ കയ്യേറ്റങ്ങൾക്കെതിരെ ജാതിയുടേയോ മതത്തിന്റെയോ



രാഷ്ട്രീയ സംഘടനകളുടേയോ പിൻബലമില്ലാതെ , വൈചാരികമായി, നവ ആശയങ്ങൾ സംവേദനം ചെയ്യപ്പെട്ട ജനതതിയുടെ സാംസ്കാരികമണ്ഡലത്തിൽ നിന്ന് ഉരുത്തിരിയപ്പെട്ടതാണ് ചുംബനസമരം എന്ന പുതിയ സമരമാർഗ്ഗം . വിവിധ ജാതി മത വർഗ്ഗ-സമുദായ കള്ളികൾക്കുള്ളിൽ ജനങ്ങളെ തിരിച്ചിട്ട് വ്യത്യസ്തങ്ങളായ സാമൂഹിക ആചാരങ്ങളാലും മുറകളാലും ക്രമങ്ങളാലും സദാചാരബന്ധിതമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ ശ്രമിക്കുന്ന മതപൗരോഹിത്യത്തിനും ബ്രാഹ്മണ മൂല്യബോധത്തിനുമേറ്റ അതിശക്തമായ ആഘാതമായിരുന്നു ചുംബനം എന്ന സമരായുധം. ഇതിനെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ വേണ്ടതെന്ന് അറിയാതെ വ്യക്തികളും രാഷ്ട്രീയസാംസ്ക്കാരിക സംഘടനകളും വലഞ്ഞു എന്നത് വാസ്തവം. ആഗോളവത്കരണത്തിന്റെ ബാക്കിപത്രം, പാശ്ചാത്യസംസ്കാരാനുകരണം, കുട്ടികൾക്ക് മുമ്പിൽ തെറ്റായൊരു സമരമാതൃക എന്നു തുടങ്ങിയ അഭിപ്രായങ്ങളും ചുംബനസമരവുമായി ബന്ധപ്പെട്ട് അരങ്ങുതകർത്തു.

യഥാർത്ഥത്തിൽ ഈ സമരം പ്രകോപിപ്പിച്ചത് ആരെയായിരുന്നു ? ലാത്തിയും ചൂരൽവടിയുമായി സമരത്തെ അടിച്ചമർത്താൻ ഇറങ്ങി ത്തിരിച്ചവർ ആരെയായിരുന്നു ഉന്നം വെച്ചിരുന്നത് ? കുടുംബങ്ങളിൽ നിന്നും പുറത്തിറങ്ങി പൊതുസ്ഥലത്ത് വെച്ച് ചുംബനത്തിന് ഒരുങ്ങുന്ന സ്ത്രീകളെ ആയിരുന്നു അവർ നോട്ടമിട്ടിരുന്നതെന്ന യാഥാർത്ഥ്യം ചുംബനസമരവിരോധികൾ പൊതുനിരത്തിൽ പതിച്ച പോസ്റ്ററുകളിൽ നിന്നു വ്യക്തമാകുന്നുണ്ട്. സമരത്തിനെത്തുന്നവരെ നഗ്നരാക്കിവിടും എന്ന ഭീഷണിയിൽ നഗ്നതയെ ഭയക്കേണ്ടവർ അതായത് സ്ത്രീകൾ ഇവിടേക്ക് വരേണ്ടതില്ല എന്നു തന്നെയാണ് പറയാതെ പറയുന്നത്. വീട്ടിലിരുന്ന് കുടുംബം നോക്കി നടത്തേണ്ടവർ ചുംബിക്കാൻ റോഡിലിറങ്ങുന്നത് കേരളസംസ്കാരത്തിന്റെ മൂല്യതകർച്ചയുടെ പ്രധാന കാരണമായി അവർ എടുത്തുകാണിച്ചു. കേരളസംസ്ക്കാരസംരക്ഷകരായി സ്വയം പ്രഖ്യാപിച്ച് സ്വന്തം വീട്ടിലെ സ്ത്രീകളെ നിലക്കു നിർത്തി അന്യസ്ത്രീകളെ സദാചാരം പഠിപ്പിക്കാൻ ഇറങ്ങിയ ഇവർ ശക്തമായ മതപൗരോഹിത്യബോധത്തിന് ഉടമകളായിരുന്നു. ഈ തിരിച്ചറിവാണ് മതം, ജാതി, ഗോത്രം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങൾ സ്ത്രീകളെ നിർണ്ണയിച്ചിരിക്കുന്നത് എങ്ങനെ ആയിരുന്നതെന്ന്

ലാത്തിയും ചൂരൽവടിയുമായി സമരത്തെ അടിച്ചമർത്താൻ ഇറങ്ങിത്തിരിച്ചവർ ആരെയായിരുന്നു ഉന്നം വെച്ചിരുന്നത് ? കുടുംബങ്ങളിൽ നിന്നും പുറത്തിറങ്ങി പൊതുസ്ഥലത്ത് വെച്ച് ചുംബനത്തിന് ഒരുങ്ങുന്ന സ്ത്രീകളെ ആയിരുന്നു അവർ നോട്ടമിട്ടിരുന്നതെന്ന യാഥാർത്ഥ്യം ചുംബനസമരവിരോധികൾ പൊതുനിരത്തിൽ പതിച്ച പോസ്റ്ററുകളിൽ നിന്നു വ്യക്തമാകുന്നുണ്ട്.



ഇന്ത്യൻഭരണഘടന ഒരു വ്യക്തിക്ക് നൽകുന്ന അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും മേൽ പിടിമുറുക്കി കൊണ്ട് അദൃശ്യമായൊരു കനത്തചങ്ങലയെന്നവണ്ണം ജാതി–മതസ്ഥാപനങ്ങൾ കുടുംബങ്ങൾക്ക് മേൽ വീണുകിടക്കുന്നു.എന്നാൽ ഈ ചങ്ങലകൾ പ്രവർത്തനക്ഷമമാകുന്നത് കുടുംബത്തിലെ സ്ത്രീകളുടെ ജീവിതത്തിനുള്ളിലാണ് എന്നതാണ് യാഥാർത്ഥ്യം.

മനസ്സിലാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഉദ്ബോധിപ്പിക്കുന്നത്. ഒരു സമൂഹത്തിന്റെ, ജനതയുടെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക ജീവിതത്തിന്റെ പരിണതഫലമാണ് സംസ്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാരതീയ സംസ്ക്കാരം എന്നു പറയുമ്പോൾ അത് ഏകശിലാരൂപമായ ഒന്നല്ല . ഒരു ജനതയുടെ സാമൂഹിക സാംസ്ക്കാരിക ജീവിതത്തിന്റെ ആന്തരവൈവിധ്യങ്ങൾക്കനുസരിച്ച് അവ വളരെ അധികം വ്യത്യാസപ്പെട്ടിരിക്കുന്നു. മാനവസംസ്കാരത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് ആധുനികമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് കുടുംബം എന്ന സാമൂഹികസ്ഥാപനം വഹിച്ച പങ്ക് ശ്രദ്ധേയമാണ് . സ്ത്രീ-പുരുഷന്മാരിലെ മാതൃ-പിതൃ വികാരങ്ങൾക്ക് കുട്ടികളെ പ്രവർത്തനോൻമുഖമാക്കുവാനുള്ള ഒരിടം കൂടിയാണ് കുടുംബം. എന്നാൽ ഒരു കുടുംബത്തിന്റെ സാമൂഹികമായ നിലനിൽപ്പിന് അടിസ്ഥാനം ആ കുടുംബമുൾപ്പെടുന്ന ജാതി-മതസ്ഥാപ നങ്ങൾക്കനുസൃതമായ രീതിയിൽ വ്യക്തികളെ നയിക്കുന്നതിൻമേലാണ് . ഇന്ത്യൻഭരണഘടന ഒരു വ്യക്തിക്ക് നൽകുന്ന അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും മേൽ പിടിമുറുക്കി കൊണ്ട് അദൃശ്യമായൊരു കനത്തചങ്ങലയെന്നവണ്ണം ജാതി-മതസ്ഥാപനങ്ങൾ കുടുംബങ്ങൾക്ക് മേൽ വീണുകിടക്കുന്നു.എന്നാൽ ഈ ചങ്ങലകൾ പ്രവർത്തനക്ഷമമാകുന്നത് കുടുംബത്തിലെ സ്ത്രീകളുടെ ജീവിതത്തിനുള്ളിലാണ് എന്നതാണ് യാഥാർത്ഥ്യം. അങ്ങനെ നോക്കുമ്പോൾ ജാതി-മത സ്ഥാപനങ്ങളോടുള്ള സ്ത്രീകളുടെ മമതയും വിധേയത്വവുമാണ് കുടുംബം എന്ന സ്ഥാപനത്തെ വിജയത്തിലേക്കെത്തിക്കുന്നത് . 'യത്ര നാര്യസ്തു പൂജ്യന്തേ... തത്ര ദേവതാ രമന്തേ' എന്ന് വാഴ്ത്തിപ്പാടിക്കൊണ്ട് ഭാരതീയസംസ്ക്കാരത്തിന്റെ ഉത്തമദൃഷ്ടാന്തമായി സ്ത്രീയുടെ പാതിവ്രത്യത്തെ തന്ത്രപൂർവ്വം പ്രതിഷ്ഠിക്കുകയായിരുന്നു.

കവർസ്റ്റോറി



ശോഭിത ജോയ്

# ജീവിതം ഒരു സദാചാരപ്രശ്നമാണ്

മറ്റാരുടെയൊക്കെയോ താല്പര്യങ്ങൾക്കനുസരിച്ചു നമ്മെ പാകപ്പെടുത്തുകയും നമ്മുടെ ജീവിതത്തെ നമ്മുടെ മനസ്സിലിട്ട് ഞെരിച്ചമർത്തി ഒടുങ്ങുകയും മറ്റൊരാൾ നിർണ്ണയിക്കുന്ന ജീവിതത്തെ ജീവിച്ചു തീർക്കുകയും ചെയ്യുകയാണ്.

സാമ്പത്തികം ഒരു സദാചാര പ്രശ്നമാണ്. നീ ആരുടെ പണമാണ്, നീ ആരെ ഏൽപ്പിക്കേണ്ട പണമാണ്, നീ ആർക്കുവേണ്ടി ഉണ്ടാക്കുന്ന പണമാണ്, നീ ആരെയാണ് നിന്റെ കൈയ്യിൽ വന്നു ചേരുന്ന പണം ഏൽപ്പിക്കേണ്ടത്, നിന്നിലൂടെ നിന്റെ ആഗ്രഹാനുസരണം ഏതു പണമാണ് ചെലവഴിക്കപ്പെടേണ്ടത്

ജീവിതം ഒരു സദാചാര പ്രശ്നമാണ്. ആരുടെ ജീവിതമാണ് ഞാൻ ജീവിക്കുന്നതെന്ന ചോദ്യം ഞാൻ ഉയർത്താത്തിടത്തോളം കാലം ഈ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ ഞാൻ ജീവിക്കുന്നത് എന്റെ ജീവിതമാണോ, എന്റെ ഇച്ഛ അനുസരിച്ചുള്ള ജീവിതമാണോ എന്ന ചോദ്യം വെറുതെയൊന്നു മനസ്സിലേക്ക് കുടഞ്ഞിട്ടുകഴിഞ്ഞാൽ ഉടനെ മുന്നിൽ സജീവമാകുന്ന പ്രശ്നത്തെയാണ് ഞാൻ സദാചാരം എന്ന് കരുതുന്നത്. ഈ സദാചാരപ്രശ്നം സ്ത്രീ മാത്രമാണോ നേരിടുന്നത്. അറിഞ്ഞു കൂടാ. അറിഞ്ഞു കൂടാ എന്നല്ല എനിക്കറിയാവുന്ന പുരുഷന്മാരും സ്വേച്ഛ ക്കനുസരിച്ച് ഒരു നിമിഷമെങ്കിലും ജീവിച്ചു പോരുന്നവരല്ല. നാം മറ്റാരുടെയോക്കെയോ ഇച്ഛകളെ പിന്തുടരുകയും

എന്നൊക്കെ ഒരു നൂറായിരം പ്രശ്നങ്ങൾ മുന്നിലേക്ക് പ്രക്ഷേപിക്കപ്പെടുമ്പോൾ സാമ്പത്തികം ഒരു നിറഞ്ഞ സദാചാരപ്രശ്നം ആയിത്തീരുന്നു.

സമൂഹം ഒരു സദാചാര പ്രശ്നം ആണ്. നീ, അടിസ്ഥാന വർഗ്ഗമാണോ, മദ്ധ്യവർഗ്ഗമാണോ , ഉപരിവർഗ്ഗമാണോ എന്ന തരം തിരിവുകൾക്കൊന്നും യാതൊരു

പ്രസക്തിയുമില്ലാത്തതരം സദാചാരപ്രശ്നങ്ങൾ സമൂഹം എന്ന സംവർഗ്ഗത്തിനകത്ത് അനുഭവവേദ്യമാകുന്നുണ്ട് . പെറ്റു വീണ ഇടം മുതൽ, വിദ്യാഭ്യാസം ചെയ്ത ഇടങ്ങൾ മുതൽ, തൊഴിലിടങ്ങൾ മുതൽ ഓരോ ചലനവും തികഞ്ഞ സദാചാര വലയത്തിനുള്ളിൽ കുരുക്കി യിടപ്പെട്ടു കഴിഞ്ഞു. സദാചാരപ്രവർത്തനങ്ങളുടെ നേർത്ത ഇഴകളിൽ അറിയാതൊന്നു സ്പർശിച്ചു പോയ്ക്കഴിഞ്ഞാൽ ഉടനെ ഒറ്റ പ്പെടാനൊരു ജന്മം ഉരുത്തിരിയുകയായി.

സ്നേഹം ഒരു സദാചാര പ്രശ്നം ആണ്. ആരോടുള്ള സ്നേഹം എന്ന ചോദ്യം സ്നേഹം എന്ന പ്രയോഗത്തിനു പിൻപേ പറന്നണഞ്ഞു കഴിഞ്ഞു എന്ന് ഞാൻ മനസ്സിലാക്കുന്നു. ആർക്കും ആരോടും എപ്പോഴും തോന്നാവുന്ന ഒരടുപ്പത്തെ സ്നേഹം എന്ന് തന്നെ വിളിക്കണം. ആകർഷണം തന്നെ അതിന്റെ മുഖ്യ ഘടകം. അത് മാനസികം എന്നതിനേക്കാൾ ആദ്യപടിയിൽ ശാരീരികം തന്നെയാവും, ആവണം. പിന്നീടത് മാനസികമായി വളർച്ച പ്രാപിക്കുകയും അത് അതിന്റെ വഴിയിൽ സ്വയം രൂപപ്പെടുകയും ആവിഷ്കരിക്കുകയും ചെയ്യും. സദാചാരം ഇതിന്റെയൊക്കെ ആദ്യഘട്ടത്തിൽ തന്നെ ഇടപെടുകയും സ്വാഭാവികമായ സ്നേഹത്തിന്റെ വളർച്ചയെ തടയിടുകയും ചെയ്യും. ഇവിടെയാണ് പോലീസിന്റെ കളി അഥവാ ഗൂണ്ടാ ഗെയിം ആരംഭിക്കുന്നത്.

ഇന്നിപ്പോൾ ഒരു നേർത്ത ചലനം പോലും സദാചാരം എന്ന വാക്കിന്റെ വിരൽത്തുമ്പിൽ പിടിച്ചു നടക്കാൻ തുടങ്ങുന്നു. നീ എങ്ങനെ നോക്കണം, നീ എങ്ങനെ ഇരിക്കണം നീ ആരോടൊപ്പം സഞ്ചരിക്കണം, നീ എപ്പോഴൊക്കെ നിൽക്കണം, ഇരിക്കണം, പ്രാഥമിക



**നീ എങ്ങനെ നോക്കണം, നീ എങ്ങനെ ഇരിക്കണം, നീ ആരോടൊപ്പം സഞ്ചരിക്കണം, നീ എപ്പോഴൊക്കെ നിൽക്കണം, ഇരിക്കണം പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കണം, നിന്റെ ശരീരത്തെ കമ്പോളത്തിന്റെ ആവശ്യങ്ങൾക്കായി എങ്ങനെയൊക്കെ കൃത്യമായി പരുവപ്പെടുത്തിയെടുക്കണം എന്ന് ഇന്ന് കോഡ് ഓഫ് കോണ്ടാക്റ്റ് രൂപപ്പെട്ടു കഴിഞ്ഞു.**

കൃത്യങ്ങൾ നിർവഹിക്കണം, നിന്റെ ശരീരത്തെ കമ്പോളത്തിന്റെ ആവശ്യങ്ങൾക്കായി എങ്ങനെയൊക്കെ കൃത്യമായി പരുവപ്പെടുത്തിയെടുക്കണം എന്ന് ഇന്ന് കോഡ് ഓഫ് കോണ്ടാക്റ്റ് രൂപപ്പെട്ടു കഴിഞ്ഞു. ആർത്തവം ഇന്ന് ഒരു സാധാരണ കേവല ശാരീരിക പ്രശ്നത്തിൽ നിന്ന് സ്ത്രീശരീര രാഷ്ട്രീയത്തിന്റെ തലത്തിലെ ചർച്ചകളിലേക്ക് വന്നു കഴിഞ്ഞു. മേൽപറഞ്ഞ കോഡ് ഓഫ് കോണ്ടാക്ട് നിലവിൽ വന്നു നിലയുറപ്പിച്ചതിനു ശേഷം മാത്രമേ പെണ്ണിന്റെ ഏറ്റവും മുഖ്യമായ ഒരു ശാരീരിക വിഷയം ചർച്ചയിൽ വന്നുള്ളൂ എന്നത് ഇതുമായി കൂട്ടി വായിക്കുക തന്നെ വേണം.

പക്ഷെ, സംശയങ്ങളുടെ ഒരു പരവതാനി ആകാശത്തു നിന്ന് വേറെ പറന്നു വരുന്നുണ്ടോ ? ചുറ്റും നൂറു നൂറായിരം കാമറക്കണ്ണുകൾ ഒളിഞ്ഞും തെളിഞ്ഞും നോക്കുന്ന ഒട്ടും സുതാര്യമല്ലാത്ത ഒരതാര്യ സമൂഹത്തിൽ രാഷ്ട്രീയവൽക്കരിക്കപ്പെടുന്ന ഒരു വിഷയവും നിലനിൽക്കാതെ ഒരാഴ്ചത്തെ ആയുസ്സുമായി കഴുത്തറ്റു പോകെ ഞാൻ എന്ന സ്ത്രീ നേരിടുന്ന സദാചാരപ്രശ്നങ്ങളെ വകതിരിച്ചിരുത്തുമ്പോൾ ഏതു കള്ളിയിലാണ് ഇതിന്റെ രാഷ്ട്രീയം ഉൾപ്പെടുത്തപ്പെടുക? അത് കൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത് ജീവിതം, എനിക്ക് ജീവിതം ഒരു സദാചാരപ്രശ്നം തന്നെയാണെന്ന്.

കവർസ്റ്റോറി



വിജിത.പി.

# പ്രാചീന കേരളവും സംസ്ക്കാരവും



**ലോ**കത്ത് മനുഷ്യർ വിഭിന്ന മായ ആവാസവ്യവസ്ഥകളിൽ ജീവിക്കു കയും വ്യത്യസ്തരായി പെരുമാറുകയും ചെയ്യുന്നു. അടിസ്ഥാനപരമായി ഒരേ സ്വഭാവം പുലർത്തേണ്ടുന്ന മനുഷ്യർ എന്തുകൊണ്ട് വ്യത്യസ്തരായിരിക്കുന്നു വെന്ന ചോദ്യമാണ് 'സംസ്കാരം' എന്ന ഉത്തരത്തിലേക്ക് നമ്മളെ നയിക്കുന്നത്. ഒരു ജനസമൂഹത്തിന്റെ ആകെയുള്ള ജീവിത ശൈലിയാണ് സംസ്കാരം എന്നുപറയാം. മനുഷ്യരുടെ മൊത്തം പെരുമാറ്റങ്ങളേയും ജീവിതരീതികളേ യുമാണ് സംസ്കാരം ഉൾക്കൊള്ളുന്ന ത്. പ്രസിദ്ധ നരവംശശാസ്ത്രജ്ഞരായ ക്ലൈഡ്-ക്ലക്ക് ഹോഗനും എ.എൽ. ക്രാമ്പറും ചേർന്ന് 1952ൽ തയ്യാറാക്കിയ ഒരു പ്രബന്ധത്തിൽ സംസ്കാരത്തെ കുറിച്ചുള്ള നൂറ്റി അറുപതിൽപരം നിർവ ചനങ്ങൾ കൊഴുക്കുന്നുണ്ട്. കീവേ ഡ്സിൽ സംസ്കാരപദത്തിന്റെ പ്രാഗ്ചരിത്രമന്വേഷിച്ച വില്യംസ് ഈ പദത്തെ പലപ്പോഴും പല അർത്ഥങ്ങ ളിൽ ഉപയോഗിച്ചു കാണുന്നു. ഇദ്ദേഹ ത്തിന് സംസ്കാരമെന്നത് ചിലപ്പോൾ പൂർണ്ണതയുടെ മാതൃകയാണ് മറ്റ് ചില പ്പോൾ കലാ-സാഹിത്യ കൃതികളാണ്. ചിലപ്പോൾ ധൈഷണികവികാസമോ മാനസികഔന്നത്യമോ ആണ്. സമഗ്ര ജീവചിഹ്നവ്യവസ്ഥ, വിഭാവഘടന എന്നിങ്ങനെ അദ്ദേഹം സംസ്കാരത്തെ പലവിധത്തിൽ നിർവചിച്ചിട്ടുണ്ട്. ആധു നിക കാലത്ത് സംസ്കാരപദം പൊതുവെ രണ്ട് തരത്തിലാണ് ഉപയോ ഗിക്കപ്പെട്ടത്. ആദ്യത്തേത് ഗോത്രസമൂ

ഹത്തിന്റെ സങ്കീർണ്ണവും സമഗ്രവുമായ ജീവിതശൈലിയെ കുറിക്കുന്നതാണ്. രണ്ടാമത്തേത് മാനസികവും ധൈഷണികവുമായ ഉന്നമനത്തിന്റെ പരകോടിയായി സംസ്കാരത്തെ കാണുന്ന സരേത്ത്യ സങ്കല്പമാണ്. ഇവിടെ വ്യക്തമാക്കുന്ന വസ്തുത. ജൈവവസ്തുവെന്നപോലെ വളരുകയും വികസിക്കുകയും ചെയ്യുന്ന ഒന്നാണ് സംസ്കാരം.

കേരളീയസംസ്കാരവും സദാചാരസങ്കല്പവും ഒരേ നിർമിതിയുടെ കീഴിൽ ഉൾപ്പെടുന്ന ചിന്തകളാണ്. കേരളീയസംസ്കാരം വളർച്ച പ്രാപിക്കുകയും എത്തിനിൽക്കുകയും ചെയ്യുന്ന അതേ അവസ്ഥയിൽ തന്നെയാണ് സദാചാരസങ്കല്പത്തിന്റെയും നില. ദ്രാവിഡസംസ്കാരത്തിൽ നിന്നാരംഭിച്ച് ആര്യവൽക്കരണത്തിലൂടെയും  ഇതര ദേശസംസ്കരണത്തിൽ നിന്നുള്ള ആദാനപ്രദാനങ്ങളിലുടെയും വളർച്ചയും തളർച്ചയും പ്രാപിച്ചതാണ് ഇന്ന് നാം കാണുന്ന കേരളീയ സംസ്കാരം. ഒരു ജൈവവസ്തുവെന്ന നിലയിൽ വളരുകയും വികസിക്കുകയും ചെയ്യുന്നതാണ് 'സംസ്കാരം' എന്ന വിവക്ഷയനുസരിച്ച് സാംസ്കാരിക പരിണാമങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. സംസ്കാരം രൂപപ്പെട്ടുവന്ന സാഹചര്യങ്ങളെ ഇഴചേർത്ത് വായിക്കുമ്പോൾ മാത്രമേ ഇവിടെ പുലർന്നുപോരുന്ന സദാചാരസങ്കല്പത്തെക്കുറിച്ചുള്ള വ്യക്തത കൈവരിക്കുകയുള്ളൂ.

ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും സ്വതന്ത്രമായ അസ്ഥിത്വം എക്കാലത്തും കേരളത്തിനുണ്ടായിരുന്നു. ഇതര ഭാരതീയ ദേശങ്ങളിൽ നിന്നും വ്യത്യസ്തമായ വ്യക്തിത്വം പുലർത്തുന്ന തനതായ ഭൂവികൃതി കേരളത്തിന് ഏറെ സഹായകവുമായി. നിരവധി സംസ്കാര മുദ്രകൾ പതിഞ്ഞ കേരളത്തിന്റെ മണ്ണിലും മനസിലും ഇവിടത്തെ ആദിമനിവാസികൾ പുലർത്തി

> 'സദാചാരം' എന്ന പ്രയോഗം വ്യത്യസ്ത അർത്ഥതലങ്ങൾ ഉൾകൊള്ളുന്ന ഒന്നാണ്. കാരണം വളരെ വ്യതിരിക്തങ്ങളായ മനഃസ്ഥിതികൾ പുലരുന്ന സാമൂഹിക ജീവിതശ്രമങ്ങൾ സാധ്യമാണ്. മതബോധം അടിസ്ഥാനമാക്കിയുള്ള സാമൂഹികതയിലെ മൊറാലിറ്റി തലമുറകളിലൂടെ പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെടുന്ന മതമൂല്യങ്ങളും ചിന്തകളും പൊതുവെ മനുഷ്യരുടേതാണ്?

പ്പോന്ന ഗോത്രസ്മരണകളുടെ മായാത്ത അടയാളങ്ങൾ ബാക്കിയാകുന്നുവെന്നത് പിൽക്കാലത്തെ മനുഷ്യപ്രവർത്തികൾ തെളിവ് നൽകുന്നു. നമ്മെ അത് രേഖപ്പെടുത്തും. എന്താണ് മലയാളിയുടെ സംസ്കാരം? എന്താണ് മലയാളിയുടെ സദാചാരസങ്കല്പം? ഈ രണ്ട് ചോദ്യങ്ങൾക്കും ഉത്തരം തേടി എത്തിപ്പെടുന്നത് ചില പൂർവ്വ മാതൃകകളിലാണ്.

'സദാചാരം' എന്ന പ്രയോഗം വ്യത്യസ്ത അർത്ഥതലങ്ങൾ ഉൾകൊള്ളുന്ന ഒന്നാണ്. കാരണം വളരെ വ്യതിരിക്തങ്ങളായ മനഃസ്ഥിതികൾ പുലരുന്ന സാമൂഹിക ജീവിതശ്രമങ്ങൾ സാധ്യമാണ്. മതബോധം അടിസ്ഥാനമാക്കിയുള്ള സാമൂഹികതയിലെ മൊറാലിറ്റി തലമുറകളിലൂടെ പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെടുന്ന മതമൂല്യങ്ങളും ചിന്തകളും പൊതുവെ മനുഷ്യരുടേതാണ്? മതങ്ങളുടെതാകുന്നത് മാനുഷികമാവുന്നതുകൊണ്ടുമാത്രമാണ്. ഓരോ കാലങ്ങളിലെയും സ്ഥലങ്ങളിലേയും അധികാര വർഗ്ഗങ്ങളുടെയും ആശയസംഹിതകളാൽ പരിപൂർണമാക്കപ്പെട്ടാണ് ഓരോ കാലത്തും മൊറാലിറ്റി പ്രകടമാകുന്നത്. എന്നാൽ മതാതീതമായ ജീവിത രൂപങ്ങളിലുള്ള മനുഷ്യർക്കിടയിൽ മൊറാലിറ്റി മാനുഷികമൂല്യങ്ങളുമായി ബന്ധപ്പെട്ടാണ് മാനസ്സിലാക്കപ്പെടുന്നതെന്ന് സദാചാരപോലീസിന്റെ രാഷ്ട്രീയമെന്ന ലേഖനം നിരീക്ഷിക്കുന്നു. ഇവിടെയാണ് പ്രാചീന കേരളമാതൃകകൾ പ്രസക്തമാകുന്നത്. കേരളത്തിലെ ആദിമനിവാസിയായ ദ്രാവിഡന്റെ സദാചാര സങ്കല്പം കേരളത്തിന്റെ ഇക്കാലത്തേയും സദാചാരമാതൃകയാക്കി മാറ്റേണ്ടതിന്റെ പ്രസക്തി ഇവിടെയാണ്. മതാതീതമായ കാഴ്ചപ്പാടുകൾക്കപ്പുറത്തുള്ള ഒരു ജനത മാനുഷിക മൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും സമ്പന്നമായൊരു സംസ്കാരത്തിന് രൂപം നൽകുകയും ചെയ്തുവെന്നത് പ്രസക്തമാണ്. കേരളീയജനത മറന്നുപോയ ഈ ആദിമദ്രാവിഡ സദാചാരബോധസ്മരണയിലേക്ക് പിൻ തിരിഞ്ഞ് നോക്കലാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

ഭാരതത്തിൽ പ്രത്യേകിച്ച് ദക്ഷിണേന്ത്യയിൽ രൂപംകൊണ്ട സംസ്കാരമാണ് ദ്രാവിഡ സംസ്കാരം. മദ്ധ്യേഷ്യയിൽ നിന്ന് ആര്യന്മാർ ഇന്ത്യയിലെത്തും മുൻപ് ഇവിടെ ഒരു സംസ്കാരത്തിന് രൂപം നൽകിയത് ഈ ആദിമ വംശജരായിരുന്നുവെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. നരവംശശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ നെഗ്രിറ്റോ വംശത്തിൽ ഉൾപ്പെടുന്ന ഇവർ കേരളമടക്കമുള്ള ദക്ഷിണേന്ത്യയിലെ ആദിമനിവാസികളാണ്. വീതിയേറിയ മൂക്ക്, വട്ടത്തല, ചുരുണ്ടമുടി, കറുത്തനിറം എന്നിവയാണ് ഇവരുടെ പൊതു സവി

ശേഷത. വനവാസികളായ കാടർ, മുതുവർ, മലമ്പണ്ടാരം, ഉള്ളാടർ, ഊരാളി, പണിയർ തുടങ്ങിയവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവർക്കുശേഷം ആസ്ട്രിലോയ്ഡ് വർഗം ഇവിടെ സജീവമായതായി കരുതപ്പെടുന്നു. ഇരുളർ, കുറിച്യർ, മലയരയർ എന്നിവർ ഇവരുടെ പിൻതുടർച്ചക്കാരാണ് . ഇവരെ തുടർന്ന് മെഡിറ്ററേനിയൻ വംശജരെത്തിച്ചേരുകയും ബുദ്ധിയിലും കഴിവിലും മുന്നിട്ട് നിന്നിരുന്ന ഇവരുടെ കാലത്ത് ദ്രാവിഡസംസ്കാരം അഭിവൃദ്ധിപ്പെടുകയും ചെയ്തതായി ചരിത്രാന്വേഷകർ നിരീക്ഷിക്കുന്നു.

മതപരമായ സങ്കചിതത്വം പുലർത്താത്ത ദ്രാവിഡാചാരങ്ങളാണ് കേരളീയർ പിൻതുടർന്നിരുന്നത്. പ്രാകൃതമായ ആചാരാനുഷ്ഠാനങ്ങളാൽ വ്യാമിശ്രമായിരുന്നു ഈ രീതി. കുലദൈവങ്ങളും ഇതര പ്രകൃതിശക്തികളുമായിരുന്നു ഇവരുടെ ആരാധനമൂർത്തികൾ. സംഘകാലത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും എ.ഡി. 500വരെ പ്രത്യേക മതമൊന്നും ഉണ്ടായിരുന്നില്ല. ചില ദ്രാവിഡാചാരങ്ങളായിരുന്നു അവരുടേത്. 'കൊറ്റവൈ' എന്ന സമരദേവതയായിരുന്നു ഏറ്റവും പ്രിയപ്പെട്ട ദേവി. രാജാക്കന്മാരും, വേടർ, മറവർ, തുടങ്ങിയ സാധാരണക്കാരും കൊറ്റവൈയെ പ്രീതിപ്പെടുത്താൻ മദ്യവും മാംസവും നിവേദിച്ചിരുന്നു. രൂക്ഷമായ ജാതിവ്യത്യാസമോ സാമൂഹ്യമായ വേർതിരിവോ ഉണ്ടായിരുന്നില്ല. സാമൂഹ്യമായ സമത്വവും സ്വാതന്ത്ര്യവും ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. ബ്രഹ്മാത്മാധിനിവേശം സംഭവിച്ചിരുന്നുവെങ്കിലും ക്രിസ്തുവർഷാരംഭ കാലങ്ങളിൽ ഏറെ ജനങ്ങളും ദ്രാവിഡമത വിശ്വാസികൾ തന്നെയായിരുന്നു. രാജാക്കന്മാർ, പാണർ, കുറവർ, പറയർ, വേടർ എന്നീ വിഭാഗങ്ങളോട് ബഹുമാനപൂർവ്വമാണ് പെരുമാറിയിരുന്നത്. സ്ത്രീകൾക്കിടയിൽ പർദ്ദാസമ്പ്രദായം നിലവിലില്ലായിരുന്നു. സ്ത്രീക്ക് ഇഷ്ടമുള്ള തൊഴിൽ ചെയ്യാനും വിദ്യാഭ്യാസം ചെയ്യാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. പൊതുവേദികളിൽ പുരുഷന്മാർക്കൊപ്പം ബഹുമാന്യമായ സ്ഥാനം അലങ്കരിക്കാനും അവരൊന്നിച്ച് നൃത്തം ചെയ്യാനും അനുവാദമുണ്ടായിരുന്നു. മതാതീതമായ ജീവിതരൂപങ്ങളിൽ വിശ്വസിച്ചിരുന്ന ഈ ജനതയുടെ മൊറാലിറ്റി മാനുഷികമൂല്യങ്ങളുമായി ഏറെ ബന്ധപ്പെട്ട് കാണപ്പെടുന്നു. പ്രാചീന കേരളീയജനതയുടെ ലാവണ്യശാസ്ത്രചിന്തകൾ സമാഹരിച്ച 'പൊരുളധികാരം' മാനസിക മൂല്യങ്ങൾക്ക് ഈ ജനത കൽപ്പിച്ചു പോന്ന പ്രാധാന്യത്തെ വെളിവാക്കുന്നു. രണ്ടായിരത്തോളം കൊല്ലങ്ങൾക്ക് മുൻപ് ദ്രാവിഡജനതയുടെ ലാവണ്യബോധത്തിന്റെ ആധികാരിക രേഖയായി എഴുതപ്പെട്ട പൊരുളധികാരം മനുഷ്യജീവിതത്തെ അവന്റെ മാനുഷിക ഭാവങ്ങളെ, വികാരങ്ങളെ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും ബന്ധപ്പെടുത്തി ചിന്തിക്കുന്ന സാകല്യദർശനമാണ് മുന്നോട്ട് വയ്ക്കുന്നത്. സംസ്കാരത്തിന്റെ വ്യക്തമായ വികാസവും ഔന്നത്യവും ഈ ലാവണ്യ ശാസ്ത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ആത്മ നിഷ്ഠവും വൈയക്തികവും വികാരപ്രധാനങ്ങളുമായ അകം കവിതകളിൽ സംഭോഗശൃംഗാരവും കടന്നു വരുന്നു.

ചരിത്രരേഖകൾ നൽകുന്ന തെളിവനുസരിച്ച് സംഘകാലത്ത് സംഗ്രഥിതമായൊരു സംസ്കാരത്തിനു വേണ്ട എല്ലാ ഘടകങ്ങളും ഉണ്ടായിരുന്നു. സാംസ്കാരികമായി ഔന്നത്യം പ്രാപിച്ച സമൂഹത്തിന്റെ സദാചാരസങ്കല്പങ്ങളിലും ആ ഔന്നത്യം പ്രക

രണ്ടായിരത്തോളം കൊല്ലങ്ങൾക്ക് മുൻപ് ദ്രാവിഡ ജനതയുടെ ലാവണ്യബോധത്തിന്റെ ആധികാരിക രേഖയായി എഴുതപ്പെട്ട പൊരുളധികാരം മനുഷ്യ ജീവിതത്തെ അവന്റെ മാനുഷിക ഭാവങ്ങളെ, വികാരങ്ങളെ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും ബന്ധപ്പെടുത്തി ചിന്തിക്കുന്ന സാകല്യ ദർശനമാണ് മുന്നോട്ട് വയ്ക്കുന്നത്. സംസ്കാരത്തിന്റെ വ്യക്തമായ വികാസവും ഔന്നത്യവും ഈ ലാവണ്യ ശാസ്ത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.



ടമായിരുന്നു. ലൈംഗികപ്രക്രിയ എല്ലാ ജന്തുജാലങ്ങളുടേയും അടിസ്ഥാനചോദനയാണെങ്കിലും ഇതര ജീവിവർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർ ഇതിനെ വെറും ഇണചേരലായി കണക്കാക്കുന്നില്ല. മനുഷ്യരുടെ വ്യക്തിത്വം, സാമൂഹ്യമാന്യത, വിശ്വാസ്യത, സദാചാരനിഷ്ഠ എന്നിവയെല്ലാം ലൈംഗിക വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ കുടുംബം, മാതൃത്വം, വിവാഹം, പ്രേമം എന്നിവക്കെല്ലാം ലൈംഗികതയുമായി ബന്ധമുണ്ട്. പാട്രിയാർക്കിയൻ കീഴ്‌വഴക്കങ്ങൾക്കനുസരണമായി സ്ത്രീയെ സ്വകാര്യസ്വത്തായി പരിഗണിക്കുന്ന രീതിയല്ല. സംഘകാലത്ത് കേരളത്തിൽ നിലനിന്നിരുന്നത്. പുരുഷകേന്ദ്രീകൃത സമൂഹങ്ങളിൽ സദാചാരസംരക്ഷണത്തിന്റെ മുഴുവൻ ബാധ്യതയും സ്ത്രീയിൽ നിക്ഷിപ്തമാണ്. സ്വന്തം ശരീരത്തിന്റേയും മാനസിക ഭാവങ്ങളുടെപോലും അധികാരം സ്ത്രീക്ക് നിക്ഷിപ്തമായി. എന്നാൽ അകം കവിതകളിൽ സ്ത്രീയുടെ മാനസികഭാവങ്ങൾ ഏറെ പരിഗണനയർഹിക്കുന്നു. തോഴിയോടെന്ന വ്യാജേന അവൾ തന്റെ വികാരവിചാരങ്ങൾ നായകനോട് തുറന്ന് പങ്കുവെയ്ക്കുന്നു. സ്ത്രീയെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന സമൂഹത്തിൽ സ്ത്രീയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും മാന്യത ലഭിച്ചിരുന്നു. അകം കവിതകളിലൊരിടത്തും സ്ത്രീശരീരം ലൈംഗികഉപകരണമായി പ്രത്യക്ഷപ്പെടുന്നില്ല. കാമുകീ കാമുകന്മാരുടെ പ്രണയഭാവങ്ങൾ ശരീരനിഷ്ഠമെന്നതിനേക്കാൾ ആത്മനിഷ്ഠമായിരുന്നു. മാനസികമായ വികാരങ്ങൾക്ക് പ്രഥമസ്ഥാനം കല്പിച്ചിരുന്ന ഇത്തരം കാവ്യങ്ങളിൽ ശാരീരികചേഷ്ഠകൾ ഭാവത്തെ ഉന്മിഷിത്തമാക്കാനുള്ള വെറും ഉപാധികൾ മാത്രമായിരുന്നു. ബന്ധങ്ങളിൽ ആഴവും തീവ്രതയും കൈവരുമ്പോൾ സദാചാരം സ്വാഭാവികമായി സംഭവിക്കുമെന്ന് ഇക്കാല സാഹിത്യം തെളിവ് നൽകുന്നു. ബന്ധങ്ങൾ ശിഥിലമായിരുന്ന, സംബന്ധ വ്യവസ്ഥ നിലനിന്നിരുന്ന ബ്രഹ്മാത്മ മേധാവിത്വത്തിന്റെ കാലങ്ങളിൽ അച്ചീ ചരിത്രങ്ങളും ശൃംഗാരവർണ്ണനകളും എന്തുകൊണ്ട് സംഭവിച്ചുവെന്നത് പറയേണ്ടതില്ലല്ലോ.

വർണ്ണച്ചിറകുകൾ ഇളക്കി പൂങ്കുലതോറും തേൻ തേടുന്ന ശലഭത്തോട്, സുന്ദരിയായ പെണ്ണിന്റെ തലമുടിച്ചുരുളിന്റെ സുഗന്ധമുള്ള പൂവ് ഇവിടെ എവിടെയെങ്കിലും ഉണ്ടോ എന്ന് ഇറൈനാർ ചോദിക്കുന്നു.

'വിരഹിണി അഗ്നിയിൽ മെഴുകുപോലെ ഉരുകി' എന്ന വർണ്ണനയും മറ്റൊരിടത്ത് കാണാം. ഈ ഗാനങ്ങളിലൊന്നും നായികയുടെ അംഗപ്രത്യംഗ വർണ്ണനയില്ല.

കാമപരവശയായ ഒരു നായികയെ കപിലർ അവതരിപ്പിക്കുന്നത് നോക്കുക.

"ചക്കയും ഞെട്ടിയും
തനിയെ വളർന്നിട്ടും മുള
വേലി മലവാരം
ചറുവേരിലും ചക്കനയും മല
വാരം
തനതാക്കിയ വിഭോദ
യാർന്നാലും പ്രാണസഖിയെ
വേൾക്കാൻ വേണ്ടൊരുക്കം
തുടർന്നാലും
ചാരലിൽ പ്ലാവിൻകൊമ്പിൽ
തൂങ്ങിടും പെരുംചക്ക
യാണവൾ കാമം, ഉയർത്തെ
ട്ടിയോ ചെറുതല്ലോ!
കപിലൻ, കറുന്തൊകൈ
(കുഞ്ചിത്തിണയിലെ രഹസ്യ
പ്രണയത്തിന്റെ ആത്മാവിഷ്ക്കാര
മെന്ന പാട്ട്)

അംഗപ്രത്യംഗ വർണ്ണനയില്ലെന്നു മാത്രമല്ല, പല കവിതകളിലും ചുംബനമെന്ന പദം പോലും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. നായിക നായകനോട് നേരിട്ട് സംസാരിക്കുന്നില്ല. തന്റെ ഇംഗിതം തോഴി മുഖാന്തരം അറിയിക്കയാണ് ചെയ്യുന്നത്. ശൃംഗാരത്തിന്റെ ശാരീരിക വശത്തിനല്ല ആത്മീയ വശത്തിനാണിവിടെ പ്രാധാന്യം. മരുതത്തിണയുടെ ഭാഗമായ വേശ്യാവർണ്ണനയിൽപോലും സഭ്യതയുടെ അതിരുകൾ അകം കവിതകൾ ലംഘിക്കുന്നില്ല. നിരാകുലനായ കാമുകന്റെ തീവ്രപ്രേമം വിളംബരം ചെയ്യുന്ന 'മടലേറലും' (പ്രേമനിരാഹാര സത്യാഗ്രഹം) പെൺപണം നൽകി സ്ത്രീയെ സ്വന്തമാക്കുന്ന സമ്പ്രദായവും സംഘകാലത്ത് കേരളത്തിൽ നിലനിന്നിരുന്നു. സമൂഹം സ്ത്രീക്ക് നൽകിയിരുന്ന മാന്യതയുടേയും അന്തസ്സിന്റേയും നിദർശനങ്ങളാണിവ.

മതവുമായി ബന്ധപ്പെടുത്തി രൂപംകൊണ്ട സദാചാരസംഹിതകളേക്കാൾ ശക്തവും അതേസമയം സുതാര്യവുമായിരുന്നു മാനുഷിക മൂല്യങ്ങളിൽ അടിയുറച്ച ദ്രാവിഡന്റെ സദാചാരബോധം. ഈ സദാചാരബോധ്യമാണ് കേരളീയന്റെ അബോധത്തിൽ ഇന്നും നിലനിൽക്കുന്നത്. ഇത്തരം ആത്മനിഷ്ഠമായ സദാചാരബോധമാണ് അവന്റെ കുടുംബബന്ധങ്ങളെ ദൃഢമായി നിലനിർത്തുവാൻ സഹായിക്കുന്നത്. ബന്ധത്തിൽ സത്യസന്ധതയും വിശ്വസ്തതയും പുലർത്തുന്ന മലമുഴക്കി വേഴാമ്പൽ നമ്മുടെ ദേശീയ പക്ഷിയായി മാറിയതും ഇക്കാരണത്താലാണ്. മാനുഷിക മൂല്യങ്ങൾക്കു സംഭവിക്കുന്ന തകർച്ച എല്ലാ മനുഷ്യബന്ധങ്ങളേയും ഉലയ്ക്കുകയും മൃതമാക്കുകയും ചെയ്യുന്നു. ആദിമദ്രാവിഡന്റെ ലോകബോധവും മൂല്യബോധവും സ്മരണയിലെങ്കിലും പുനരാവിഷ്ക്കരിക്കാൻ കഴിയുമെങ്കിൽ മലയാളിയുടെ സംസ്കാരവും സദാചാരവും എന്തായിരുന്നുവെന്ന് വ്യക്തമാകും.

### സഹായകഗ്രന്ഥങ്ങൾ

1.സംസ്ക്കാരപഠനം ഒരു ആമുഖം, പി.പി.രവീന്ദ്രൻ, ഡി.സി.ബുക്ക്സ്
2.കേരളചരിത്രം, എ.ശ്രീധരമേനോൻ, എസ്.വിശ്വനാഥൻ (പ്രിന്റേഴ്സ് & പബ്ലിക്കേഷൻസ്) പ്രൈവറ്റ് ലിമിറ്റഡ്, 2001
3.അകം കവിതകൾ, എൻ.വി.കൃഷ്ണവാര്യർ, കേരള സാഹിത്യ അക്കാദമി.
4.കേരള സമൂഹം ഇന്ന്, നാളെ, ഡോ.കെ.എൻ.ഗണേശ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ലേഖനം



# സാഹിത്യവും സാഹിത്യനിരൂപണവും : സ്ത്രീപക്ഷം



മായ.എസ്

പെണ്ണെഴുത്തിനെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ ധാരാളം ഉണ്ടായി. പെണ്ണ് എഴുതിയാൽ പെണ്ണെഴുത്ത് എന്നു വിളിക്കുവാൻ തോന്നുന്ന ലളിതയുക്തിയിൽ നിന്നും പൊതുജനത്തെ പിടിച്ചുയർത്തി, സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ അനുരണനങ്ങൾ അറിയിക്കുവാൻ ആ ചർച്ചകൾക്ക് അൽപമൊക്കെ കഴിഞ്ഞു. ഏറ്റവും കുറഞ്ഞപക്ഷം, എഴുത്തുകാരുടേയും വായനക്കാരുടേയും ചെറിയ ലോകത്തെങ്കിലും കേരളത്തിലെ പെണ്ണെഴുത്ത് എത്തരം സ്ത്രീപക്ഷ അജണ്ടകൾ പൂർത്തീകരിക്കുന്നു എന്നു വിശകലനം ചെയ്യപ്പെട്ടു. എങ്കിലും സ്ത്രീപക്ഷതത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് രാഷ്ട്രീയമായി ച്ചെയ്യുന്ന ഒരു പ്രവൃത്തിയായി സാഹിത്യത്തെ കാണാമോ എന്നത് ഇന്നും ഒരു പ്രഹേളികയാണ്. കേരളത്തിൽ സ്ത്രീപക്ഷ പ്രവർത്തകർക്കിടയിലുള്ള എഴുത്തുകാരും നിരൂപകരും തന്നെ ഇതേക്കുറിച്ച് വ്യക്തമായി അധികമൊന്നും പറയുന്നില്ല. എന്നാൽ ലോകത്തിന്റെ പല കോണുകളിൽ പ്രത്യേകിച്ചും പാശ്ചാത്യ സാഹിത്യത്തിലും സാഹിത്യനിരൂപണത്തിലും ഇത് വ്യക്തമായിത്തന്നെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സ്ത്രീസാഹിത്യകാരികളുടെയും നിരൂപകരുടേയും ഫെമിനിസ്റ്റ് ഫോബിയ കേരളത്തിൽ സ്ത്രീപക്ഷരാഷ്ട്രീയ പ്രവർത്തനത്തിനും സ്ത്രീസൗഹൃദമായ സാമൂഹ്യമാറ്റത്തിനും വിഘാതമായിക്കൊണ്ടിരിക്കുന്ന അവസ്ഥ തിരിച്ചറിയേണ്ടിയിരിക്കുന്നു.

എഴുത്തുകാരിലെ ഫെമിനിസ്റ്റ് ഫോബിയയെക്കുറിച്ച് പല പഠനങ്ങളും നടന്നിട്ടുണ്ട് (eg:trotter, 2010), കേരളത്തിൽ ഇത്തരമൊരു പഠനം നടത്തിയാൽ, നമ്മുടെ സമൂഹത്തിലെ പുരുഷാധികാരകേന്ദ്രീകരണത്തിന് സാഹിത്യവും സാഹിത്യനിരൂപണവും സാഹിത്യചർച്ചകളും

എത്രമാത്രം മുതൽക്കൂട്ടാകുന്നു
എന്നു മനസ്സിലാക്കാം. പെണ്ണെഴു
ത്തിനെക്കുറിച്ചുള്ള ചർച്ചകൾ
ആദ്യമായിത്തുടങ്ങിവെച്ചതും.
ഏറ്റുപിടിച്ചതും പുരുഷന്മാരാണ്
എന്നത് ശ്രദ്ധേയമാണ്. ഏതു
പ്രധാന പുതിയകാര്യങ്ങളും പുരു
ഷന്മാരാണ് കണ്ടുപിടിക്കുന്നതും
ഏറ്റെടുത്തു പ്രചരിപ്പിക്കുന്നതും
എന്നയവസ്ഥയുള്ള, അതങ്ങ
നെയേ ആകാവൂ എന്ന നിർബ
ന്ധബുദ്ധിയുള്ള, കേരളസമൂഹ
ത്തിൽ ഇതൊരു അത്ഭുതമോ
കുറച്ചിലോ ആയിത്തോന്നാൻ
വകുപ്പില്ല. സാഹിത്യത്തിന്റേയും
നിരൂപണത്തിന്റേയും ചുക്കാൻ
പിടിച്ചത് എല്ലായ്പ്പോഴും പുരുഷ
കേസരികൾ തന്നെയാണ് കേരള
ത്തിൽ. സ്ത്രീകൾ അതിലേ
ക്കൊക്കെ കടന്നുവന്നു എന്നിരു
ന്നാലും , അതൊന്നും സ്ത്രീപ
ക്ഷവായനക്കും വിശകലന
ത്തിനും വേണ്ടിയാണെന്ന് അവ
കാശപ്പെടുന്നില്ല. കേരളത്തിലെ
മലയാളം പഠിക്കുന്ന ഉന്നതവിദ്യാ
ഭ്യാസമേഖലയിലെ വിദ്യാർത്ഥി
കളും അധ്യാപകരും ഒരു തൊഴി
ലിന്റെ ഭാഗമെന്നപോലെയീ
സാഹിത്യപ്രവൃത്തികൾ ചെയ്തു
വരുന്നതായും മനസ്സിലാക്കാം.
സാഹിത്യം ഈ വിഭാഗക്കാരുടെ
കുത്തകയല്ല എന്ന അവസ്ഥ
വന്നിട്ടുണ്ടെങ്കിലും സാഹിത്യനിരൂ
പണം ഏറെക്കുറെ അങ്ങനെത്ത
ന്നെയാണ് കേരളത്തിൽ നടക്കു
ന്നത് എന്ന് പറയേണ്ടിയിരിക്കു
ന്നു.

സാഹിത്യവും സാഹിത്യനിരൂ
പണവും ആരു ചെയ്താലും
വേണ്ടില്ല, സ്ത്രീപക്ഷ രാഷ്ട്രീയ
ത്തോടു കൂടി അതിനെ നോക്കി
ക്കാണുന്നതിലെ പ്രാധാന്യത്തെ
ക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.
വർഗ്ഗീയതയുടെയും ജാതിഭേദ
ത്തിന്റെയും പ്രശ്നങ്ങൾ ഉറക്കെ
പ്പറയുവാനായി സാഹിത്യരൂപ
ങ്ങൾ സാമൂഹ്യപ്രവർത്തനപര
മായി ഉണ്ടാകപ്പെട്ടിട്ടുണ്ട് കേരള
ത്തിൽ. ലിംഗനീതിയുടെ ആശയ
ങ്ങൾ പ്രചരിക്കാനായി രാഷ്ട്രീയ
സാമൂഹ്യപ്രവർത്തനം പോലെ
യുള്ള സാഹിത്യമെഴുത്തുകളും
സാഹിത്യവിശകലനവും കേരള
ത്തിൽ ഇനിയും ശക്തി പ്രാപി
ക്കേണ്ടിയിരിക്കുന്നു. സാറാജോ
സഫിന്റെ ആദ്യകാല കഥകൾ
അത്തരം രാഷ്ട്രീയത്തെ
ഉയർത്തിപ്പിടിച്ചു. എഴുത്തുകാരി
എഴുത്തിന്റെ രാഷ്ട്രീയം അംഗീ
കരിക്കുകയും അവകാശപ്പെടു
കയും ചെയ്യുന്നുണ്ടോ എന്നത്
കേരളത്തിൽ ഒരു വലിയ പ്രശ്ന
മാണ്. ലിംഗപദവി പ്രശ്നങ്ങ
ളിലും ലിംഗനീതിക്കുവേണ്ടി
യുള്ള എഴുത്തിലും സ്ത്രീകൾ
അത് അവകാശപ്പെടുന്നത്, ആധി
കാരികതയോടെ അവതരിപ്പിക്കു
ന്നത് കേരളസമൂഹം സഹിക്കില്ല.
'ഞാൻ അറിയാതെ എഴുതി
പ്പോയ ഒരു സാഹിത്യമാണേ,
അതിൽ വല്ല രാഷ്ട്രീയവും
വന്നെങ്കിൽ മാപ്പാക്കി ഇതിനെ
നല്ല സാഹിത്യമായി അംഗീകരി
ക്കണേ' എന്ന മട്ടിൽ എഴുത്തുകാ
രികൾ നിൽക്കണം എന്നതാണ്
കേരളത്തിലെ അവസ്ഥ കാണി
ക്കുന്നത്. താനെഴുതിയത് കീഴാള
സാഹിത്യമാണ്, ദലിത്
സാഹിത്യമാണ് എന്നൊക്കെ പറ
യുന്നതിൽ കേരളത്തിലെ സാഹി
ത്യാധികാരികൾക്ക് പ്രശ്നമല്ലാതാ
യിരിക്കുന്നു. എന്നാൽ 'ഫെമ
നിസ്റ്റ് സാഹിത്യമാണ്' എന്ന് അവ
കാശപ്പെടാൻ കേരളസമൂഹ
ത്തിലെ സാഹിത്യമേഖല ഇന്നും
ആരെയും അനുവദിക്കുന്നില്ല.

ഫെമിനിസ്റ്റ് സാഹിത്യം
എന്നൊന്നുണ്ടോ എന്നുചേദി
ച്ചാൽ, എന്തുകൊണ്ടുണ്ടായി
ക്കൂടാ എന്ന് ചോദിക്കുകയും
അതുണ്ടെന്ന് വാദിക്കുകയും
ചെയ്യേണ്ടത് കാലഘട്ടത്തിന്റെ
രാഷ്ട്രീയ ആവശ്യമാണ് എന്നു
തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, ഒരു
സ്ത്രീ എഴുത്തുകാരിക്കും 'ഫെമി
നിസ്റ്റ്' എന്ന വാക്കിനെ
ഭയപ്പെടേണ്ടിവരില്ല; ഫെമിനിസ്റ്റ്
പ്രവർത്തക എന്ന നിലക്ക് സമൂഹ
ത്തിലിറങ്ങി പ്രവർത്തിക്കുന്നവർ
മാത്രമല്ല, അല്ലാത്ത സ്ത്രീകളും
എഴുതിയത് ഫെമിനിസ്റ്റ് സാഹി
ത്യമാണ് എന്നു ബ്രാൻഡ് ചെയ്യ
പ്പെടുന്നതിൽ അവജ്ഞ കാണി
ക്കില്ല. സ്ത്രീപക്ഷസിദ്ധാന്തങ്ങൾ
പഠിക്കുകയോ പ്രവർത്തകസംഘ
ങ്ങളിൽ ഭാഗഭാക്കാകുയോ അതേ
ക്കുറിച്ചൊക്കെ അല്പം പോലും
താത്പര്യമോ സമൃതാബോധമോ
ഇല്ലാത്തതരം സ്ത്രീകളും ജീവി
തത്തിലെ സ്ത്രീപ്രശ്നങ്ങളെക്കു
റിച്ച് എഴുതുന്നുണ്ട് കേരളസാഹി
ത്യത്തിൽ. സ്ത്രീയുടെ മനസ്സ്,
ശരീരം, ലൈംഗികത, ബന്ധങ്ങൾ
എന്നിവയെല്ലാം ആഴത്തിൽ
ചിത്രീകരിക്കുന്ന സ്ത്രീപക്ഷപര
മായ എഴുത്ത് കേരളത്തിൽ നട
ക്കുന്നുണ്ട്. ഇതൊന്നും
സ്ത്രീപക്ഷ എഴുത്തല്ല, എഴുത്തു
കാരി ഫെമിനിസ്റ്റല്ല എന്നും
ആണയിടുകയും ചെയ്യുന്നു!
ഇതിലെ വിരോധാഭാസം വിശക
ലനം ചെയ്താൽ ഇത് ഫെമി
നിസ്റ്റ് ഫോബിയ തന്നെയാ
ണെന്ന് മനസ്സിലാക്കാം.

സ്ത്രീപക്ഷ സാഹിത്യത്തെ
ഒരു 'നവസാമൂഹ്യ രാഷ്ട്രീയ
പ്രവർത്തന'ത്തിന്റെ സാഹിത്യം
എന്ന നിലക്ക് വേറിട്ടു തന്നെ
കാണണമെന്ന് ശഠിക്കേണ്ടത്
ഫെമിനിസ്റ്റ് എഴുത്തുകാരുടെ
ഉത്തരവാദിത്തമാണ്. ഫെമിനിസ്റ്റ്
സാഹിത്യനിരൂപണം ശക്തിപ്രാപി
ക്കുക വഴിയും ഇതു സാധിച്ചേ
ക്കും. സാഹിത്യനിരൂപണം നട
ത്തുന്ന സ്ത്രീകൾ തന്നെ 'ഫെമി
നിസ്റ്റ് ചുവ' വരുന്നു എന്ന കാര
ണത്താൽ പല പെണ്ണെഴുത്തുക
ളെയും മോശം സാഹിത്യം
എന്നുകുറ്റപ്പെടുത്തുന്നത്, സാഹി
ത്യത്തിന്റെ ധർമ്മത്തെക്കുറിച്ചുള്ള
ഇടുങ്ങിയ ചിന്താഗതി മൂലമാണ്.
ഫെമിനിസ്റ്റ് രാഷ്ട്രീയവും സിദ്ധാ
ന്തങ്ങളും ആഴത്തിൽ ഉൾക്കൊ
ണ്ടുകൊണ്ട് സാമൂഹ്യപ്രതിബദ്ധ
തയുള്ള നിരൂപകരുണ്ടായാൽ
സ്ത്രീപക്ഷസാഹിത്യം ഇനിയും
ശക്തി പ്രാപിക്കാതിരിക്കില്ല.

ഉപ്പും മുളകും



ഗീത

# കല്യാൺസാരികൾ ബഹിഷ്കരിക്കുക...

തൃശ്ശൂർ കല്യാൺസാരീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരികൾ ഒരു മാസത്തിലേറെയായി സമരത്തിലാണ്. വളരെ തുച്ഛമായ ശമ്പളത്തിൽ കൂടുതൽ നേരം ജോലിചെയ്തിരുന്ന ഈ സ്ത്രീകൾ എന്തിനാണ് സ്വന്തം സ്ഥാപനത്തിനെതിരെ പന്തൽകെട്ടി സമരം ചെയ്യുന്നത്? എന്തിനാണ് 2015 ജനുവരി 21ന് സി.കെ.ജാനുവും സാറാജോസഫും വിജിയും മറ്റനേകം പേരും പങ്കെടുത്ത കൺവെൻഷൻ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്നത്? കേരളത്തിലെ മുഖ്യധാരാ പത്രമാധ്യമങ്ങളോ ദൃശ്യമാധ്യമങ്ങളോ ഇക്കാര്യം ഇതുവരെ വിശദമായി റിപ്പോർട്ട് ചെയ്തിട്ടില്ല.




എ.എം.ടി.യു എന്ന തൊഴിലാളി സംഘടനയുടെ നേതൃത്വത്തിൽ കോഴിക്കോട് വെച്ച് നടന്ന ഇരിക്കൽ സമരത്തിൽ തൃശ്ശൂരിലെ പല തുണിക്കടകളിലേയും തൊഴിലാളി സ്ത്രീകൾ പങ്കെടുത്തിരുന്നു. തൊഴിലാളികളെന്ന നിലയിൽ അന്നുവരെ അന്യമായിരുന്ന ഒരവകാശബോധം അങ്ങനെ അവരിൽ ഉണ്ടായി. വളരെ നേരത്തെ കടയിലെത്തുകയും വളരെ വൈകി കടയിൽ നിന്നിറങ്ങുകയും ചെയ്യുന്നവരായിരുന്നു അവർ. 5000 രൂപയ്ക്ക് ചുറ്റും മാത്രം ശമ്പളം വാങ്ങിയിരുന്ന അവർക്ക് ഇരിക്കൽ സമരം ഒരു പുതിയ അനുഭവമായിരുന്നു. മൂത്രമൊഴിക്കാനുള്ള അവകാശത്തിനുവേണ്ടി കോഴിക്കോട് അസംഘടിതമേഖലയിലെ തൊഴിലാളി സ്ത്രീകൾ നടത്തിയ ചരിത്രസമരത്തിന്റെ തുടർച്ചയിലായിരുന്നു ഈ ഇരിക്കൽസമരവും. തങ്ങൾ ആടുമാടുകളോ അടിമകളോ അല്ലെന്നും മനുഷ്യജീവികളാണെന്നും സ്വയം തോന്നുന്ന നിമിഷം മനുഷ്യസ്ത്രീകളിൽ സ്വാഭാവികമായും ചില മാറ്റങ്ങൾ സംഭവിക്കും. അത്തരത്തിലൊന്നായിരിക്കാം അവരിലും സംഭവിച്ചത്.

അതെന്തായാലും അതിന് ശേഷമാണ് എ.എം.ടി.യു സംഘടനയിൽ അംഗത്വമെടുക്കണമെന്ന് അവർ തീരുമാനിച്ചത്. മാനേജുമെന്റുകൾ എടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളിവിരുദ്ധ നയങ്ങളോട് പ്രതികരിക്കാൻ സംഘടിതരാവുകയല്ലാതെ രക്ഷയില്ല എന്നവർ തിരിച്ചറിഞ്ഞു. അതോടെ അസംഘടിതതൊഴിലാളി മേഖലയിലെ സംഘടനയായ എ.എം.ടി.യു വിന്റെ യൂണിറ്റ് തൃശ്ശൂർ കല്യാൺസാരീസിൽ രൂപീകരിക്കപ്പെട്ടു. 40 ഓളം സ്ത്രീകൾ അതിൽ അംഗങ്ങളായി. തൃശൂരിലെ മറ്റു പല വമ്പൻ തുണിക്കടകളിലേയും സ്ത്രീകൾ ഇതുമായി അനുഭാവം പ്രകടിപ്പിച്ചു. കാരണം അത്രയേറെ ദുസ്സഹമായിരുന്നു അവരുടെ തൊഴിലനുഭവങ്ങൾ. എന്നാൽ മാനേജ്മെന്റിനെ ഭയന്ന് പലരും പ്രത്യക്ഷത്തിൽ വന്നില്ല.

ഇക്കാര്യങ്ങൾ സംഭവിക്കുമ്പോൾ ചരിത്രത്തിൽ നടന്ന തൊഴിലാളി മുന്നേറ്റങ്ങളെ അവയിലെ സ്ത്രീപങ്കാളിത്തങ്ങളെ നമുക്ക് പ്രശ്നവത്ക്കരിക്കേണ്ടിവരും. 'സെയിൽസ്ഗേൾസ്' എന്ന പേരിൽ അറിയപ്പെടുന്ന തൊഴിലെടുക്കുന്ന സ്ത്രീകളുടെ യഥാർത്ഥ അവസ്ഥയെന്താണ് എന്ന് ഇവിടെയുള്ള മുഖ്യധാരാ ട്രേഡ്‌യൂണിയനുകൾക്ക് ഒരിക്കലും വിഷയമായില്ല. അവർ തൊഴിലാളികളാണെന്നുപോലും സാക്ഷരകേരളത്തിനു തോന്നിയതുമില്ല. എന്തുകൊണ്ടായിരുന്നു അത്? ട്രേഡ്‌യൂണിയനുകളെ ഭരിച്ച പുരുഷാധിപത്യബോധം അത്രയേറെ ശക്തമായിരുന്നു.

'സെയിൽസ് ഗേൾസ്' എന്ന

ഈ തൊഴിലാളിസ്ത്രീകൾ ലക്ഷക്കണക്കിനുണ്ട് കേരളത്തിൽ. വലിയ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും ഗ്രാമഗ്രാമാന്തരങ്ങളിലും നാട്ടിൻപുറങ്ങളിലും ഇവരെ കാണാം. അവർ തുണിത്തരങ്ങൾ എടുത്തു കാണിക്കുമ്പോൾ ആ ദയനീയമായ കണ്ണുകളിലേക്ക് നോക്കാൻ നാം ധൈര്യപ്പെടാറില്ല. കാരണം നമ്മളിൽ പലർക്കുമറിയാം നാം വാങ്ങുന്ന ഒരു സാരിയുടെ വിലപോലും അവരുടെ ശമ്പളത്തേക്കാൾ അധികമായിരിക്കും. വളരെ ചെറുപ്പക്കാരികളായവരെയാണ് ഈ തൊഴിൽ മേഖലക്കാവശ്യം. 'മദ്ധ്യവയസ്സാ'വുന്നതോടെ എന്തെങ്കിലും കാരണത്താൽ അവർക്ക് പുറത്ത് പോകേണ്ടിവരുന്നു. ഉപഭോക്താക്കളുടെ മുമ്പിൽ 'സ്മാർട്ടാ'കാനും അവരെ ആകർഷിച്ച് വൻകിട ഉത്പന്നങ്ങൾ വിറ്റഴിക്കാനും ഈ പെൺകിടാങ്ങളുടെ പ്രായവും രൂപവും വിനയവും ഉപയോഗിക്കപ്പെടുന്നു. കേരളത്തിൽ ഉടനീളമുള്ള 'സെയിൽസ്ഗേൾസി'ന്റെ തുണി നീട്ടിയുള്ള ദയനീയമായ നിൽപ്പ് തീർച്ചയായും സ്ത്രീമുന്നേറ്റത്തിന്റെ ഒരു ചരിത്രമല്ല രേഖപ്പെടുത്തുന്നത്. പെണ്ണിന്റെ സഹനവും നിശ്ശബ്ദതയും ശരീരവും അടക്കവും ഒതുക്കവും ചൂഷണം ചെയ്തുകൊണ്ട് വൻകിട കോർപ്പറേറ്റുകൾ ലാഭമുണ്ടാക്കുന്നതിന്റെ പ്രത്യക്ഷസാക്ഷ്യപത്രങ്ങളായാണ് നവമുതലാളിത്തത്തിന്റെ കാലത്ത് ഈ പെൺരൂപങ്ങളെ രാഷ്ട്രീയമായി മനസ്സിലാക്കേണ്ടത്. വീട്ടിലിരിക്കാതെ പണിക്ക് പോകുന്നു എന്ന തോന്നൽ സ്ത്രീകളിലുണ്ടാക്കുകയും പെണ്ണിന്റെ ദൃശ്യതയും അവസരങ്ങളും ഉറപ്പാക്കുന്നുവെന്ന് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയും ഒരേ സമയം ചെയ്തുകൊണ്ടാണ് ഈ മുതലാളിമാർ സ്വന്തം സാമ്രാജ്യത്തെ വിസ്യതമാക്കുന്നത്.

കല്യാൺസാരീസിലെ അഞ്ച് സെയിൽസ്ഗേൾസിനേയും ഒരു സൂപ്പർവൈസറേയും കണ്ണൂരിലേക്കും തിരുവനന്തപുരത്തേക്കുമായി സ്ഥലം മാറ്റിക്കൊണ്ടാണ് മാനേജ്മെന്റ് പ്രതികാരനടപടികൾ ആരംഭിച്ചത്. മുതലാളി മാർക്കറിയാം വീട് വിട്ട് മറ്റെവിടെയും വാടകക്കു താമസിച്ച് പുറത്തുനിന്ന് ഭക്ഷണം കഴിച്ച് ഈ തൊഴിലാളിസ്ത്രീകൾക്ക് ജീവിക്കാൻ പറ്റില്ലെന്ന്. കാരണം പരമദരിദ്രമാണ് അവരുടെ ജീവിതസാഹചര്യങ്ങൾ. സ്വാഭാവികമായും സ്ഥലമാറ്റ ഉത്തരവ് സ്വീകരിക്കാൻ അവർ കൂട്ടാക്കിയില്ല. അങ്ങനെയെങ്കിൽ ജോലിക്ക് നിൽക്കേണ്ട, ഈ സ്ഥാപനത്തിന് നിങ്ങളെ ആവശ്യമില്ല എന്ന് ബലപൂർവ്വം അവരെ സ്ഥാപനത്തിൽ നിന്ന് തള്ളിപ്പുറത്താക്കുകയായിരുന്നു. തലയ്ക്കുമീതെ ആകാശവും കാൽച്ചുവട്ടിൽ മണ്ണും മാത്രമുള്ള ആർക്കും കിട്ടുന്ന ധൈര്യം ആ തൊഴിലാളിസ്ത്രീകൾക്കും ലഭിച്ചു. അതോടെ തൃശ്ശൂരിലെ കല്യാൺസാരീസിനു മുന്നിൽ റോഡുവക്കത്ത് പന്തൽകെട്ടി അവർ സമരമാരംഭിച്ചു. സ്ഥലംമാറ്റം റദ്ദ്ചെയ്ത് അതേ സ്ഥാപനത്തിൽ തിരികെ പ്രവേശിപ്പിക്കണം എന്നാണ് അവരുടെ ആവശ്യം. തൊഴിലാളി എന്ന രീതിയിലും പെണ്ണെന്ന രീതിയിലും ആത്മവിശ്വാസപൂർവ്വം തലയുയർത്തി നില്ക്കണമെങ്കിൽ അവർക്ക് ഈ സമരം വിജയിച്ചേ പറ്റൂ. ഇതിന്റെ ഭാഗമായി എ.എം.ടി.യു നേതൃത്വം മാനേജ്മെന്റിന് നോട്ടീസ് നൽകി. പുറത്തുനിന്ന് സമരത്തെ പിന്തുണച്ചുകൊണ്ട് ആദ്യം വന്നത് സാറാജോസഫും ആം ആദ്മിയും ആയിരുന്നു. സമരം തുടരവെ പതുക്കെപ്പതുക്കെ കാര്യങ്ങൾ ബോധ്യപ്പെട്ടതോടെ സാമൂഹ്യസാംസ്കാരിക രംഗത്തുള്ള വ്യക്തികളും തൊഴിൽസംഘടനകളും സമരവുമായി സഹകരിച്ചു തുടങ്ങി. അങ്ങനെ സമരം വ്യാപിച്ചു. അതിന്റെ ഭാഗമായാണ് ജനുവരി 21ന് തൃശ്ശൂർ കേരളസാഹിത്യഅക്കാദമിഹാളിൽ വെച്ച് സമര കൺവെൻഷൻ നടന്നത്. എ.എം.ടി.യു സംസ്ഥാനപ്രസിഡണ്ട് ലിജുവിന്റെ സാന്നിദ്ധ്യം സമരത്തേയും കൺവെൻഷനേയും സജീവമാക്കി. സാംസ്കാരികസംഘടനകളുടേയും തൊഴിൽസംഘടനകളുടേതുമായി മുപ്പതോളം പ്രതിനിധികൾ, പല രംഗങ്ങളിൽ നിന്നുള്ള വ്യക്തികൾ എല്ലാം ഈ കൺവെൻഷനിൽ പങ്കെടുത്തിരുന്നു. പക്ഷേ അതും ചാനലുകൾക്ക് വാർത്തയായില്ല!

ഈ സ്ത്രീകൾ സമരം ചെയ്യുന്നത് കേരളത്തിലെ എല്ലാസ്ത്രീകൾക്കും വേണ്ടിയാണ്. അക്ഷരാർത്ഥത്തിൽ ഒന്നും നഷ്ടപ്പെടാനില്ലാത്തവരുടെ തെരുവോരസമരം തന്നെയാണിത്. മദ്ധ്യവർഗ്ഗവത്ക്കരണം സംഭവിച്ച കേരളത്തിൽ നടക്കുന്ന യഥാർത്ഥ തൊഴിലാളിസമരമാണിത്. വൻകിടകുത്തകകൾ നയിച്ചുകൊണ്ടിരിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളെ ജനാധിപത്യവത്ക്കരിക്കാനും സാമൂഹ്യവത്ക്കരിക്കാനും സാധ്യതയുള്ള ഒരു സമരമായി ഇത് അടയാളപ്പെടേണ്ടതുണ്ട്. കാരണം ഈ സമരം ഒരേ സമയം സാമൂഹ്യസമരമാണ് , തൊഴിൽ സമരമാണ്, സ്ത്രീസമരമാണ്, മനുഷ്യാവകാശസമരമാണ്. അതുകൊണ്ട് തന്നെ ഇതിനെ രാഷ്ട്രീയസമരമെന്ന് നാം സ്ത്രീകൾ തിരിച്ചറിയണം. ഈ സമരം വിജയിക്കേണ്ടത് നമ്മുടെ പെൺമക്കളുടെ ഭാവിക്ക് ആവശ്യമാണ്. ഇച്ഛാശക്തിയോടെ ഒരു രാഷ്ട്രീയ തീരുമാനം ഇതിന്റെ ഭാഗമായി നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അത് ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ എതിരായ തീരുമാനമല്ല. വ്യക്തികളോ സ്ഥാപനങ്ങളോ സ്വീകരിച്ചുപോരുന്ന തൊഴിലാളിവിരുദ്ധവും സ്ത്രീവിരുദ്ധവുമായ നയങ്ങൾക്കെതിരെയുള്ള പ്രതീകാത്മകമായ പ്രതിരോധമാണ്. അതിതാണ്– ഈ സമരം വിജയിക്കുന്നതുവരെ, സമരം ചെയ്യുന്ന സ്ത്രീകൾ ഇറങ്ങി വന്നിടത്തേക്ക് കയറിപോകുന്നതുവരെ കല്യാൺ സാരികൾ ബഹിഷ്കരിക്കുക.

പരിസ്ഥിതി



മൈന ഉമൈബാൻ

# പുഴകൾ പഴങ്കഥകൾ

എല്ലാ പരിമിതികളെയും ഓർമ്മിച്ചുകൊണ്ടുമാത്രമേ ഒരു യാത്രയെപ്പറ്റി ചിന്തിക്കാനാവൂ. പ്രത്യേകിച്ചും, ജീവിതത്തിൽ പല വേഷക്കാരിയായിരിക്കുമ്പോൾ. നയാഗ്രയോ ആമസോൺ കാടുകളോ ബുർജ് ഖലീഫയോ ചൈനയുടെ വന്മതിലോ എന്തിന് കാശ്മീരും ഹിമാലയം പോലും എന്റെ സ്വപ്നത്തിലില്ല. മോഹിക്കുന്നില്ല എന്ന് അതിനർത്ഥമില്ല. നടക്കുന്ന കാര്യങ്ങളാലോചിച്ചാൽ മതിയല്ലോ എന്ന് ഉള്ളിരുന്ന് പറയുന്നുണ്ട്.

എന്നാൽ അടുത്തകാലത്ത് മറ്റൊരു യാത്രയെപ്പറ്റി സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു. അത് മലബാറിലെ ഒരു പുഴയിലൂടെയുള്ള വഞ്ചിയാത്രയാണ്. നടക്കുമോ? സ്വപ്നം കാണാനൊക്കുമോ? ഇങ്ങനെയൊക്കെ വിചാരിക്കാൻ ഒരു വഞ്ചിപിടിച്ച് അക്കരെയ്ക്ക് പോയാൽ തീരുന്നതല്ല മോഹമെന്നതുകൊണ്ടാണ്.

ആയിരത്തി എണ്ണൂറുകളുടെ രണ്ടാംപകുതിയിൽ മലബാറിലെ സസ്യജന്തുവൈവിധ്യത്തെപ്പറ്റി മനസ്സിലാക്കാൻ അന്നത്തെ മലബാർ കളക്ടറായിരുന്ന വില്യം ലോഗനെന്ന സ്കോട്ടിഷുകാരൻ ഒരു പുഴയിലൂടെ വഞ്ചിപിടിച്ച് യാത്രയായി. കോഴിക്കോടിനും മൈസൂരിനും ഇടയിലെ ജൈവവൈവിധ്യത്തെ അറിയാനായിരുന്നു ആ യാത്ര. മലബാർ മാന്വലിൽ ചേർക്കുന്നതിനുവേണ്ടിയായിരുന്നു ആ വഞ്ചിയാത്ര. എലത്തൂരു നിന്ന് കോരപ്പുഴയിലൂടെ കുറ്റ്യാടി വരെ...ഇടതൂർന്ന് നില്ക്കുന്ന തെങ്ങുകൾ, കരിമ്പന, കുടപ്പന, യക്ഷിപ്പന, മാവും പ്ലാവും വെള്ളക്കൊങ്ങല്യവും പേരാലും അരയാലും ഉങ്ങും അയനിയും ഒപ്പം ഒരുപാട് മീനുകൾ, ഞണ്ട്, പക്ഷികൾ...ഇടയ്ക്ക് സർപ്പക്കാടുകൾ..

ഇന്നും അങ്ങനെയെല്ലാ മായിരിക്കുമോ എന്നറിയാൻ



ഒരുയാത്ര.. പലപ്പോഴും കോരപ്പുഴയ്ക്കരുകിലൂടെ പോകുമ്പോൾ തോന്നാറുണ്ട് ഇത് ലോഗൻ കണ്ട പുഴയായിരിക്കില്ല എന്ന്. തെളിഞ്ഞ നിറമല്ല അതിന്. മങ്ങിയ നീലരാശി. പലപ്പോഴുമത് മലിനതയുടെ നിറമാണ്. തീരവാസികൾ മാലിന്യം വലിച്ചെറിയുന്നത് ഇതിലേക്കാണ്. പുഴ എല്ലാം ഏറ്റെടുക്കും എന്നു കരുതുന്നുണ്ടാവണം. എന്നിട്ടവർ പറയും ഞങ്ങളിപ്പോൾ ഈ വെള്ളത്തിൽ കുളിക്കാറില്ലെന്ന്. ചൊറിയുംപോലും!

കേരളത്തിലെ ഏതാണ്ടെല്ലാ നദികളുടേയും അവസ്ഥ ഇതാണ്. അരുവികളുടെ, കൈത്തോടുകളുടെ...ഒരു കൈത്തോടിനോടുപോലും നാം അതർഹിക്കുന്ന ആദരവ് നൽകുന്നില്ലതാണ് യാഥാർത്ഥ്യം.

ഒരു ആറിന്റെ തീരത്താണ് ഞാൻ ജനിച്ചു വളർന്നത്. ഗ്രാമത്തിന് ആറിന്റെ പേരായിരുന്നു. ദേവിയാർ ഞങ്ങളുടെ ദാഹത്തെ ശമിപ്പിച്ചു. മീൻ തന്ന് രുചിയെ ശമിപ്പിച്ചു. ഞങ്ങളെ കുളിപ്പിക്കുകയും കളിപ്പിക്കുകയും സ്വപ്നം കാണാൻ പഠിപ്പിക്കുകയും ചെയ്തു.

വാൽമാക്രിയെ നീന്താൻ പഠിപ്പിക്കേണ്ട എന്നു പറയുംപോലെയായിരുന്നു ഞങ്ങൾ നീന്താൻ പഠിച്ചത്. അത് എപ്പോൾ എങ്ങനെ പഠിച്ചു എന്നറിയില്ല. മുതിർന്നപ്പോൾ നന്നായി നീന്താനറിയാം എന്നേ അറിയുമായിരുന്നുള്ളു. ഏതു മഴയിലും വെള്ളത്തിലും ഞങ്ങൾ തിമിർത്തു നീന്തി. വേനലിൽ വെള്ളം തട്ടിത്തെറിപ്പിച്ച് തീരത്തുകൂടെ നടന്നു.

ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു ആറ്. അമ്മയെപ്പോലെയായിരുന്നു എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. രാത്രി ഉറങ്ങുമ്പോൾ ഞങ്ങൾ കേട്ടത് അവളുടെ താരാട്ടായിരുന്നു.

## പലപ്പോഴും കോരപ്പുഴയ്ക്കരുകിലൂടെ പോകുമ്പോൾ തോന്നാറുണ്ട് ഇത് ലോഗൻ കണ്ട പുഴയായിരിക്കില്ല എന്ന്. തെളിഞ്ഞ നിറമല്ല അതിന്. മങ്ങിയ നീലരാശി. പലപ്പോഴുമത് മലിനതയുടെ നിറമാണ്. തീരവാസികൾ മാലിന്യം വലിച്ചെറിയുന്നത് ഇതിലേക്കാണ്. പുഴ എല്ലാം ഏറ്റെടുക്കും എന്നു കരുതുന്നുണ്ടാവണം. എന്നിട്ടവർ പറയും ഞങ്ങളിപ്പോൾ ഈ വെള്ളത്തിൽ കുളിക്കാറില്ലെന്ന്. ചൊറിയുംപോലും!



പുഴയുടെ ശബ്ദം, വെള്ളത്തിന്റെ മന്ത്രണമാണ് ഞങ്ങളെ ഉറക്കിയതും ഉണർത്തിയതും. ആറ്റിലെ വെള്ളത്തിന്റെ അളവിനെപ്പറ്റിയൊക്കെ ഞങ്ങൾക്ക് നിശ്ചയമായിരുന്നു അതെത്ര വരുമെന്ന് പ്രത്യേകിച്ച് മഴയുള്ള രാത്രികളിൽ...ആറ്റിലെ വെള്ളത്തിന്റെ ഉയർച്ചതാഴ്ചകൾ അത്രയ്ക്ക് ഞങ്ങൾക്ക് നിശ്ചയമായിരുന്നു.

ഇടയ്ക്ക് ആറ് അവളുടെ രൗദ്രരൂപം വെളിപ്പെടുത്തിക്കൊണ്ട് സംഹാരരൂപിണിയായി..ഞങ്ങളപ്പോൾ വിറച്ചു. എന്നിട്ട് ശാന്തരൂപിണിയാവുന്ന വേനലിൽ കണക്കറ്റ് ഞങ്ങൾ കുത്തി മറിഞ്ഞു.

നട്ടുച്ചയിലും പാതിരാത്രിയിലും മറുതകൾ ഇറങ്ങുമെന്ന് ഞങ്ങളെ പേടിപ്പിക്കാനായി അമ്മുമ്മമാർ കഥകൾ മെനഞ്ഞു. സ്വർണ്ണശകലങ്ങളുള്ള മത്സ്യകന്യകമാരുടെ കഥകൾ കേട്ടുവളർന്നു. രാത്രി പുഴയിൽ നിന്നു കേട്ട അലക്കുശബ്ദം മുമ്പ് പുഴയിലൂടെ ഒഴുകിപ്പോയവരുടെ ആത്മാക്കളാണെന്ന് പറഞ്ഞു.

വേനലിൽ പാറകൾക്കിടയിൽ ആറ്റുവഞ്ചികൾ പൊടിച്ചു പന്തലിച്ചു. കമ്മൽപ്പൂവും ഇലഞ്ഞിപ്പൂവും ഒഴുകിയെത്തി.

ചൂണ്ടയുമായി പോയവർ എത്രപെട്ടെന്നാണ് കോർമ്പിലിൽ മീനുമായി എത്തിയത്. തീരത്ത് പലതരം മുളകൾ, നായങ്കണ, ഒരുപാട് വേരുകളുമായി കണ്ടൽ സസ്യങ്ങൾ, കൈതകൾ...

വേനലിൽ കുന്നുകളിൽ വെള്ളമുണ്ടായിരുന്നില്ല. ആറ്റിറമ്പിൽ ഓലികുത്തി. ഓലിയ്ക്കലേക്ക് ഒരുപാടു പെണ്ണുങ്ങൾ കുടങ്ങളും കലങ്ങളുമായി വന്നു. തണുത്ത, കണ്ണീരുപോലെയുള്ള തെളിനീർ...

ഞണ്ടും കൊഞ്ചും ഞവണിക്കയും പൂമീനും കല്ലടാമുട്ടിയും പരലും വൈലേപ്പുള്ളിയും ....എത്രയെത്ര

മീനുകൾ, ജലസസ്യങ്ങൾ, ജീവികൾ...

കുറേക്കഴിഞ്ഞപ്പോൾ ഞങ്ങളുടെ തോട്ടിലൂടെ പരിചിതമല്ലാത്ത ഒരുസസ്യം ഒഴുകി വരാൻ തുടങ്ങി. ആഫ്രിക്കൻ പായലായിരുന്നു അത്. അന്നുവരെ കേട്ടുകേഴ്വി മാത്രമായിരുന്ന തിലോപ്പിയ കൂട്ടമായി വന്നെത്തി..മിക്ക പറമ്പിൽ നിന്നും മോട്ടോറുകളുടെ വാൽവുകൾ പച്ചപാമ്പെന്നപോലെ തോട്ടിലേക്ക് നീണ്ടു.

ആദ്യമൊക്കെ മണലെടുപ്പ് വളരെക്കുറവായിരുന്നു. പിന്നെ പിന്നെ മത്സരിച്ച് മണലുകോരലായി..ചുഴികൾ അപൂർവ്വമായിരുന്നിടം മണൽക്കുഴികളെകൊണ്ട് നിറഞ്ഞു. വേനലിലും നിറം മാറി..തോട്ടുപുറമ്പോക്കുകൾ കൈയ്യേറി കെട്ടിടങ്ങൾ വന്നു. ഗ്രാമത്തിന്റെ ഛായ മാറുന്നതിനനുസരിച്ച് അഴുക്ക് ആറ്റിലേക്കൊഴുകി. എവിടെയും പ്ലാസ്റ്റിക്, സർവ്വ അഴുക്കും അവൾ വഹിച്ചു. ഒരുപാട് പാറക്കൂട്ടങ്ങളുണ്ടായിരുന്നു. അവയൊക്കെ പൊട്ടിച്ചെടുത്തു തീരവാസികൾ..

കേരളത്തിൽ ഏറ്റവും കൂടുതൽ മഴപെയ്യുന്ന നേര്യമംഗലം കാടിനിടയിലൂടെയാണ് ആറ് ഒഴുകിയിരുന്നത്. പെരിയാറിന്റെ കൈവഴിയായി. പക്ഷേ, മഴ നിന്നാൽ പുഴയുടെ ഒഴുക്കും നില്ക്കുന്നു ഇപ്പോൾ.. പതുക്കെ പതുക്കെ വെള്ളമേ ഇല്ലാതാകുന്നു. പുഴ ചാലുമാത്രമായി, ചിലയിടത്ത് കറുത്തവെള്ളത്തിന്റെ കുളങ്ങളായി മാത്രം മാറുന്നു.

വെള്ളത്തെ തടഞ്ഞു നിർത്തേണ്ട പാറകളോ, അവയോട് പറ്റിച്ചേർന്നു നിന്ന ചെടികളോ ഇല്ല. മണലെടുപ്പിൽ കരയിടിഞ്ഞു തീരത്തെ മിക്കവാറും ചെടികളൊക്കെപ്പോയി.

മീനുകൾ ചത്തുപൊങ്ങുന്നു. കുളിച്ചാൽ ചിരങ്ങും ചോറിയും വരുന്നു.

ഇത് പത്തുമുപ്പതു വർഷംകൊണ്ട് ഞാൻ കണ്ട ഒരു പുഴയാണ്. കേരളത്തിലെ എല്ലാ പുഴകളും ഇങ്ങനെതന്നെയാണ്.

നാലുതരത്തിലാണ് പുഴകളില്ലാതാവുന്നത്. ഇല്ലാതാവുന്നത് എന്നാൽ ഉപയോഗയോഗ്യമല്ലാതാകുന്നത്.

വനനശീകരണം, മണലെടുപ്പ്, അണക്കെട്ട്, പിന്നെ മലിനീകരണവും.

വനനശീകരണം എതാണ്ടെല്ലാ അറ്റത്തും എത്തിക്കഴിഞ്ഞു. അതിലൂടെ

മണലൂറ്റിനെപ്പറ്റി പറയാതിരിക്കുകയാണ് ഭേദം. നിരോധനം വരുമ്പോൾ..കളവു തുടങ്ങും. വലിയവലിയ രമ്യഹർമ്യങ്ങളും മാനത്തുതൊടുന്ന അവകാശവാദവുമായെത്തുന്ന ഫ്ളാറ്റുകളും മതി നമുക്ക്. നാളെത്തേക്ക്, ഭാവിക്കുവേണ്ടി ഒന്നും ആവശ്യമില്ല. ഒന്നും വേണ്ടെന്നല്ല. എല്ലാം വേണം. പക്ഷേ, അത് പ്രകൃതിയുടെ അവസ്ഥ അറിഞ്ഞുമാത്രമാവണം. ഈ രമ്യഹർമ്മ്യങ്ങളുടേയും ഫ്ളാറ്റുകളുടേയും ആയുസ്സ് എത്രയാണ്? ഭൂമിക്കും ആ ആയുസ്സ് മതിയെന്നാണോ?



ജൈവവൈവിധ്യം തന്നെ ഇല്ലാതാകുന്നു. എത്രയെത്ര സസ്യങ്ങളും ജീവികളുമാണ് ഇല്ലാതാകുന്നത്. അവരുടെ ആവാസകേന്ദ്രമാണ് ഇല്ലാതാവുന്നത്. സൂക്ഷ്മജീവികൾ മുതൽ ആനകൾ വരെയുള്ള ആവാസസ്ഥലങ്ങൾ. ഇവയെല്ലാം പ്രകൃതിയിൽ ഒറ്റദിവസംകൊണ്ടുണ്ടായതല്ല. കാലാനുക്രമമായ വികാസ പരിണാമങ്ങളിലൂടെ സംഭവിച്ചതാണ്. അതാണ് കുറഞ്ഞ കാലം കൊണ്ട് അമിതമായ ചൂഷണത്തിൽ ഇല്ലാതാകുന്നത്.

സഹ്യന്റെ ഏതോ മലയിടുക്കിൽ നിന്നും ഉത്ഭവിക്കുന്ന അരുവികൾ ഒരുമിച്ചുകൂടി പുഴയാകുന്നു. നൂറ്റാണ്ടുകളെടുത്താണ് കല്ലുകൾ പൊടിഞ്ഞ് പൊടിഞ്ഞ് മണലായി മാറുന്നത്. ഇതിനൊന്നും എളുപ്പ വഴികളില്ല. അമിതോപയോഗം പ്രകൃതിയുടെ നിലനില്പിനെ തന്നെ ബാധിക്കും.

നദിക്കുകുറുകെയുള്ള അണകെട്ടൽ ശിശുഹത്യാപാപത്തിനു തുല്യമാണെന്ന് കാളിദാസൻ എഴുതിയിട്ടുണ്ട്. എക്കാലത്താണ് പറഞ്ഞതെന്നോർക്കണം! അണക്കെട്ടുകൾ വരുമ്പോൾ

ഒരുകൂട്ടമാളുകൾ പലായനം ചെയ്യേണ്ടി വരുന്നു. ഒരുകൂട്ടമാളുകൾക്ക് വെള്ളം നിഷേധിക്കപ്പെടുന്നു. എപ്പോഴും സമൂഹത്തിലെ താഴെത്തട്ടിലെ ജനവിഭാഗം മാത്രമായിരിക്കും ചൂഷണത്തിന് വിധേയരാവേണ്ടി വരിക.

നർമ്മദയിലും ചാലിയാറിലും ആതിരപ്പള്ളിയിലും മുല്ലപ്പെരിയാറിലും പൂയംകുട്ടിയിലും എൻമകജെയിലും സൈലന്റ് വാലിയിലായാലും.. ..

ശബ്ദത്തിന് കനം കുറഞ്ഞവരെ എളുപ്പത്തിൽ നിശബ്ദരാക്കാം എന്നൊരു തന്ത്രം എക്കാലത്തും ഭരണകൂടം എടുത്തിട്ടുണ്ട്. പ്രകൃതിയുടെ ശബ്ദവും അവർ കേൾക്കാറില്ല.

സംസ്ക്കാരങ്ങളെല്ലാം ഉടലെടുത്തത് നദീതീരത്താണ്. സിന്ധുനദീതടസംസ് ക്കാരമായാലും ഈജിപ്ഷ്യൻ സംസ്ക്കാരമായാലും ടൈഗ്രീസിന്റെയും യൂഫ്രട്ടീസിന്റെയും ഹൊയാങ് ഹോയുടേയും മിസിസിപ്പിയുടേയും അങ്ങനെ അങ്ങനെ...

ആദിയിൽ ജലം മാത്രമായിരുന്നു സർവ്വം എന്നും ജലത്തിൽ നിന്നാണ് സർവ്വവും ഉടലെടുത്തതെന്നും ...

എന്നിട്ട് ജലമില്ലാതായാൽ, പെയ്യുന്ന മഴമുഴുവൻ വേണ്ടപോലെ ഉപയോഗിക്കപ്പെടാതിരുന്നാൽ?

ഇപ്പോൾ പുഴകൾ നേരിടുന്ന ഏററവും വലിയ പ്രശ്നം മലിനീകരണമാണ്. പലതരം മലിനീകരണങ്ങൾ...പെരിയാറിന്റെയും ചാലിയാറിന്റേതുമൊക്കെ നമുക്കറിയാം. കീടനാശിനി പ്രയോഗങ്ങൾ, രാസവസ്തക്കൾ ഒഴുക്കിവിടൽ, പ്ലാസ്റ്റിക്കും സർവ്വമാലിന്യങ്ങളും ഒഴുക്കിവിടുന്നു. എങ്ങോട്ടാണ് നമ്മൾ...?

പ്രകൃതിയുടെ മരണം സംസ് ക്കാരത്തിന്റെ മരണമാണ്. നമ്മുടെ തന്നെ മരണമാണ്.

നിങ്ങൾക്ക് എഴുതാൻ നിറഞ്ഞൊഴുകുന്ന പുഴയുണ്ടായിരുന്നു. ഞങ്ങൾക്ക് അങ്ങനെയുള്ള അനുഭവങ്ങൾ ഇല്ല. വറ്റിയ പുഴയാണ് ഞങ്ങൾ കാണുന്നത്...അതിനെപ്പറ്റി മാത്രമേ ഞങ്ങൾക്ക് എഴുതാനാവുന്നുള്ളു. അപ്പോൾ ഭാവി തലമുറ എന്തിനേപ്പറ്റിയാവും കഥയും കവിതയും എഴുതുക എന്ന് അടുത്തൊരിക്കൽ ഒരു സാഹിത്യസദസ്സിൽ ഒരുകുട്ടി ചോദിച്ചു.

ഉത്തരം ഇത്തിരി തീക്ഷണമായിപ്പോകുമോ എന്ന ഭയത്തോടെയാണ് പ്രതികരിച്ചത്.

പുഴകൾ മരിച്ചാൽ അതോടെ മനുഷ്യജീവന്റെ അവസാന കണികയും അപ്രത്യക്ഷമാകും.

ആരെങ്കിലും അവശേഷിച്ചാൽ അവർ കഥയും കവിതയും എഴുതിയാൽ അത് വായിക്കാൻ ഇവിടെ ഒരു ജനത അവശേഷിക്കില്ല.

ജലമില്ലാഞ്ഞാൽ എന്തു സംസ്ക്കാരവും എന്തു ജീവിതവും എന്തു ജീവനും?

പുഴയെപ്പറ്റി വായിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും പ്രിയപ്പെട്ട വരികൾ സിയാറ്റിൽ മൂപ്പന്റെ പ്രസംഗമാണ്.

അമരേന്ത്യക്കാരുടെ ഭൂമി വേണമെന്ന ആവശ്യവുമായി വരുന്ന വെളുത്ത വർഗ്ഗക്കാരായ അമേരിക്കക്കാരോട് അമരേന്ത്യൻ മൂപ്പൻ പറയുന്ന വാക്കുകൾ...

'പുഴകളിലും നദികളിലും തിളങ്ങിയൊഴുകുന്ന ജലം വെറും ജലമല്ല, ഞങ്ങളുടെ പൂർവ്വികരുടെ രക്തമാണ്. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ ആ ജലം പാവനമാണെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടാവണം. അതു പാവനമാണെന്നുമാത്രമല്ല, സ്ഫടികം പോലെയുള്ള തടാകപ്പരപ്പിലെ ഓരോ ഭൂതാവിഷ്ടനിഴലാട്ടവും പറയുന്നത് എന്റെ ജനതയുടെ ജീവിതസംഭവങ്ങളെപ്പറ്റിയും അവയുടെ ഓർമകളെപ്പറ്റിയുമാണെന്നും നിങ്ങളുടെ മക്കളെ പഠിപ്പിക്കണം.

ജലത്തിന്റെ മർമ്മരം എന്റെ അച്ഛന്റെയച്ഛന്റെ ശബ്ദമാണ്.

നദികൾ ഞങ്ങളുടെ സഹോദരരാണ്. അവർ ഞങ്ങളുടെ ദാഹം തീർക്കുന്നു. ഞങ്ങളുടെ വഞ്ചികളെ ചുമക്കുന്നു. ഞങ്ങളുടെ കുഞ്ഞുങ്ങളുടെ വിശപ്പ് ശമിപ്പിക്കുന്നു. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ നദികൾ ഞങ്ങളുടേയും നിങ്ങളുടേയും സഹോദരരാണെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടായിരിക്കണം. നിങ്ങളുടെ കുഞ്ഞുങ്ങളെ അത് പഠിപ്പക്കുകയും ചെയ്യണം. മാത്രമല്ല, അന്നുമുതൽ നിങ്ങൾ ഏതൊരു സഹോദരനോടും കാണിക്കുന്ന കാരുണ്യം നദികളോടും കാണിക്കണം...'

എല്ലാം നഷ്ടപ്പെടാൻ പോകുന്നു എന്ന് അറിഞ്ഞുകൊണ്ട് തന്നെ ഈ പ്രസംഗം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. അതിലെല്ലാമുണ്ട്.

'ഇത് ഞങ്ങളുടെ ജീവിക്കലിന്റെ അന്ത്യമാണ്. അതിജീവനത്തിന്റെ തുടക്കവും'.

ചിന്തിച്ചു നോക്കുക, നമ്മുടെ ജീവിതവും അവസാനിച്ചു കഴിഞ്ഞു. ഇന്നത്തെ ജനത അതിജീവനത്തിന്റെ പാതയിലാണ്. അതിജീവനം മാത്രമാണ് നമുക്കു മുന്നിലുള്ളത്. അതിജീവനം മാത്രം.



അനുഭവം

# കഥ പറയുന്ന സുമതി




അമ്പിളി സുധീർ

ബഷീർ കഥകൾ ആസ്വദിച്ചു നടന്ന ഒരു കാലം ഞാനിന്നും ഓർക്കുന്നു. പതിനഞ്ചു വയസ്സിൽ. കഥകൾ ഉച്ചത്തിൽ വിളിച്ചു പറയും പോലെയുള്ള ആഖ്യാനശൈലി ഇഷ്ടമാണ്. അതിനൊരു കാരണമുണ്ട്. അവിടുന്നും പിറകോട്ട് നാലുവർഷങ്ങൾക്കു മുമ്പ് ഉച്ചത്തിൽ കഥ പറയുന്ന കഥാകാരി ഈ കൊച്ചുജീവിതത്തിലേക്ക് കയറി വന്നു. എരിവും പുളിയും ചേർത്ത കുഞ്ഞുകുഞ്ഞു കഥകളുമായി... സുമതിചേച്ചി വീട്ടുവേലക്കായി വന്നതാണെങ്കിലും സുമതിചേച്ചി എനിക്കെന്നും സ്വന്തമാണ്. ഉച്ചയ്ക്കു ശേഷമാണ് അവർ ജോലിക്കായ് എത്തുക. എത്തിയാൽ പാത്രങ്ങൾ കൂട്ടിമുട്ടുന്നതിനേക്കാളും തുണികൾ അടിച്ചു തിരുമ്പുന്നതിനേക്കാളും ഉച്ചത്തിൽ സുമതിചേച്ചി കഥ പറയും.

സുമതി ചേച്ചി എത്തിയാൽ അവരുടെ പിന്നാലെ നടക്കും കഥ കേൾക്കാൻ വലിയ ആളുകളോട് പറയും പോലെയാണ് ഈ പതിനൊന്നുകാരിയോട് കഥകൾ പറയുക. വീട്ടിലെ നിത്യസംഭവങ്ങൾ ഭാവനയും യാഥാർത്ഥ്യവും കൂട്ടിച്ചേർത്ത് ആസ്വാദ്യമായ രീതിയിൽ, സ്വന്തം കൈകളും മുഖവും ചുണ്ടും കഴുത്തും എല്ലാം ചേർത്തു വിളമ്പും. മകന്റെ സ്കൂളിലെ വിശേഷങ്ങൾ, ഭർത്താവ് കുടിച്ചു വന്ന് ഉപദ്രവിക്കുന്ന കാര്യങ്ങൾ. വീട്ടിലെ പട്ടിണി എല്ലാം തന്നെ സുമതിചേച്ചിക്ക് കഥകളാണ്.

ഇനി ഒരു വിഷയവും കിട്ടിയില്ലെങ്കിൽ സ്വന്തം ഭ്രമണപഥത്തിൽ കറങ്ങിനടന്ന് കഥകൾക്കുള്ള വിത്തുകൾ ശേഖരിക്കും ആ വിത്തുകൾ മുളപ്പിച്ച് ഇലയും പൂവും ഒക്കെ സൃഷ്ടിക്കാനുള്ള കഴിവും അപാരമാണ്. കുടുംബരഹസ്യങ്ങളും പരഭൂഷണങ്ങളുമെല്ലാം. നല്ലൊരു കേൾവിക്കാരിയായി ഞാനും പിന്നാലെ. കഥകളിലൂടെ

എം.ടിയെ കണ്ടപാടെ മകൻ നിബന്ധന മറന്നു. ഉച്ചത്തിൽ ‘അമ്മേ ഇതാണോ എം.ടി, ഇതാണോ എം.ടി‘ സുമതിചേച്ചി നിന്നനിൽപ്പിൽ ഐസായി. എം.ടി പത്രമൊന്ന് ചെരിച്ച് ഒറ്റത്തവണ നോക്കി. വേറെ യാതൊരു പ്രതികരണവുമില്ല. അന്നുച്ചക്ക് ഈ സംഭവം വിവരിക്കാൻ തിടുക്കം കൂട്ടി ഓടി ഞങ്ങളുടെ വീട്ടിലെത്തിയ സുമതിചേച്ചിയുടെ ചിത്രം ഇന്നും എന്റെ മനസ്സിലുണ്ട്.



ഞങ്ങൾ വല്ലാതെ അടുത്തു. ദിവസവും ഉച്ചക്ക് സുമതി ചേച്ചിക്കായ് ഞാൻ കാത്ത് നിൽക്കും. ആകാംക്ഷയോടെ....

ആയിടക്ക് സിനിമാക്കാരുടെ കഥകളിലേക്കും സുമതിചേച്ചിക്ക് കമ്പം കയറി. അതിനൊരു കാരണവുമുണ്ടായി. അദ്വൈതം സിനിമ ഷൂട്ട് ചെയ്തത് സുമതിചേച്ചിയുടെ വീട്ടിൽ നിന്നാണ്. കനോലിക്കനാലിന്റെ തീരത്തുള്ള ഓലമേഞ്ഞപുര; തെങ്ങിൻ തോപ്പിന്റെ ഓരത്തുള്ള വീട്. പകൽ സമയങ്ങളിൽ ഷൂട്ടിങ്ങിനായി വിട്ടുകൊടുക്കും. മോഹൻലാലും ജയറാമും രേവതിയും എല്ലാം സുമതി ചേച്ചിയുടെ വീട്ടുമുറ്റത്ത്. സുമതി ചേച്ചിക്കാണെങ്കിലോ. കഥകളുടെ കൊയ്ത്ത് കിട്ടിയ ആഹ്ലാദം. മോഹൻലാലിന്റെ വീട്ടുകാര്യങ്ങൾ, ജയറാമിന്റെ പ്രണയരഹസ്യങ്ങൾ എല്ലാം പേറി ഞങ്ങളുടെ വീട്ടിലെത്തി വിളമ്പും നുറുങ്ങു കഥകളായി... ചെവികൂർപ്പിച്ചു കൊണ്ട് ഞാനും. ഷൂട്ടിങ്ങ് കഴിയുന്നതിനുമുൻപ് ഒരു ദിവസം എന്റെ കൈയ്യും പിടിച്ച് അവിടെ പോയി. ഷൂട്ടിങ്ങ് കാണിച്ചുതരാൻ. എനിക്കും കൗതുകമായി മോഹൻലാലിനെ കാണാൻ. വേലിക്കരികിൽ നിന്ന് കൈചൂണ്ടി മോഹൻലാലിനെ കാട്ടിത്തന്ന സുമതിചേച്ചിയുടെ നിഷ്കളങ്ക സന്തോഷം ഒരു സുഖമുള്ള അനുഭവമായി ഇപ്പോഴും മനസ്സിലുണ്ട്. പിന്നീട് ദിവസങ്ങളോളം സിനിമാലോകത്തെ കഥകൾ.

ആയിടക്ക് യാദൃശ്ചികമായാണ് മലയാളത്തിന്റെ കഥാകാരൻ എം.ടിയുടെ വീട്ടിൽ ചേച്ചിക്ക് പണി കിട്ടുന്നത്. ഞങ്ങളുടെ വീട്ടിൽ നിന്ന് പത്ത്മിനുട്ട് നടക്കാനേയുള്ളൂ. രാവിലെ പത്ത് മണിക്ക് സുമതിചേച്ചി എം.ടിയുടെ വീട്ടിൽ പോകും, ഉച്ചക്ക് ശേഷം ഞങ്ങളുടെ വീട്ടിലും അങ്ങനെയായി വരവ്. കഥാകാരന്റെ വീട്ടിൽ നിന്ന് കഥകളുടെ ഭാണ്ഡങ്ങളുമായാണിറങ്ങുക. എം.ടിയുടെ വീട്ടിലെ നിശ്ശബ്ദത അവർക്കസഹ്യമായിരുന്നു. ഒരിക്കൽ ഭക്ഷണം കഴിക്കുന്നതിനിടെ ‘ആ സ്പൂണെടുത്തു തരൂ‘ എന്ന വാചകം മാത്രമാണ് എം.ടിയുടെ വായിൽ നിന്ന് സുമതിചേച്ചി കേട്ടത്. എം.ടിയുടെ നടപ്പും ഭാവവും രീതിയും എല്ലാം കഥകളായിറങ്ങി എന്തിന് നിശ്ശബ്ദത പോലും കഥക്കുള്ള വിഷയങ്ങളായി. എഴുത്തും വായനയുമറിയാത്ത സുമതിചേച്ചി ആരാധനയോടെയാണ് ആ വലിയ കഥാകാരനെ നോക്കിക്കണ്ടത്. ഇതിനിടയിൽ സുമതിചേച്ചിയുടെ മകന് എം.ടി.യെ കാണാനൊരാഗ്രഹം. അത് സാധിപ്പിച്ചുകൊടുക്കുന്നതിന് മുന്നോടിയായി ഒരു നിബന്ധന സമുതിചേച്ചി മുന്നോട്ടുവെച്ചു. കഴിവതും നിശ്ശബ്ദമായിരിക്കണം. ആറുവയസ്സുകാരൻ മകൻ അത് സമ്മതിച്ചു. അങ്ങനെ അമ്മയും മകനും കൂടി എം.ടിയുടെ വീട്ടിലെത്തി. ഉമ്മറത്ത് ചാരുകസേരയിലിരുന്ന് എം.ടി പത്രം വായിക്കുകയായിരുന്നു. എം.ടിയെ കണ്ടപാടെ മകൻ നിബന്ധന മറന്നു. ഉച്ചത്തിൽ ‘അമ്മേ ഇതാണോ എം.ടി, ഇതാണോ എം.ടി‘ സുമതിചേച്ചി നിന്നനിൽപ്പിൽ ഐസായി. എം.ടി പത്രമൊന്ന് ചെരിച്ച് ഒറ്റത്തവണ നോക്കി. വേറെ യാതൊരു പ്രതികരണവുമില്ല. അന്നുച്ചക്ക് ഈ സംഭവം വിവരിക്കാൻ തിടുക്കം കൂട്ടി ഓടി ഞങ്ങളുടെ വീട്ടിലെത്തിയ സുമതിചേച്ചിയുടെ ചിത്രം ഇന്നും എന്റെ മനസ്സിലുണ്ട്.

പിന്നീട് കടംകയറി വീട് വിൽക്കേണ്ടി വന്നു അവർക്ക്. ഉൾനാട്ടിലേക്ക് താമസവും മാറ്റി. പിന്നെ സുമതിചേച്ചിയെ കണ്ടിട്ടേയില്ല. എങ്കിലും ഏത് കഥ വായിക്കാനൊരുങ്ങുമ്പോഴും ആദ്യം സുമതിചേച്ചി കടന്നുവരും മനസ്സിൽ. എന്നിലെ കഥാകൗതുകത്തിന് തിരികൊളുത്തിയ കഥാകാരിയെ. മുൻപിലുള്ള ജീവിതം ജീവിച്ചു തീർക്കാൻ പാടുപെടുമ്പോഴും അവരെ സന്തോഷവതിയാക്കി നിർത്തിയത് ചിരിച്ചുകൊണ്ട് കഥ പറയാനുള്ള ശേഷിയാണെന്ന് തോന്നിയിട്ടുണ്ട്.

എനിക്കുറപ്പുണ്ട് സുമതിചേച്ചിക്ക് എഴുത്തുംവായനയും അറിയാമെങ്കിൽ, പറയുന്നതെല്ലാം കടലാസിലേക്ക് പകർത്താനാകുമെങ്കിൽ ഇന്നവർ മലയാളത്തിലെ പെണ്ണെഴുത്തുകാരിൽ പ്രമുഖയായിരിക്കും. ○



സന്ധ്യ.ഇ

# യാത്രാവസാനം

അപരിചിതമായ വഴികളിലൂടെ
പതിയെ കാറൊഴുകുമ്പോൾ
എന്റെ വലതുകരം
നിന്റെ ഇടതുകൈയിലൊതുങ്ങി.

ഇത്രയടുത്തായിട്ടും
ഈ വഴികളെന്തേ നിനക്കപരിചിതമെന്ന്
നിന്റെ വിരലുകൾ
എന്റെ ഞരമ്പുകളോടു ചോദിച്ചു
എത്രയടുത്തായിട്ടും
തോഴാ,
നീയറിയാത്ത
എത്രയോ വഴികളെന്റെ ഉടലിലും
ഉള്ളിലുമുണ്ടല്ലോ

എന്നു എന്റെ വിരലുകൾ
നിന്റെ വിരലുകൾ കോർത്ത് യാത്ര തു
ടർന്നു.
ഒരു കാടും കടന്ന്
ഒരു തോടും കടന്ന്
ഒരു പുഴയും കടന്ന്
ഒരു കുന്നിൻമേൽ കയറി
ഏതിലേയാണ്
ഇക്കിളിയങ്ങാടിയിലേക്കുള്ള വഴി
എന്ന് നമ്മൾ പിന്നെ
ഓർമ്മയിൽ നിന്നെടുത്ത
കുട്ടിക്കളി കളിച്ചു.

# നഗരം



പ്രിയ ഉണ്ണികൃഷ്ണൻ

**തി**രിച്ചറിയാൻ കഴിയാത്ത എന്തൊക്കെയോ സന്തോഷങ്ങളും എന്നേ തിരിച്ചറിഞ്ഞ സങ്കടങ്ങളും വെപ്രാളത്തോടെ  കെട്ടിപ്പെറുക്കി ഈ നഗരത്തിൽ എത്തിപ്പെട്ടത് ഇരുപത്തിമൂന്നാമത്തെ വയസ്സിലാണ്. ആ നഗരമെന്നെ ആദ്യം ഭയപ്പെടുത്തി. പിന്നെ ഒരു കാട്ടുമൃഗത്തെപ്പോലെ മെരുക്കിയെടുത്തു. ഇത്രയും കാലം  ഒരു ഗ്രാമവാസിനിയായിരുന്ന എന്നെ ഒരു പുലരിയിൽ നഗരത്തിന്റെ അഴുക്കുചാലിനരികെ ഇറക്കിവിട്ട് എല്ലാവരും ഓടിമറഞ്ഞിരിക്കുന്നു. അതിലെ നാറ്റവും അണുക്കളും എന്റെ ദിനചര്യകളിലേക്ക് നുഴഞ്ഞുകയറി. നിറം മങ്ങിയ വസ്ത്രങ്ങളിൽ ആളുകൾ ചിരിക്കുകയും കരയുകയും പ്രണയിക്കുകയും ചെയ്യുന്നു. വഴിയരികിൽ, വൃത്തിഹീനമായ പലഹാരക്കടകൾക്ക് മുന്നിൽ നായകൾ ചുരുണ്ടുകൂടിയുറങ്ങുന്നു. പരിചിതഭാവത്തിൽ ഒരു ചിരി പോലുമില്ല. റോഡരികിൽ ചവറ്റുകൂനകൾ മഹാവ്യാധികളുടെ അക്ഷയപാത്രം പോലെ ഉയർന്നുനിൽക്കുന്നു. മരങ്ങൾക്ക് മലിനമായ മണ്ണിന്റെ നിറവും മണവും. ക്ഷീണിച്ച മുഖഭാവങ്ങളുമായി ഒരുകൂട്ടം ജനങ്ങൾ. നഗരത്തെ ഞാനറിയുകയായിരുന്നു, കൂടുതൽ മനസ്സിലാക്കുകയായിരുന്നു.



അപരിചിതമായ ചുറ്റുപാടിൽ എന്റെ ശബ്ദം നിശ്ശബ്ദമായിത്തുടങ്ങിയിരുന്നു. പിന്നെയതെന്നെ മൂകമായ പകലുകളിലേക്ക് കൊണ്ടെത്തിച്ചു. കുറച്ചുകാലം കൂടിയങ്ങനെ കഴിഞ്ഞിരുന്നെങ്കിൽ ജീവനുള്ളൊരു ജഡമായിത്തീർന്നേനെ. അതിൽ നിന്നുള്ളൊരു വലിയ രക്ഷപ്പെടലിനായിരുന്നു പിന്നെയുള്ള ചിന്തകൾ. അതെന്നെ വിചാരങ്ങൾക്കും വികാരങ്ങൾക്കുമപ്പുറത്തുള്ള അനുഭവങ്ങളുടെ നേർക്കാഴ്ചയിലേക്കെത്തിച്ചു. അവിടെ മൃദുലമായ ചിരികളോ അടക്കിപ്പിടിച്ച തേങ്ങലുകളോ നെടുവീർപ്പുകളോ ഒന്നുമുണ്ടായിരുന്നില്ല. വെറും പച്ചയായ ജീവിതസത്യങ്ങൾ മാത്രം. ആണിനേക്കാൾ കൂടുതൽ പെണ്ണിന്റെ മനക്കരുത്ത് തെരുവിലെ ഓരോ നിഴലിനേയും കൂടുതൽ കറുപ്പാക്കി. എന്റെ നിയമസംഹിതകൾ മാറിമറിഞ്ഞത് ഈ നഗരത്തിലെ തെരുവുകളിലായിരുന്നു. ആ ദരിദ്രർ എന്നെ സുഖലോലുപതയുടെ ആകാശക്കോട്ടയിൽ നിന്ന് കഠിനമായ വിശപ്പിന്റെ വേനലുകൾ കാണിച്ചു തന്നു. ചെമ്പൻ മുടിയിഴകളിൽ പിടിച്ചു വലിച്ച് നടക്കുന്ന കുട്ടികളിൽ ദൈന്യഭാവമായിരുന്നില്ല, വഴിയാത്രക്കാരോടുള്ള പുച്ഛമായിരുന്നു. ഒരു ദിവസത്തെ അന്നത്തിനു വേണ്ടിയുള്ള പണി അവരെന്നും ചെയ്തുകൊണ്ടേയിരുന്നു. മേൽപ്പാലത്തിനു ചുവട്ടിലെ കുടുംബ ഭദ്രതകൾ വീറോടെ കാലത്തെ അതിജീവിച്ചുകൊണ്ടേയിരുന്നു. തണുപ്പിലും ചൂടിലും അവർ സ്നേഹിച്ചു. സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് മലർന്നുകിടന്ന് ആകാശത്തേയും മഞ്ഞിന്റെ തണുപ്പിൽ ഭൂമിയേയും അവർ ചുംബിച്ചു.

ആണിനേക്കാൾ കൂടുതൽ പെണ്ണിന്റെ മനക്കരുത്ത് തെരുവിലെ ഓരോ നിഴലിനേയും കൂടുതൽ കറുപ്പാക്കി. എന്റെ നിയമസംഹിതകൾ മാറിമറിഞ്ഞത് ഈ നഗരത്തിലെ തെരുവുകളിലായിരുന്നു. ആ ദരിദ്രർ എന്നെ സുഖലോലുപതയുടെ ആകാശക്കോട്ടയിൽ നിന്ന് കഠിനമായ വിശപ്പിന്റെ വേനലുകൾ കാണിച്ചു തന്നു.

അതിന്റെ മറുവശം ഭീകരവും ഭയാനകവുമായിരുന്നു. ഒരു ഞെട്ടലിന്റെ വിയർപ്പാറും മുൻപേ കഴുത്ത് ഞെരിക്കുന്ന കൈകളുടെ കാടൻ ശക്തികൾ പോലെ മുഴുവനായും ബഹിർഗമിക്കുന്ന യാഥാർത്ഥ്യങ്ങളുടെ കുടിലത. പതിനാറ് വയസ്സുള്ള ആ പെൺകുട്ടിക്ക് മുന്നിൽ എന്റെ ഹൃദയമിടിപ്പ് നിലയ്ക്കുന്നതുപോലെ തോന്നി. അവൾ ആർത്തിയോടെ കയ്യിലിരുന്ന ചെറിയ കടലാസ് പ്ലേറ്റിലെ പാവ് ബജി വലിയ കഷ്ണങ്ങളാക്കി വായിലേക്കിട്ടു. ഇടയ്ക്കവൾ എന്നെ നോക്കിച്ചിരിക്കുന്നുണ്ടായിരുന്നു. അത് മുഴുവൻ കഴിച്ച് തീർത്ത് ഇട്ടിരുന്ന പാവാടയിൽ കൈ തുടച്ച് അവളെന്റെ മുന്നിൽ വന്നു. അവളുടെ കണ്ണുകളുടെ ചുവപ്പ് എന്റെ രക്തത്തേക്കാൾ കടുപ്പമുള്ളതാണെന്നു തോന്നി. അവളുടെ വാക്കുകളൊന്നും എന്നിൽ ആകാംക്ഷയോ അമ്പരപ്പോ ആയിരുന്നില്ല, മറിച്ച് ഭയം കൊണ്ടുണ്ടാകുന്ന മരവിപ്പായിരുന്നു സൃഷ്ടിച്ചത്. അവളുടെ വിശപ്പിന് അവളുടെ സ്വപ്നങ്ങളോളം വിലയുണ്ടായിരുന്നു, വേദനയും. ശലഭങ്ങളും നിറങ്ങളും പൂക്കളും മഴവില്ലുകളും അന്യഗ്രഹവസ്തുക്കളെപ്പോലെ അവളറിഞ്ഞു. മറ്റൊരിടത്ത് അംഗവൈകല്യമുള്ള ആൺകുട്ടികൾ ഭിക്ഷാടനം ചെയ്യുന്നു. യുവതികൾ പലയിടങ്ങളിലും ഭോഗാസക്തികളെ കാത്തു നിൽക്കുന്നു. ആണുങ്ങൾ തെമ്മാടികളും കള്ളന്മാരും കൊലപാതകികളുമാകുന്നു. എന്തൊരു ലോകമാണിത്!

മറ്റൊരു ദിവസം ഒരു രാഷ്ട്രീയക്കാരൻ അവർക്ക് മുന്നിൽ നാടിന്റെ പുരോഗതിയെക്കുറിച്ച് മൈക്കിൽ അലറിവിളിച്ച്, ടൂറിസത്തിന്റെ അനന്തമായ സാധ്യതകളെക്കുറിച്ച് ബോധവത്കരണം നടത്തുകയായിരുന്നു. എന്തൊക്കെയോ നല്ല കാര്യങ്ങൾ എപ്പോഴൊക്കെയോ വരുമെന്ന പ്രതീക്ഷയിൽ കാലിൽ കുന്തിച്ചിരുന്ന് കൊണ്ട് അവരതെല്ലാം കേട്ടു. പിറകിലെ മരച്ചുവട്ടിൽ ഒറ്റക്കു നിന്ന ആ പതിനാറ് വയസ്സുള്ള പെൺകുട്ടി ഒരു മുതിർന്ന സ്ത്രീയെപ്പോലെ കാർക്കിച്ചു തുപ്പി. അവളെന്നെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ടായിരുന്നു. അവളുടെ കൈപിടിച്ച് മാറ്റിനിർത്തി ആ മുഖത്തേക്ക് നോക്കി പൊട്ടിക്കരഞ്ഞു. ചേച്ചി

കരയണ്ട, ഇതെനിക്ക് ശീലമായെന്നു പറഞ്ഞ് അവൾ എന്റെയരികിൽ തളർന്നിരുന്നു.

'കുട്ടീ, നിനക്ക് രക്ഷപ്പെടണ്ടേ? ഞാൻ സഹായിക്കാം'

'വേണ്ട, ഞാൻ മാത്രമായി എങ്ങനെ രക്ഷപ്പെടും? എനിക്കൊരു അനിയനുണ്ട്. അമ്മയും അച്ഛനുമുണ്ട്. കഴിഞ്ഞ ദിവസം രണ്ടുപേർ വന്ന് അവനെ കൊണ്ടുപോകാനൊരുങ്ങി. ഞാൻ വിട്ടില്ല. അവനേയും കൊണ്ടോടി, സെക്റ്റർ 12 വരെ. അവിടെ ഒരു വലിയ പൈപ്പിനുള്ളിൽ ഒളിച്ചിരുന്നു. എനിക്കറിയാം അവനെ എന്തിനാ കൊണ്ട് പൊവുന്നതെന്ന്. പക്ഷേ, ഞാൻ കൊടുക്കില്ല.'

'നിങ്ങളെ രണ്ട് പേരേയും ഞാൻ രക്ഷിക്കാം.'

അവളുടെ കണ്ണുകളിൽ പ്രതീക്ഷകളുടെ തുടക്കം. പിന്നെയത് മെല്ലെ അണയാൻ തുടങ്ങി.

'വേണ്ട. എനിക്ക് പറ്റില്ല ചേച്ചീ. ഞാൻ ഒരാളോടൊത്ത് മാത്രേ പോകാറുള്ളൂ. അയാൾക്ക് എന്നെ വേണം. എന്നെ അയാൾ ഒരു ദിവസം ബലമായി നശിപ്പിക്കുകയായിരുന്നു. ഒന്നും അറിയില്ലായിരുന്നു അപ്പോഴെനിക്ക്. ഒരാണിന്റെ വീറ് ഇത്രേ ഉള്ളൂ എന്ന് തോന്നിപ്പോയി. ഇന്നലെ അയാളുടെ അടുത്ത് നിന്നും പോരുന്നതിന് മുൻപ്, നിന്നേക്കാൾ ഭേദപ്പെട്ട വേറേയാരെങ്കിലുമുണ്ടോന്ന് നോക്കട്ടേന്ന് ഞാൻ പറഞ്ഞു. എനിക്ക് പകയായിരുന്നു ചേച്ചീ. എന്റെ മുന്നിൽ തലകുനിച്ചയാൾ നിൽക്കുന്നത് കണ്ടപ്പോ തുള്ളിച്ചാടാനാണ് തോന്നീത്. ഒരുപാട് പേരുണ്ടിവിടെ ഇങ്ങനെ ജീവിക്കുന്നവർ. ഇഷ്ടമുണ്ടായിട്ടല്ല, വിശപ്പിന് ശരീരത്തേക്കാൾ വിലയുണ്ട്. പക്ഷേ, നോക്കിക്കോ, അവൻ എന്നെ ജീവിതകാലം മുഴുവൻ പോറ്റും. ഇനിയവന് മറ്റൊരു പെണ്ണിന്റെ മുന്നിൽ ധൈര്യത്തോടെ നിൽക്കാനാവില്ല.'

കറയുണങ്ങിയ ചുമരിൽ ചാരി നിന്ന് അവൾ പൊട്ടിച്ചിരിച്ചു.

ഒന്നും പറയാതെ, അവളെ കുറച്ച് നേരം നോക്കി നിന്നു. പിന്നെയവളെ കെട്ടിപ്പിടിച്ച് ഉറക്കെ കരഞ്ഞു.

അവിടെ, ആ തെരുവിൽ ഞാനെന്റെ ആത്മാവിനെ ഉപേക്ഷിച്ചു. വിശപ്പിന്റെ വിളികളുയരാത്ത എന്റെ ശരീരത്തിന് മുന്നിൽ, ഭോഗാസക്തികൾ കുറ്റവാളികളെയും കൂട്ടി കൂരകൾ പണിതു.

അഴുകിത്തുടങ്ങിയ ജഡം പോലെ ഞാൻ സ്വയം നാറിത്തുടങ്ങി. ജീവിതത്തിന്റെ ആ തെരുവിൽ ഞാനൊരു കീടമായി പുളഞ്ഞുകൊണ്ടേയിരുന്നു.

**കവിത**



**ഹിമ വി.സി**

# സദാചാരം



ഇനിയുള്ള കാലവും  
എനിക്കിങ്ങനെ തന്നെ ജീവിക്കണം  
തിന്ന്, കുടിച്ച്, മദിച്ച്  
എന്നെ മറന്ന്, മറ്റുള്ളവരെ വിമർശിച്ച്  
ഇന്റർനെറ്റിലെ സെക്സ് സൈറ്റുകളിൽ  
മുഴുകി സുഖിച്ച്, സ്ഖലിച്ച്  
മതി വരുമ്പോൾ  
യുവാക്കളെ കമ്പ്യൂട്ടറിലെ  
അശ്ലീലതകളെ ബോധവാന്മാരാക്കി  
വസ്ത്രങ്ങൾക്കുള്ളിലെ സ്ത്രീ-  
നഗ്നതയെപ്പോലും  
ചൂഴ്ന്ന് കണ്ട്,  
വൈകുന്നേരങ്ങളിൽ രണ്ട്-  
പെഗ്ഗിന് പുറത്ത് സ്ത്രീ-  
സുരക്ഷയെക്കുറിച്ച് വാചാലനായി  
അങ്ങനെയിങ്ങനെ...  
ഇനിയുള്ള കാലവും  
എനിക്കിങ്ങനെ തന്നെ ജീവിക്കണം

ലേഖനം



# റൂബെല്ല വാക്സിന്റെ സ്ത്രീവിരുദ്ധരാഷ്ട്രീയം



സൗമ്യ പി.ആർ.

സ്കൂൾ വിദ്യാർത്ഥിനികൾക്ക് റൂബെല്ല വാക്സിൻ നിർബന്ധമായി നൽകണം എന്ന സർക്കാർ നിർദ്ദേശം സാധാരണക്കാരായ ജനങ്ങളെ ഒട്ടധികം ആശങ്കയിലാഴ്ത്തിയെങ്കിലും വലിയകോലാഹലങ്ങൾ സൃഷ്ടിക്കാതെ കുത്തിവയ്പുകൾ നടന്നു. ബോധവത്കരണം എന്നപേരിൽ ചില പരസ്യങ്ങളും മാധ്യമങ്ങളിൽ വന്നുപോയി. സർക്കാർ വിദ്യാലയങ്ങളിലെ പെൺകുട്ടികൾക്കുമാത്രം വാക്സിൻ നൽകുകയും എയ്ഡഡ്-അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ പെൺകുട്ടികൾക്ക് നൽകാതിരിക്കുകയും ചെയ്യുന്നതിലെ വൈരുദ്ധ്യം മാത്രമാണ് അല്പമെങ്കിലും ചർച്ചാവിഷയം ആയത്. അപ്പോഴും അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ പെൺകുട്ടികൾക്ക് കൂടി വാക്സിൻ നൽകണം എന്ന നിലപാടിലേക്കാണ് ചർച്ചകൾ പുരോഗമിച്ചത്. അതിലപ്പുറം റൂബെല്ല വാക്സിന്റെ സ്ത്രീവിരുദ്ധരാഷ്ട്രീയം പ്രബുദ്ധമലയാളികൾക്ക് വിഷയമല്ലാതിരിക്കുന്നത് റൂബെല്ല വാക്സിനെപ്പറ്റി ജനങ്ങൾക്കുള്ള അജ്ഞതയും മനഃപൂർവമുള്ള മറച്ചുവെയ്ക്കലുകളിലൂടെയുള്ള അടിച്ചേൽപ്പിക്കൽ ശ്രമങ്ങളുമാണ്.

***റൂബെല്ല വാക്സിൻ എന്ത്? എന്തിന്?***

ഗർഭധാരണസമയത്ത് അമ്മയ്ക്കുണ്ടാകുന്ന റൂബെല്ലഫീവർ ഗർഭസ്ഥശിശുവിന് വൈകല്യങ്ങൾ വരുത്തും. അതിനുമുൻകരുതലായി കണ്ടെത്തിയ വാക്സിനാണ് റൂബെല്ല വാക്സിൻ. ഈയൊരു ശാസ്ത്രീയവിശദീകരണം മാത്രമാണ് വാക്സിനേഷൻ നിർബന്ധമാക്കുന്നതിനു പറഞ്ഞിരുന്ന ന്യായീകരണം. റൂബെല്ലഫീവർ എന്നതും അതുണ്ടാക്കുന്ന പ്രശ്നങ്ങളും ഫലപ്രദമായ വാക്സിനും യാഥാർത്ഥ്യമായിരിക്കെ ഈ വാക്സിന് അത് കുത്തിവയ്ക്കുന്നതുമുതൽ 20 വർഷത്തെ പ്രവർത്തനശേഷി മാത്രമാണ് ഉള്ളത് എന്നസത്യം കുത്തിവയ്പ് എടുക്കാൻ നിർബന്ധിതരായ പെൺകുട്ടികൾക്കോ അവരുടെ മാതാപിതാക്കൾക്കോ അറിവുണ്ടായിരിക്കില്ല. എന്തിനുവേണ്ടിയുള്ള കുത്തിവയ്പാണ് നിങ്ങൾക്ക് തരുന്നത് എന്നറിയാമോ? എന്ന ചോദ്യത്തിന് പെൺകുട്ടികളിൽനിന്ന് ലഭിച്ച ഉത്തരത്തിൽനിന്നും, 'നല്ല കുട്ടികൾ ഉണ്ടാകാൻ വേണ്ടിയുള്ളതാണ്' എന്നുമാത്രമാണ് കുട്ടികൾക്ക് അധ്യാപകരിൽ നിന്നും ലഭിച്ചിരിക്കുന്ന വിവരമെന്നും വ്യക്തമാകുന്നു. വേണ്ടത്ര ബോധവത്കരണക്ലാസുകൾ നൽകി ബോധ്യപ്പെടുത്തിയതിനുശേഷമല്ല അവർക്ക് പ്രസ്തുത വാക്സിൻ നൽകിയിരിക്കുന്നത് എന്നർത്ഥം.

***റൂബെല്ല വാക്സിന്റെ മനുഷ്യാവകാശവിരുദ്ധതലങ്ങൾ***

പ്രായപൂർത്തിയാകാത്ത കുട്ടികളുടെ കാര്യത്തിൽ അവരുടെ മാതാപിതാക്കളാണ് പരമാധികാരികൾ. അവർക്ക് എന്ത് നൽകണം, എന്ത് നൽകണ്ട എന്ന് നിർണയിക്കാൻ ഉള്ള അവകാശം മാതാപിതാക്കളിൽ മാത്രം നിക്ഷിപ്തമാണ്. (കുട്ടികൾക്ക് അവരുടേതായ അവകാശങ്ങൾ ഉണ്ട് എന്നതും വിസ്മരിക്കാവതല്ല) ഒരു ഗവൺമെന്റിനും ഒരു നിയമവും ജനങ്ങളുടെ അറിവോടെയോ സമ്മതത്തോടെയോ അല്ലാതെ അടിച്ചേൽപ്പിക്കാൻ ജനാധിപത്യഭരണവ്യവസ്ഥയിൽ സാധ്യമല്ല. റൂബെല്ല വാക്സിൻ സ്കൂൾ വിദ്യാർത്ഥികളായ പെൺകുട്ടികൾക്ക് നൽകുന്നതിനുമുൻപ് അവരുടെ മാതാപിതാക്കളുടെ അനുമതിപത്രം വാങ്ങിയിട്ടില്ല; എന്നുമാത്രമല്ല എതിർപ്പ് പ്രകടിപ്പിച്ച മാതാപിതാക്കളുടെ അഭിപ്രായങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് കുത്തിവെയ്പ് നടത്തുകയും ചെയ്തു. വരുംതലമുറയുടെ നൻമയ്ക്കുവേണ്ടിയുള്ള പ്രവർത്തിയെന്ന് വ്യാഖ്യാനിച്ചാണ് ഈ മനുഷ്യാവകാശവിരുദ്ധമായ പ്രവൃത്തി അരങ്ങേറിയിരിക്കുന്നത്. സ്വതന്ത്ര ഇന്ത്യയിലെ പെൺകുട്ടികളുടെ വിവാഹപ്രായം 18 വയസ്സായിരിക്കെ; 18വയസ്സ് തികയാത്ത പെൺകുട്ടികൾക്ക് റൂബെല്ല വാക്സിൻ നൽകുന്നതിനുപിന്നിൽ എന്ത് ന്യായീകരണമാണ് ഉള്ളത്? അപ്പോൾ ഗവൺമെന്റിന്റെ അറിവോടെയോ അല്ലാതെയോ 18വയസ്സിനുമുൻപ് വിവാഹിതരാകുന്ന പെൺകുട്ടികൾ കേരളത്തിലുണ്ട് എന്ന നാണംകെട്ട സമ്മതം ഇതിനുപിന്നിൽ ഉണ്ട്. അവർക്ക് കൂടി പ്രയോജനം ഉണ്ടാവണം, എന്ന ചിന്തയുണ്ട് എങ്കിൽ, അത്



> റൂബെല്ലഫീവർ എന്നതും അതുണ്ടാക്കുന്ന പ്രശ്നങ്ങളും ഫലപ്രദമായ വാക്സിനും യാഥാർത്ഥ്യമായിരിക്കെ ഈ വാക്സിന് അത് കുത്തിവയ്ക്കുന്നതുമുതൽ 20 വർഷത്തെ പ്രവർത്തനശേഷി മാത്രമാണ് ഉള്ളത് എന്നസത്യം കുത്തിവയ്പ് എടുക്കാൻ നിർബന്ധിതരായ പെൺകുട്ടികൾക്കോ അവരുടെ മാതാപിതാക്കൾക്കോ അറിവുണ്ടായിരിക്കില്ല.[1]

പ്രായപൂർത്തിയാവാത്ത വിവാഹങ്ങളെ അറിഞ്ഞോ അറിയാതെയോ അനുകൂലിക്കുന്നുണ്ട്. സ്ത്രീവിരുദ്ധം എന്നതിലപ്പുറം റൂബെല്ല വാക്സിന്റെ മനുഷ്യാവകാശവിരുദ്ധവശങ്ങളാണിത്.

***റുബെല്ല വാക്സിന്റെ സ്ത്രീവിരുദ്ധതലങ്ങൾ***

വിവാഹിതരാകാൻ തീരുമാനിക്കുന്ന ഏതൊരു സ്ത്രീയൂം പുരുഷനും തനിക്ക് ജനിക്കുന്ന കുട്ടി വൈകല്യങ്ങളോടെ പിറന്നുവീഴണം എന്ന് ആഗ്രഹിക്കുകയില്ല. അപ്പോൾ വിവഹാതിരാകുന്നതിനു മുൻപ് ഈ വാക്സിൻ നിർബന്ധമായും എടുക്കണം എന്നായിരുന്നു പ്രചരിപ്പിച്ചത് എങ്കിൽ ജനങ്ങൾ അതിനോട് വിമുഖത കാണിക്കുമെന്ന് കരുതുകവയ്യ. 18വയസ്സിനുശേഷമുള്ള പെൺകുട്ടികൾക്ക് റൂബെല്ല വാക്സിൻ നൽകുന്നതിനെക്കുറിച്ച് അനുകൂലമായ അഭിപ്രായം ഭരണതലങ്ങളിൽ ഉണ്ടാകാതിരിക്കാൻ കാരണം ഭൂരിപക്ഷം പെൺകുട്ടികളും സ്കൂൾപഠനത്തിനുശേഷം വിവാഹിതരാകാനും കുടുംബജീവിതം നയിക്കാനും നിർബന്ധിക്കപ്പെടുന്നതിനാൽ 18 വയസ്സിനുശേഷം ഉപരിപഠനം തുടരാനുള്ള അവസരം നിഷേധിക്കപ്പെടുന്നുണ്ട് എന്നതാണ്. അതുമാത്രമല്ല, ബിരുദപഠനം നടത്തുന്ന കോളേജ് വിദ്യാർത്ഥിനികൾക്ക് നിർബന്ധമാക്കിക്കൊണ്ട് നടപ്പിൽവരുത്താൻ ശ്രമിച്ചാൽ സ്വാഭാവികമായും സ്കൂൾവിദ്യാർത്ഥികളേക്കാൾ സ്വാതന്ത്ര്യബോധമുള്ള കോളേജ് വിദ്യാർത്ഥിനികളാൽ ഈ വാക്സിന്റെ ഉദ്ദേശ്യങ്ങൾ ചോദ്യംചെയ്യപ്പെടും എന്ന് ഭരണതലങ്ങളിൽ ഉള്ളവർ ഭയപ്പെടുന്നുണ്ടാകണം.

രസകരമായ മറ്റൊരു

> ജാതിമതചിന്തകൾക്ക് അപ്പുറം സ്ത്രീയ്ക്ക് സ്വന്തം ജൈവധർമ്മം നിറവേറ്റുകയെന്ന കർമ്മം എത്രമാത്രം സുരക്ഷിതമായി നിർവഹിക്കണം എന്ന വിഷയത്തിൽ അവളെ ബോധവത്കരിക്കുന്നതിനപ്പുറം നിർബന്ധിച്ച് അതിന് വിധേയയാക്കുന്നത് ഒരേസമയം ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധവും മനുഷ്യാവകാശനിഷേധവുമാണ്.

വസ്തുത 20വർഷമെന്ന വാക്സിന്റെ പ്രവർത്തന കാലയളവാണ്. എട്ടാം ക്ലാസിൽ പഠിക്കുന്ന 11-12വയസ്സുള്ള ഒരു പെൺകുട്ടിക്ക് ഈ വാക്സിൻ നിർബന്ധമായി നൽകുമ്പോൾ 31-32വയസ്സിനു മുൻപ് വിവാഹിതയായി അമ്മയായിത്തീർന്നുകൊള്ളണം എന്നും നമ്മുടെ സർക്കാർ പറയാതെ പറയുന്നുണ്ട്. പ്രശ്നരഹിതമായ പ്രസവത്തിന് അനുയോജ്യമായ പ്രായം 30വയസ്സിൽ താഴെയാണെന്ന ശാസ്ത്രനിർദ്ദേശം ശരിയെന്നു സമ്മതിക്കുമ്പോൾത്തന്നെ സമകാലികകേരളത്തിലെ സ്ത്രീകളുടെ അവസ്ഥയിൽ വന്നമാറ്റം പരിഗണനയിലെടുത്തിട്ടില്ല. കേരളീയ നഗരങ്ങളിലെ ഒരു ന്യൂനപക്ഷം പെൺകുട്ടികളുടെയെങ്കിലും ശരാശരി വിവാഹപ്രായം 25-30ആയി ഉയർന്നുകഴിഞ്ഞു. അത് പരിഗണിക്കുമ്പോൾ 31 വയസിനു ശേഷമുള്ള പ്രസവങ്ങളുടെ എണ്ണത്തിലും വർദ്ധനയുണ്ടായിട്ടുണ്ട് എന്നത് സത്യമായ വസ്തുതയാണ്. 18 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾക്ക് കുത്തിവെയ്പ് എടുക്കുമ്പോൾ പ്രായപൂർത്തിയെത്തുന്നതിനു മുൻപ് വിവാഹിതകളാകാനും ഗർഭം ധരിക്കാനും സാധ്യതയുള്ള ഒരു ന്യൂനപക്ഷം പെൺകുട്ടികൾക്ക് കൂടി അതിന്റെ പ്രയോജനം കിട്ടണം എന്ന അപ്രഖ്യാപിത അജണ്ട ഉണ്ടെങ്കിൽ; വൈകിമാത്രം വിവാഹിതരാകാൻ ആഗ്രഹിക്കുന്ന നഗരങ്ങളിലെ ന്യൂനപക്ഷത്തിന് റൂബെല്ല വാക്സിന്റെ പ്രയോജനം ലഭിക്കില്ല. 11-12വയസ്സിനുള്ളിൽ നൽകുന്ന വാക്സിന്റെ കാലാവധിക്കുശേഷമാകും പ്രസ്തുത ന്യൂനപക്ഷത്തിന്റെ ഗർഭധാരണവും പ്രസവവും നടക്കുക. അങ്ങിനെവന്നാൽ അത്തരം ന്യൂനപക്ഷം വരുന്ന പെൺകുട്ടികളെ 11-12വയസ്സിൽ കുത്തിവെയ്പ് എടുപ്പിച്ചത് പാഴ്ശ്രമമായിത്തീരും.

ഗർഭധാരണവും പ്രസവവും സ്ത്രീകളുടെ മാത്രം ജൈവധർമ്മം ആണെങ്കിലും അത് നിർവഹിക്കണമോ വേണ്ടയോ എന്ന സ്ത്രീയുടെ സ്വയംനിർണയ അവകാശത്തിനുമേലുള്ള കൈകടത്തൽ കൂടി ആയിത്തീരുന്നുണ്ട് നിർബന്ധിത വാക്സിനേഷൻ. ഒരു പെൺകുട്ടി വളരുന്നത് ഗർഭം ധരിക്കാനും പ്രസവിക്കാനും മാത്രമാണെന്ന് പറഞ്ഞുപഠിപ്പിക്കുന്ന പുരുഷകേന്ദ്രിതസമൂഹത്തിന്റെ അപ്രഖ്യാപിത അജണ്ടകൂടിയായി വാക്സിനേഷൻ മാറുന്നത് ഇപ്രകാരമാണ്. ജൻമനാലുള്ള ശാരീരികവൈകല്യങ്ങൾമൂലം ഗർഭം ധരിക്കാനും പ്രസവിക്കാനും ശേഷിയില്ലാത്ത ഒരു ന്യൂനപക്ഷവും

അനാവശ്യമായി റൂബെല്ല വാക്സിനേഷനു വിധേയരാകുന്നുണ്ട് എന്നതും അവഗണിക്കാവുന്നതല്ല. സാഹചര്യങ്ങൾ കൊണ്ടോ സ്വന്തം ഇഷ്ടപ്രകാരമോ അവിവാഹിതയായി ജീവിക്കാനുള്ള ഒരു സ്ത്രീയുടെ അവകാശത്തെ ഉൾക്കൊള്ളാൻ ഇത്തരം വാക്സിനേഷൻ നിർബന്ധമാക്കിയ ഭരണവർഗ്ഗത്തിന് സാധിച്ചിട്ടില്ല. ക്രിസ്തീയമഠങ്ങളിലും ഹൈന്ദവആശ്രമങ്ങളിലും മറ്റും ആജീവനാന്തം കന്യകമാരായി ജീവിക്കുന്നവരെ/ജീവിക്കാൻ ആഗ്രഹിക്കുന്നവരെ റൂബെല്ല വാക്സിനേഷൻ എടുപ്പിക്കുന്നത് ഒരർത്ഥത്തിലും ന്യായീകരിക്കാവുന്നതല്ല. ജാതിമതചിന്തകൾക്ക് അപ്പുറം സ്ത്രീക്ക് സ്വന്തം ജൈവധർമ്മം നിറവേറ്റുകയെന്ന കർമ്മം എത്രമാത്രം സുരക്ഷിതമായി നിർവഹിക്കണം എന്ന വിഷയത്തിൽ അവളെ ബോധവത്കരിക്കുന്നതിനപ്പുറം നിർബന്ധിച്ച് അതിന് വിധേയയാക്കുന്നത് ഒരേസമയം ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധവും മനുഷ്യാവകാശനിഷേധവുമാണ്.

1.ഡോ.ഖദീജ മുംതാസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല അന്തർസർവകലാശാല സാഹിത്യോത്സവത്തിലെ ചോദ്യോത്തരപരിപാടിയിൽ വെളിപ്പെടുത്തിയത്.


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............. |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs....................................DD/MO അയക്കുന്നു. എന്ന്................................................

മേൽവിലാസം..................................................................................................................

..........................................................................................................പിൻ..............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



റിപ്പോർട്ട്

# ആദിവാസി ഗ്രാമസഭ നിയമത്തിനുവേണ്ടി ആദിവാസി പാർലമെന്റ്

**മാ**സങ്ങളോളം സെക്രട്ടറിയേറ്റിനു മുമ്പിൽ ഐതിഹാസികമായ നിൽപ്പുസമരത്തിലൂടെ ചരിത്രവിജയം നേടിയെടുത്ത ആദിവാസിഗോത്രമഹാസഭ ആദിവാസി പാർലമെന്റ് രൂപീകരിച്ച് കൊണ്ട് മുന്നേറുന്ന ആവേശകരമായ ഒരു ചിത്രമാണ് ഇന്ന് നമുക്കു മുന്നിൽ ചുരുൾ നിവരുന്നത്. ആദിവാസി സമരത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് നിൽപുസമരം. വംശനാശം വന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ ജീവിക്കാനും ആത്മാഭിമാനത്തോടെ നിലനിൽക്കാനും ഭൂമിയിൽ പണിചെയ്ത് ഉപജീവനം കണ്ടെത്താനുമുള്ള ജീവന്മരണപോരാട്ടത്തിന്റെ ഒരു മാതൃകയാണ് ഈ സമരമെന്ന് പറയാതെ വയ്യ. ഈ സമരം കടന്നുപോയ ചരിത്രവഴികളിലൂടെ...

**ആദിവാസി പാർലമെന്റിനെക്കുറിച്ച് ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സ് റിപ്പോർട്ട് :**

സംസ്ഥാനത്തെ എല്ലാ ആദിവാസിവിഭാഗങ്ങളേയും ആദിവാസിപ്രദേശങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ട് ഇരുന്നൂറ്റിഇരുപതോളം ആദിവാസിതലവന്മാരും സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ഒരു 'ആദിവാസിപാർലമെന്റ്' ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ഇക്കഴിഞ്ഞ ജനുവരി 25ാംതിയ്യതി ഞായറാഴ്ച നിലവിൽ വരികയുണ്ടായി. ഈ സംഭവം 'ചരിത്രപ്രധാന' മാണെന്ന് സംഘടന അവകാശപ്പെടുന്നു. ഭരണഘടനയുടെ 5ാംഷെഡ്യൂൾ പ്രകാരം രൂപീകരിക്കപ്പെടാൻ പോകുന്ന ആദിവാസി പഞ്ചായത്തുകളുടെ കരട് രേഖാചിത്രം ഈ പാർലമെന്റ് അംഗീകരിക്കുകയും, 1996ലെ പഞ്ചായത്ത് ആക്ട് PESA പ്രകാരം ആവശ്യമായ പരിഷ്കരണങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തു.

സെക്രട്ടറിയേറ്റിനു മുന്നിൽ 162 ദിവസങ്ങളോളം നടത്തിയ നിൽപ്പുസമരത്തിന്റെ വിജയകരമായ പരിസമാപ്തിയുടെ ആഘോഷകരമായ അന്തരീക്ഷത്തിലാണ് ഈ പാർലമെന്റ് ചേർന്നത്. സമരത്തിന്റെ അവസാനം സംസ്ഥാനത്ത് (PESA) ആക്ട് നടപ്പിലാക്കാൻ ഉടമ്പടി ചെയ്ത സർക്കാറിന്മേൽ കൂട്ടായ സമ്മർദ്ദം ചെലുത്തുന്നതെങ്ങനെയെന്ന് പാർലമെന്റ് ചർച്ച ചെയ്യുകയുണ്ടായി. ആദ്യഘട്ടത്തിൽ 5-ാംഷെഡ്യൂൾ പ്രകാരം ആദിവാസിസ്വതന്ത്രമേഖലയായി കണ്ണൂരിലെ ആറളം ഫാമും വയനാട്ടിലെ ആദിവാസി ഊരുകളും ഇടുക്കിയിലെ ഇടമലക്കുടിയും മലപ്പുറത്തെ ചോലനായ്ക്കപ്രദേശങ്ങളും പ്രഖ്യാപിക്കാൻ തയ്യാറാണെന്ന് സർക്കാർ താത്വികമായി അംഗീകരിച്ചതാണ്. നൂറുശതമാനവും ആദിവാസികൾ വസിക്കുന്ന ആദിവാസി ഊരുകൾ ഒരു വാർഡ് ആയി പ്രഖ്യാപിക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ PESA ക്ക് കീഴിൽ ആദിവാസിപഞ്ചായത്തുകൾ രൂപീകരിക്കണമെന്നും പാർലമെന്റ് അഭിപ്രായപ്പെട്ടു. ആദിവാസിപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനായി നിലവിലുള്ള പഞ്ചായത്തുകളുടെ ഭൂപടം പുനർനിർമ്മിക്കേണ്ടി വരുമെന്ന് അവർ പറഞ്ഞു. ഉദാഹരണത്തിന്, വയനാട്ടിൽ ഭൂരിപക്ഷം ആദിവാസികൾ വസിക്കുന്ന ഊരുകൾ വ്യത്യസ്ത പഞ്ചായത്തുകളിലാണിപ്പോഴുള്ളത്. അവ മാറ്റി എല്ലാം കൂടി ഒരു പുതിയ ആദിവാസി പഞ്ചായത്താക്കി മാറ്റേണ്ടതുണ്ട്. PESAയോട് തുല്യമായ സംസ്ഥാനനിയമം കൊണ്ടുവരുമ്പോൾ ആദ്യത്തെ ആക്ടിന്റെ എല്ലാവകുപ്പുകളും ഉൾക്കൊള്ളുകയും സംസ്ഥാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിയമങ്ങളിൽ പുതിയ നിയമത്തിന് അനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്നും പാർലമെന്റ് ആവശ്യപ്പെട്ടു.

ആദിവാസിപ്രദേശങ്ങളുടെ കരട് ഭൂപടം പാർലമെന്റ് അംഗീകരിച്ചു. അട്ടപ്പാടിയിലെ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ ഭൂപടം പത്തുദിവസങ്ങൾക്കുള്ളിൽ വിപുലീകരിക്കുമെന്നും തുടർന്ന് ഇത് സർക്കാറിന്

സമർപ്പിക്കുമെന്നും ഗോത്രമഹാസഭ നേതാവ് ഗീതാനന്ദൻ പ്രസ്താവിച്ചു. ആറളം കേരളത്തിലെ ആദിവാസികളുടെ സ്വപ്നഭൂമിയാണെന്നും ഇതിനെ ചവിട്ടിമെതിക്കാൻ ആര് മിനക്കെട്ടാലും അവരെ ശക്തമായി നേരിടുമെന്നും ഗീതാനന്ദൻ പറഞ്ഞു.

കേരളത്തിലെ ആദിവാസികളുടെ ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം ചരിത്രപരമായ ഒരു വഴിത്തിരിവിലെത്തിയിരിക്കുകയാണെന്നും അവകാശങ്ങൾക്കും നിലനിൽപ്പിനും വേണ്ടി പോരാടുന്ന വിഭാഗങ്ങൾക്കെല്ലാം ഈ സമരം ഒരു മാതൃകയായിരിക്കുകയാണെന്നും ഗോത്രമഹാസഭ ചെയർപേഴ്സൺ സി.കെ.ജാനു തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. "ഓരോ ജീവിയുടേയും ചെടിയുടേയും മൃഗങ്ങളുടേയും കാടുകളുടേയും ചൂഷണം കൂടാതെ ജീവിക്കുകയും സഹവർത്തിക്കുകയും ചെയ്യാൻവേണ്ടിയാണ്, അല്ലാതെ ഭൂമിക്കുവേണ്ടി മാത്രമുള്ളതല്ല ഈ സമരമെന്ന് വിശാലമായ ജനാധിപത്യസമൂഹം തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടുണ്ട്' എന്നവർ പറഞ്ഞു. സംസ്ഥാനത്ത് ചേരുന്ന ആദ്യത്തെ ആദിവസിപാർലമെന്റിനുവേണ്ടിയുള്ള പരിപാടികൾ ശനിയാഴ്ച മുതലാണ് ആരംഭിച്ചത്. നൂറുകണക്കിന് ജനങ്ങളാണ് എല്ലാഭാഗത്തുനിന്നും ഇതിൽ പങ്കെടുത്തത്.

162 ദിവസം ആദിവാസികൾ നടത്തിയ നിൽപ്പ് സമരം വിജയിച്ചു. ഇതോടെ 2001-ൽ ആന്റണി സർക്കാർ നടപ്പാക്കിയ ആദിവാസി പുനരധിവാസ പദ്ധതി പുനരാരംഭിക്കപ്പെടും. ജനാധിപത്യ കേരളത്തിൽ നാളിതുവരെ അംഗീകരിക്കപ്പെടാതിരുന്ന ഭരണഘടനയുടെ 244-ാം വകുപ്പ് പരിഗണിച്ച് ആദിവാസികളുടെ ഗ്രാമസഭാ നിയമം - ആദിവാസികളുടെ പഞ്ചായത്ത് - നടപ്പാക്കപ്പെടും. വയനാട്, അട്ടപ്പാടി, ആറളം ഫാം ഇടമലക്കുടി തുടങ്ങിയ മേഖലകളിലാണ് ആദ്യം നടപ്പാക്കുക. കേന്ദ്ര സർക്കാർ അനുമതി നൽകിയ 19,600 ഏക്കർ വനഭൂമി പതിച്ചു നൽകും. ആദിവാസി പ്രോജക്റ്റുകളിൽ (പ്രിയദർശിനി, ചിണ്ടക്കി, പോത്തുപ്പാടി, വരടിമല, കരുവര, വട്ടുലക്കി) വനാവകാശ നിയമമനുസരിച്ച് ഭൂമി നൽകും. ആറളം ഫാമിലെ പൈനാപ്പിൾകൃഷി അവസാനിപ്പിക്കും. ആദിവാസികളുടെ അഭിപ്രായം പരിഗണിച്ച് കാർഷിക പദ്ധതികൾ നടപ്പാക്കും. അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ സമഗ്ര കാർഷിക പദ്ധതി നടപ്പാക്കും; വേടൻ ഗോത്രത്തിന് പ്രത്യേക പാക്കേജ് നടപ്പാക്കും; മുത്തങ്ങയിൽ കുടിയിറക്കപ്പെട്ടവർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കും - ജയിലിലടക്കപ്പെട്ട കുട്ടികൾക്കും നാശനഷ്ടങ്ങൾ ഉണ്ടായവർക്കും നഷ്ടപരിഹാരം നൽകും. വ്യക്തിഗത വനാവകാശവും സാമൂഹിക വനാവകാശവും സമയബന്ധിതമായി നടപ്പാക്കും. നിൽപ്പ് സമരത്തിൽ ഉറച്ചുനിന്ന ആദിവാസികളോടൊപ്പം ജനാധിപത്യ മനസ്സാക്ഷി ഉറച്ചു നിന്നതാണ് സമരവിജയത്തിന് കാരണം. ദുർബ്ബലരായ ആദിവാസികളുടെ ഭൂമി കവർന്നെടുക്കുന്ന സംസ്കാരം കൈയ്യൊഴിയണമെന്ന പുതിയ തലമുറയുടെ ശക്തമായ ജനാധിപത്യ ബോധവും സമരവിജയത്തിന് കാരണമാണ്. നിൽപ്പ് സമര വിജയം വിലയിരുത്താനും, ആദിവാസി ഗ്രാമസഭാ നിയമത്തിന്റെ രൂപരേഖയ്ക്ക് അംഗീകാരം നൽകാനും **ജനുവരി 24-25 ന് കണ്ണൂർ ആറളം ഫാമിൽ ആദിവാസികളുടെ വിപുലമായ സഭ ചേരുകയാണ്.** മഹത്തായ ഈ പദ്ധതി വിജയിപ്പിക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**എം. ഗീതാനന്ദൻ**
(കോ- ഓർഡിനേറ്റർ
ആദിവാസി ഗോത്ര മഹാസഭ)

**സി.കെ. ജാനു**
അദ്ധ്യക്ഷ
ആദിവാസിഗോത്ര മഹാസഭ



# ഇമാലിന്യങ്ങളുടെ രസതന്ത്രം



സീമ ശ്രീലയം

പുത്തൻ സ്മാർട്ട്ഫോണുകൾ, സ്മാർട്ട് വാച്ചുകൾ, ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ, പാംടോപ്പുകൾ ഇങ്ങനെ സാങ്കേതികവിദ്യാ രംഗത്തെ വൻ കുതിച്ചുചാട്ടത്തിനൊപ്പം ഇലക്ട്രോണിക് ഉപകരണങ്ങൾ പുതു ഭാവത്തിലും രൂപത്തിലും വിപണി കൈയടക്കിക്കൊണ്ടിരിക്കുന്നു. കൈവശമുള്ള പഴയ ഫോൺ ഒഴിവാക്കി സ്മാർട്ട്ഫോണുകളും ടാബ്ലറ്റുമൊക്കെ സ്വന്തമാക്കുന്നവരുടെ എണ്ണം വർധിച്ചു കൊണ്ടുമിരിക്കുന്നു. ഇങ്ങനെ നൂതന ഇലക്ട്രോണിക് ഉപകരണങ്ങൾ സ്വന്തമാക്കി അഭിമാനിക്കുമ്പോൾ നാം വലിച്ചെറിയുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പൊല്ലാപ്പുകളെക്കുറിച്ച് ഒരു നിമിഷമെങ്കിലും ഓർക്കാറുണ്ടോ? ഇക്കൂട്ടത്തിൽ ലാപ്ടോപ്പുകളും കമ്പ്യൂട്ടർ, ടിവി, ഡിജിറ്റൽ ക്യാമറ, കളിപ്പാട്ടങ്ങൾ, റഫ്രിജറേറ്റർ, എസി, വാഷിങ് മെഷീൻ , ഫോട്ടോകോപ്പിയർ, സ്കാനർ, റേഡിയോ, സിഎഫ് എൽ , മെഡിക്കൽ ഉപകരണങ്ങൾ, യന്ത്രങ്ങളിലെ ഇലക്ട്രോണിക് ഭാഗങ്ങൾ, ചില സ്പോർട്സ് ഉപകരണങ്ങൾ, ബാറ്ററികൾ , മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയൊക്കെ

ഉൾപ്പെടുന്നു. ഇങ്ങനെ ലോകമെങ്ങും വലിച്ചെറിയപ്പെടുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഭൂമിക്ക് വൻ ഭീഷണിയായിക്കൊണ്ടിരി ക്കുകയാണെന്ന് പല പഠന റിപ്പോർട്ടുകളും അപായമണികൾ മുഴക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇമാലിന്യങ്ങളിൽ (ഇലക്ട്രോണിക് മാലിന്യങ്ങൾ) നിന്നും മണ്ണിലും വായുവിലും വെള്ളത്തിലുമൊക്കെ കലരുന്ന വിഷരാസവസ്തുക്കൾ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഒരു പോലെ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ലോകത്ത് പുറന്തള്ളപ്പെട്ട ഇമാലിന്യങ്ങളുടെ അളവ് ഏതാണ്ട് അൻപത് ദശലക്ഷം ടൺ വരുമെന്നാണ് യു.എന്നിന്റെ കണക്കുകൾ നൽകുന്ന സൂചന. ഇങ്ങനെ പോയാൽ ഭൂമി ഇ മാലിന്യങ്ങളുടെ കുപ്പത്തൊട്ടിയായി മാറാൻ അധിക കാലം വേണ്ടി വരില്ല. ബംഗളുരുവും കൊച്ചിയുമൊക്കെ ഇമാലിന്യങ്ങളാൽ ശ്വാസം മുട്ടുന്ന അവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഒട്ടും രസമുള്ളതല്ല ഇ മാലിന്യത്തിന്റെ രസതന്ത്രം. ലെഡ്, മെർക്കുറി, കാഡ്മിയം, ആർസെനിക്, ക്രോമിയം, ടിൻ, നിക്കൽ, കൊബാൾട്ട്, കോപ്പർ, ബേരിയം, ലിഥിയം, ഫ്ലെയിം റിട്ടാർഡന്റുകൾ,വിവിധ തരം പ്ലാസ്റ്റിക്കുകൾ തുടങ്ങി ഇ മാലിന്യങ്ങളിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കളുടെയും പദാർഥങ്ങളുടെയും ലിസ്റ്റ് കേട്ടാൽ ആരുമൊന്ന് ഞെട്ടും. അവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങളാവട്ടെ ഭീകരവും.

ശരീരത്തിൽ അമിതമായി മെർക്കുറി എത്താനിടയായാൽ ഉണ്ടാവുന്ന മിനമാത രോഗം, ശരീരത്തിൽ ലെഡിന്റെ അംശം വർദ്ധിക്കുന്നത് കൊണ്ടുണ്ടാവുന്ന പ്ലംബിസം എന്ന രോഗം, കാഡ്മിയത്തിന്റെ അംശം വർദ്ധിക്കുന്നതു കൊണ്ടുണ്ടാവുന്ന ഇത്തായ് ഇത്തായ് രോഗം ഇങ്ങനെ പോവുന്നു ഇമാലിന്യം വിതയ്ക്കുന്ന രോഗത്തിന്റെ പട്ടിക. ഇ മാലിന്യങ്ങളിലെ മാരക പദാർഥങ്ങളുടെ അശാസ്ത്രീയമായ സംസ്ക്കരണമാണ് മറ്റൊരു പ്രശ്നം, ഇവയിലെ പ്ലാസ്റ്റിക് ഭാഗങ്ങളാണെങ്കിൽ കാലങ്ങളോളം മണ്ണിൽ ജീർണ്ണിക്കാതെ കിടക്കും. ഇനി പ്ലാസ്റ്റിക്ക് കത്തിക്കുകയാണെങ്കിൽ അർബ്ബുദകാരികളായ ഡയോക്സിൻ പോലുള്ള വിഷവാതകങ്ങൾ പുറത്തുവരികയും ചെയ്യും.

വികസിത രാജ്യങ്ങളിൽ നിന്നും ഇമാലിന്യങ്ങൾ ഇവിടേക്ക് എത്തുന്നത് തടഞ്ഞേ തീരൂ. ഇലക്ട്രോണിക് ഉപകരണങ്ങളുടെ പുറമെയുള്ള ചട്ടക്കൂടും മറ്റും നിർമ്മിക്കാൻ പ്ലാസ്റ്റിക്കിനു പകരം പരിസ്ഥിതി സൗഹൃദ പദാർഥങ്ങൾ ഉപയോഗിക്കുക, ഘട്ടം ഘട്ടമായി വിഷസ്വഭാവമുള്ളതും ആരോഗ്യപ്രശ്ന ളുണ്ടാക്കുന്നതുമായ രാസവസ്തുക്കൾ ഒഴിവാക്കുക എന്നീ മാർഗ്ഗങ്ങളും ഇമാലിന്യ ഭീഷണി കുറയ്ക്കും.

ഇമാലിന്യത്തിന്റെ അപകടങ്ങളെക്കുറിച്ച് തികച്ചും ബോധ്യമുള്ള പല വികസിത രാജ്യങ്ങളും ഇ മാലിന്യം തള്ളാനുള്ള കുപ്പത്തൊട്ടിയായി വികസ്വര രാജ്യങ്ങളെ കാണുന്നു. 1992 ലെ ബാസൽ കരാർ അനുസരിച്ച് ഇമാലിന്യങ്ങളുടെ രാജ്യാന്തരകൈമാറ്റം തടഞ്ഞിട്ടുണ്ട്.എന്നിട്ടും അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങൾ അവരുടെ ഇ മാലിന്യങ്ങളിൽ വലിയൊരു ഭാഗം കണ്ടെയ്നറുകളിലാക്കി ഏഷ്യയിലേക്കും ആഫ്രിക്കയിലേക്കും ഒക്കെയാണ് കയറ്റി അയക്കുന്നത്.

വികസിത രാജ്യങ്ങളിൽ നിന്നും ഇമാലിന്യങ്ങൾ ഇവിടേക്ക് എത്തുന്നത് തടഞ്ഞേ തീരൂ. ഇലക്ട്രോണിക് ഉപകരണങ്ങളുടെ പുറമെയുള്ള ചട്ടക്കൂടും മറ്റും നിർമ്മിക്കാൻ പ്ലാസ്റ്റിക്കിനു പകരം പരിസ്ഥിതി സൗഹൃദ പദാർഥങ്ങൾ ഉപയോഗിക്കുക, ഘട്ടം ഘട്ടമായി വിഷസ്വഭാവമുള്ളതും ആരോഗ്യപ്രശ്ന ളുണ്ടാക്കുന്നതുമായ രാസവസ്തുക്കൾ ഒഴിവാക്കുക എന്നീ മാർഗ്ഗങ്ങളും ഇമാലിന്യ ഭീഷണി കുറയ്ക്കും. ഇലക്ട്രോണിക് മാലിന്യങ്ങളുടെ കാര്യക്ഷമമായ സംസ്ക്കരണത്തിന് ശാസ്ത്രീയവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ നടപ്പാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിപണിയിൽ ലഭ്യമാവുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗം കഴിയുമ്പോൾ അതിന്റെ നിർമ്മാതാക്കൾ തന്നെ തിരിച്ചെടുത്ത് ശാസ്ത്രീയമായി റീസൈക്കിൾ ചെയ്യുകയും സംസ്ക്കരിക്കുകയും ചെയ്യുക എന്നതാണ് മറ്റൊരു മാർഗ്ഗം.



റിപ്പോർട്ട്

തയ്യാറാക്കിയത് :
**അമ്പിളി സുധീർ**

# അന്വേഷി 'ഷോർട്ട് സ്റ്റേ ഹോം' ഉദ്ഘാടനം

**അ**ന്വേഷിയുടെ വർഷങ്ങളായുള്ള പ്രവർത്തനത്തിന്റെ ശ്രമഫലമായി ഒരു 'ഷോർട്ട് സ്റ്റേ ഹോം' എന്ന മോഹനസ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. കോഴിക്കോട് മെഡിക്കൽകോളേജ് – മൂഴിക്കൽ റോഡിൽ വിരുപ്പിൽ എന്ന പ്രദേശത്താണ് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ ഉദ്ഘാടനം 'പ്രജ്വല'യുടെ സ്ഥാപകയായ ശ്രീമതി സുനിതാകൃഷ്ണൻ നിർവ്വഹിച്ചു. 2015 ജനുവരി 24നായിരുന്നു ചടങ്ങ്. അന്ന് നടത്തിയ ഉദ്ഘാടന പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ:

ഞാൻ ഏറെ ആരാധിക്കുന്ന വ്യക്തിയോടൊപ്പം (അജിത) ഇരിക്കുക, ഉദ്ഘാടനം ചെയ്യുക എന്നൊക്കെയുള്ളത് ഒരു സ്വപ്നം പോലെ തോന്നുന്നു. ഒരു ഷോർട്ട് സ്റ്റേ ഹോം കേരളത്തിൽ സ്ഥാപിതമാക്കാൻ എത്രത്തോളം ബുദ്ധിമുട്ടുണ്ടാകുമെന്ന് നേരിട്ട് അറിയാവുന്ന ഒരു വ്യക്തിയാണ് ഞാൻ. കേരളത്തിലെ സാഹചര്യങ്ങൾ അറിയാം, രാഷ്ട്രീയമറിയാം. ഇതിനെയൊക്കെ മറികടന്ന് അന്വേഷി ഇന്ന് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഇതൊരു ചെറിയ കാര്യമല്ല. ഹൈദരാബാദിൽ പ്രജ്വല എന്ന സ്ഥാപനത്തിനു കീഴിൽ നാലു ഷോർട്ട്സ്റ്റേഹോമുകൾ ഞാൻ നടത്തുന്നുണ്ട്, ലൈംഗികപീഡനത്തിന് ഇരയായവർക്കുള്ള സുരക്ഷക്കായ്. എന്നാൽ ഇത്തരം കുട്ടികളെ നമ്മുടെ പരിസരത്ത് താമസിപ്പിക്കാൻ കൊള്ളില്ല, ഇതൊരു ദുഷ്പ്പേരാണ് എന്നീ കാര്യങ്ങൾ ആക്ഷേപിച്ച് കല്ലെറിഞ്ഞോടിച്ച അവസ്ഥ വരെ ഞങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. അതും പട്ടാപ്പകൽ. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിന്നുകൊണ്ട് സ്വന്തമായിട്ടൊരു കെട്ടിടം എന്നത് എത്രമാത്രം സുരക്ഷിതത്ത്വമാണ് നമുക്ക് തരുന്നത്. അതിന്റെ നിറവ് അജിതക്കും

അന്വേഷിയിലെ മുഴുവൻ ടീമിനും അവകാശപ്പെട്ടതാണ്. നമ്മളെ ഇവിടെ നിന്നാരും പുറത്താക്കില്ല. ഇവിടെ നമ്മൾ പരിപൂർണ്ണ സുരക്ഷിതരാണ്. സുരക്ഷയുടെ തണലിലിരുന്നുകൊണ്ട് ജീവിതത്തിലുണ്ടായ എല്ലാ ദുരന്തങ്ങളേയും അഭിമുഖീകരിക്കാനുള്ള ശക്തി നമുക്ക് കിട്ടും. അതിനുള്ള നല്ല ഒരിടത്താവളമാണ് ഈ ഷോർട്ട് സ്റ്റേ ഹോം. വളരെ മനസ്സുനിറഞ്ഞ് പ്രാർത്ഥനയോടെയാണ് ഈയൊരു സമാഗമത്തിന് ഞാൻ എത്തിച്ചേർന്നത്. ചരിത്രം സൃഷ്ടിക്കുന്നതിന്റെ നിമിഷങ്ങളിൽ ഞാനും പങ്കാളിയായിരിക്കുന്നു. ഇതിനു പിറകിൽ പ്രവർത്തിച്ച എല്ലാവരേയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ ഷോർട്ട് സ്റ്റേ ഹോമിന്റെ പ്രാധാന്യം വളരെ വലുതാണ്. ഈ നാട് ഇനി ലൈംഗികപീഡനം സഹിക്കില്ല. കർശനമായ ശിക്ഷാനടപടിയുമായി വന്ന ക്രിമിനൽ ലോ അമന്റ്മെന്റ് ആക്ട് 2013 ഇതിനുള്ള തെളിവാണ്. ഇന്ന് ഒരാൾ ലൈംഗിക ആക്രമണം നടത്തിയാൽ 15-16 വർഷം അല്ലെങ്കിൽ ജീവപര്യന്തം തടവ് അനുഭവിക്കണം. അതിനാൽ ഇരയാക്കപ്പെട്ട സ്ത്രീയുടെ മൊഴി വളരെ പ്രാധാന്യമുള്ളതാണ്. മൊഴി കൊടുക്കണമെങ്കിൽ സുരക്ഷിതമായ ഇടം അവർക്ക് ഒരുങ്ങിക്കിട്ടണം. അത് നമ്മുടെ സമൂഹം ഒരിക്കലും നൽകില്ല. സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റാൻ നൂറുവർഷമെടുത്താലും കഴിഞ്ഞെന്നുവരില്ല. 26 വർഷം മുമ്പ് അതായത് 16 വയസ്സിൽ കൂട്ട മാനഭംഗത്തിനിരയായ വ്യക്തിയാണ് ഞാൻ. അന്ന് ഞാനനുഭവിച്ച കുത്തുവാക്കുകൾ, ഒറ്റപ്പെടുത്തലുകൾ എല്ലാം തന്നെ ഇന്ന് മാനഭംഗത്തിനിരയായ ഓരോ പെൺകുട്ടിയും അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്ന ദുരവസ്ഥക്ക് മാറ്റമില്ല. അതേ സമയം ശക്തമായ നിയമം വന്ന സാഹചര്യത്തിൽ ഇരയാക്കപ്പെട്ട സ്ത്രീയുടെ മൊഴിക്ക് വലിയ പ്രാധാന്യമുണ്ട്. ഒപ്പം അവരുടെ സുരക്ഷയ്ക്കും. അതിനാൽ ഷോർട്ട് സ്റ്റേ ഹോമിന്റെ വലിയൊരു ആവശ്യകത സമൂഹത്തിനുണ്ട്. അങ്ങനെ നോക്കുമ്പോൾ വലിയൊരു ദൗത്യമാണ് അന്വേഷി ഏറ്റെടുത്തിരിക്കുന്നത്. നമുക്കോരോരുത്തർക്കും കഴിയുന്ന തുക ദിവസേന ഇത്തരം മഹത്തരമായ കാര്യത്തിന് മാറ്റിവെക്കണം. കഴിഞ്ഞ മാസം നെൽസൺമണ്ടേല അവാർഡ് എനിക്ക് ലഭിച്ചു. അവാർഡ് തുകയിൽ നിന്ന് 50,000 രൂപ ഞാൻ അന്വേഷിക്കായി സമർപ്പിച്ചിരിക്കുന്നു. ഷോർട്ട് സ്റ്റേ ഹോമിന് എല്ലാ ആശംസകളും നേരുന്നു.

Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara